# 15 -ാം കേരള നിയമസഭ

# 2 -ാം സമ്മേളനം

2021 ജൂലൈ 26, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--375]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി | : 611 മുതൽ 773 വരെ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി | : 774 മുതൽ 873 വരെ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 874 മുതൽ 967 വരെ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി | : 968 മുതൽ 985 വരെ |

**<u>അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ</u>**

611 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉൾപ്പടെ ഉപയോഗപ്പെടുത്തി അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പാക്കി വരുന്ന വിവിധ പ്രവൃത്തികൾ ഏതൊക്കെയെന്നും ഇവയ്ക്കായി അനുവദിച്ച തുകയും വ്യക്തമാക്കാമോ; ഓരോ പദ്ധതിയുടെയും നിർവ്വഹണ ഏജൻസി, പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്നിവ വിശദമാക്കാമോ;

(ബി) ഇനിയും നിർമ്മാണം ആരംഭിക്കാത്തതോ തടസ്സപ്പെട്ടതോ ആയ ഏതെങ്കിലും പ്രവൃത്തി നിലവിലുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**<u>കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>**

612 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നു കൊണ്ടിരിക്കുന്നത്; ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ടെൻഡർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരം തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ കണ്ണനെല്ലൂർ ടൗൺ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടിയാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(സി) കുണ്ടറ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിലെ ബിൽഡിംഗ്സ് വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നു കൊണ്ടിരിക്കുന്നത്; ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ, ടെൻഡർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരം തിരിച്ച് നൽകാമോ?

## ചാവക്കാട് കോടതിക്ക് പുതിയ കെട്ടിടം

613 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് കോടതിക്ക് പുതിയതായി സമുച്ചയം നിർമ്മിയ്ക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) 36.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ നടത്തിയ തുടർനടപടികൾ വ്യക്തമാക്കാമോ?

## ചാത്തന്നൂർ മിനി സിവിൽസ്റ്റേഷൻ നിർമ്മാണം

614 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം കൊല്ലം ഡിവിഷൻ എക്സിക്യൂട്ടിവ് എൻജിനീയറുടെ നിർവ്വഹണ ചുമതലയിൽ ചാത്തന്നൂർ മിനി സിവിൽസ്റ്റേഷനിൽ വിവിധ ഫണ്ടുകളുപയോഗിച്ച് നിലവിൽ എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ചാത്തന്നൂർ മിനി സിവിൽസ്റ്റേഷന്റെ രണ്ടാം നില നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ ;

(സി) ചാത്തന്നൂർ മിനി സിവിൽസ്റ്റേഷന്റെ രണ്ടാം നില നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; എങ്കിൽ അവ എന്തെല്ലാമെന്നും ആയത് പരിഹരിക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## പൊതുമരാമത്ത് വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

615 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ 2016-21 കാലയളവിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) ഭരണ - സാങ്കേതിക അനുമതികൾ ലഭിച്ച പ്രവൃത്തികളിൽ ഇനിയും ആരംഭിക്കുവാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അവയ്ക്കുള്ള കാലതാമസം എന്താണെന്നും വിശദമാക്കാമോ?

## പ്രവൃത്തികളുടെ ഗുണനിലവാരം

616 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## കെട്ടിട നിർമ്മാണത്തിലുള്ള കാലതാമസം

617 **ഡോ സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി .ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം നിർമ്മാണം നടത്തുന്ന കെട്ടിടങ്ങളുടെ ഡിസൈൻ, സോയിൽ ടെസ്റ്റ് തുടങ്ങിയ കാര്യങ്ങളിൽ ഉണ്ടാകുന്ന വലിയ കാലതാമസം ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

618 **ശ്രീ. എൻ.കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെണ്ടർ ക്ഷണിക്കുന്നതിനും കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ കാലതാമസം വന്ന പ്രവൃത്തികളുടെ വിവരങ്ങൾ വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് സാധിക്കാതെ വന്നതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടി വന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

619 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ പുരോഗമിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിവരം പൊതുമരാമത്ത് കെട്ടിടം, റോഡ്, പാലങ്ങൾ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ?

## ശബരിമല പിൽഗ്രിം സെന്റർ

620 **ശ്രീ പ്രമോദ് നാരായൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യപ്പഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ശബരിമല പിൽഗ്രിം സെന്റർ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി

എന്താണെന്ന് അറിയിക്കുമോ ;

(ബി) റിവൈസ്ഡ് എസ്റ്റിമേറ്റ് / റീ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെങ്കിൽ ആയതിന് കാലതാമസം നേരിടുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

## എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് യൂണിറ്റ്

621 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത വിഭാഗത്തിന്റെ സേവനം ഏതൊക്കെ മേഖലകളിൽ പ്രയോജനപ്പെടുത്തുന്നുവെന്ന് വെളിപ്പെടുത്തുമോ?

## കോട്ടയം ബസ് ഡിപ്പോയിലെ പുതിയ ബ്ലോക്കിന്റെയും യാർഡിന്റെയും നിർമ്മാണം

622 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിയ്ക്കുന്ന കോട്ടയം കെ.എസ്.ആർ.ടി.സി ബസ് ഡിപ്പോയിലെ പുതിയ ബ്ലോക്കിന്റെയും യാർഡിന്റെയും നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാകുമെന്നറിയിക്കാമോ?

## പൊതുമരാമത്ത് പ്രവർത്തനങ്ങൾക്കായി കർമ്മപദ്ധതി

623 **ശ്രീ. പി. ടി. തോമസ്**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാത്തത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എസ്റ്റിമേറ്റുകൾ സമർപ്പിച്ചതിനു ശേഷം ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതും പൂർണ്ണമായും ഭരണാനുമതി ലഭിക്കാത്തതും വകുപ്പിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഭരണാനുമതി തേടി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സാഹചര്യത്തിൽ റേറ്റ് റിവിഷൻ ഉണ്ടാകുന്നത് പദ്ധതി നിർവ്വഹണത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ;

(ഡി) എങ്കിൽ മേൽപ്പറഞ്ഞ പോരായ്മകൾ അടിയന്തരമായി പരിഹരിച്ചുകൊണ്ട് പ്രോജക്ടുകൾ യഥാസമയം പൂർത്തികരിക്കുവാൻ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ?

## കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

624 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന 2016 ന് ശേഷം നാളിതുവരെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ സാങ്കേതികാനുമതി, കരാർ ഏറ്റെടുത്ത തീയതി എന്നിവയും നിലവിലുള്ള പ്രവൃത്തികളുടെ പുരോഗതിയും വിശദമാക്കാമോ?

## കൊല്ലം മണ്ഡലത്തിലെ ദേശീയപാത വികസനം

625 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലപരിധിയിൽ പൊതുമരാമത്ത് വകുപ്പിന് ദേശീയപാത വിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി 2019-20 മുതൽ 2020-21 വരെ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന വിവരം ലഭ്യമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

626 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

## കെട്ടിട നിർമ്മാണത്തിന് പുതിയ സാങ്കേതിക വിദ്യകൾ

627 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ കെട്ടിട നിർമ്മാണത്തിന് ഏതൊക്കെ പുതിയ സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അതിവേഗം കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുന്ന ഏതൊക്കെ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രീ എഞ്ചിനീയറിംഗ് സാങ്കേതികവിദ്യ മുഖേന കെട്ടിട നിർമ്മാണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ ;

(ഡി) പ്രീ എഞ്ചിനീയറിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നത് വഴി നിർമ്മാണത്തിന്റെ വേഗതയും ഗുണമേന്മയും മെച്ചപ്പെടുത്താൻ സാധിക്കുമോ എന്നത് വ്യക്തമാക്കാമോ;

(ഇ) പൊതുമരാമത്ത് വകുപ്പിൽ നൂതന സാങ്കേതിക വിദ്യകൾ

പ്രാവർത്തികമാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ആണ് നിലവിൽ ഉള്ളത് എന്ന് അറിയിക്കാമോ;

(എഫ്) പുതിയ സാങ്കേതിക വിദ്യകൾ പരിശീലിപ്പിക്കുന്നതിന് നിലവിലുള്ള പരിശീലന പരിപാടികൾ വ്യക്തമാക്കാമോ?

## റോഡ് മെയിന്റനൻസ്

628 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിൻ കീഴിലെ റോഡുകളിലെ കുണ്ടും കുഴിയും നികത്താനും യഥാസമയം അറ്റകുറ്റപ്പണി ഉറപ്പാക്കാനും ഇവ സമയബന്ധിതമായി നടത്താതെ കൃത്യ വിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ ഉറപ്പു വരുത്താനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ സംബന്ധിച്ച് എത്ര പരാതികൾ ഈ സർക്കാരിന്റെ കാലയളവിൽ വകുപ്പിന് ലഭ്യമായി; എത്ര കേസ്സുകളിൽ നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

## പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലങ്ങളിലെ കൈയ്യേറ്റം

629 **ശ്രീ . എൻ . ഷംസുദീൻ**
**ഡോ. എം.കെ . മുനീർ**
**ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന വിധം പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലങ്ങൾ കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കൈയ്യേറ്റങ്ങൾ നടന്നുവെന്നാണ് പരിശോധനയിൽ കണ്ടെത്തിയത്;

(സി) പ്രസ്തുത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

## അഴീക്കോട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

630 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച പ്രവൃത്തികളിൽ ഇനിയും ആരംഭിക്കാനുള്ളവയും അവയുടെ കാലതാമസത്തിനുള്ള കാരണവും എന്താണെന്ന് അറിയിക്കാമോ;

(സി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ

631 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ 2016-21 കാലയളവിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പുതിയതായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദവിവരം നൽകാമോ?

## അമ്പലപ്പുഴ മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പദ്ധതികൾ

632 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉൾപ്പടെ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന വിവിധ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ പേരും തുകയും അവയുടെ നിലവിലെ അവസ്ഥയും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും റോഡ് പദ്ധതി അംഗീകാരം ലഭിക്കുന്നതിനായി കിഫ്ബിയിൽ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഗ്രാമീണ റോഡ് ഏറ്റെടുക്കൽ

633 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 5 കിലോമീറ്ററിലധികം ദൈർഘ്യമുള്ളതും ഒ.ഡി.ആർ. സ്റ്റാറ്റസിൽ ഉള്ളതുമായ ഗ്രാമീണ റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കാൻ നടപടി ഉണ്ടാകുമോ;

(ബി) തദ്ദേശഭരണ വകുപ്പിന് ഫണ്ടില്ലാത്തതിനാൽ പരിഷ്കരിക്കാൻ കഴിയാത്ത ഇത്തരം റോഡുകൾ ഒറ്റത്തവണ റീടാർ ചെയ്യാൻ ഫണ്ട് അനുവദിക്കുമോ?

## റീടാറിങ്

634 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുങ്ങൽചോല-പിലാക്കൽ- പൂഴങ്കാവ് റോഡിന്റെ 4.5 കി.മീ. മുതൽ 7.9 കി.മീ. വരെ റീടാറിങ് ചെയ്യുന്നതിന് എസ്.എൽ.ടി.എഫ്.ൽ ഉൾപ്പെടുത്തി നാല്പത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ചിരുന്നോ; ഈ പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ഗതാഗതം സുഗമമാക്കാൻ വേണ്ടി പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## റാന്നി മണ്ഡലത്തിലെ സർക്കാർ കെട്ടിടങ്ങൾ

635 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മണ്ഡലത്തിൽ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളാണ് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത്; വാടക തുക സഹിതം പട്ടികയായി

ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ വാടക കെട്ടിടങ്ങളിൽ നിന്ന് സർക്കാർ കെട്ടിടങ്ങളിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുവാൻ വേണ്ട പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പി. ഡബ്ല്യൂ.ഡി. (ബിൽഡിംഗ്സ്) വിഭാഗം മുഖേന റാന്നിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ഭരണാനുമതിയുടെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

**അസ്സറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് മുഖേനയുള്ള വെയിറ്റിംഗ് ഷെഡ്ഡുകളുടെ നിർമ്മാണം**

636 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽ അസ്സറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് മുഖേന നടപ്പാക്കുന്ന വെയ്റ്റിംഗ് ഷെഡ്ഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രതീക്ഷ, റിക്ക് എന്നീ പൊതുമരാമത്ത് വകുപ്പ് സ്ഥാപനങ്ങളെ ഏൽപ്പിച്ചുവെങ്കിലും ഇപ്പോഴും പദ്ധതി യാഥാർത്ഥ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റിക്ക് പ്രസ്തുത പദ്ധതി ഇപ്പോൾ നടപ്പാക്കുന്നുണ്ടോ എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി റിക്ക് ആർക്കാണ് കൈമാറിയിരിക്കുന്നത് എന്നറിയിക്കാമോ;

(ഡി) പ്രസ്തുത വെയ്റ്റിംഗ് ഷെഡ്ഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും പ്രവർത്തനങ്ങളുടെ മേൽനോട്ടം ആർക്കാണെന്നും അറിയിക്കാമോ?

**പി.ഡബ്ള്യൂ.ഡി. സബ് ഡിവിഷൻ**

637 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾക്ക് മുൻപ് രൂപീകൃതമായ കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നീ താലൂക്കുകളിൽ പി.ഡബ്ള്യൂ.ഡി. സബ് ഡിവിഷനുകൾ (റോഡ്സ്, ബിൽഡിംഗ്സ് ഉൾപ്പെടെ) അനുവദിക്കാൻ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ സബ് ഡിവിഷൻ ഓഫീസുകൾ എന്ന് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

638 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-2021) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നീ വിഭാഗങ്ങൾ എത്ര വികസന പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്; അവ ഏതെല്ലാം; വിശദമാക്കാമോ ?

**വടകര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

639 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പിലെ വിവിധ വിഭാഗങ്ങൾക്ക് കീഴിൽ വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ വിഭാഗവും വടകരയിൽ പദ്ധതികൾക്കായി ചെലവാക്കിയ ആകെ തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടപ്പാക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയ ശേഷം നടപ്പാക്കാനാകാത്ത പദ്ധതികളുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## <u>കോഴിക്കോട് ജില്ലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ</u>

640 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പ്രവൃത്തികളുടെ കരാറുകൾ വളരെ കുറഞ്ഞ നിരക്കിൽ ഏറ്റെടുക്കുന്ന മററ് ജില്ലകളിൽ നിന്നുള്ള കരാറുകാർ പ്രവൃത്തികളിൽ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) നിർമ്മാണരംഗത്ത് മുൻപരിചയം ഇല്ലാത്ത ഇത്തരം കരാറുകാരുടെ കാര്യത്തിൽ സൂക്ഷ്മ പരിശോധനയ്ക്കും നടപടിക്കും വകുപ്പ് തയ്യാറാകുമോ; വിശദമാക്കാമോ?

## <u>വൈപ്പിൻ മണ്ഡലത്തിലെ റോഡ് നിർമ്മാണം</u>

641 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ തുക അനുവദിച്ചിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) തുക അനുവദിച്ചിട്ടുള്ള നിർമ്മാണപ്രവൃത്തികളുടെ ഭരണാനുമതിയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) ഭരണാനുമതിക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

## <u>നെല്ലിയാമ്പതി റോഡ് പുനർനിർമ്മാണം</u>

642 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ തകർന്ന നെല്ലിയാമ്പതി റോഡിന്റെ പുനർനിർമ്മാണത്തിനായി റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ പ്രവൃത്തി

സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

## പുതുക്കാട് മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം

643 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിച്ച കോടാലി-വെള്ളിക്കുളങ്ങര റോഡ്, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ്, മലയോര ഹൈവേ എന്നിവയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) എങ്കിൽ തടസ്സങ്ങൾ നീക്കുന്നതിനും വനം വകുപ്പിന്റെ അനുമതി ഉൾപ്പെടെയുള്ളവ ലഭ്യമാക്കി നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഇരിക്കൂർ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം

644 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും പൊതുമരാമത്ത് റോഡുകൾ നബാർഡിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി നവീകരിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്നറിയിക്കാമോ;

(ബി) താവുകുന്ന് – പോത്തുകുണ്ട് – നടുവിൽ റോഡ്, പുലിക്കുരുമ്പ – പുറഞ്ഞാൺ റോഡ് എന്നിവ ഈ ഫണ്ടിൽ ഉൾപ്പെടുത്തി നവീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നബാർഡിന്റെ ഫണ്ടുപയോഗിച്ച് മറ്റ് ഏതെങ്കിലും പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## പട്ടിക്കാട് -ആക്കപറമ്പ് റോഡ് നവീകരണം

645 **ശ്രീ. യു.എ.ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ സംസ്ഥാന പാതയായ മുള്ള്യാകർശ്ശി പാണ്ടിക്കാട് റോഡിൽ പട്ടിക്കാട് മുതൽ ആക്കപറമ്പ് വരെ ഗതാഗതം ദുസ്സഹമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; പ്രസ്തുത ഭാഗങ്ങൾ വീതി കൂട്ടി ബി.എം. & ബി.സി. ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## പൂതപ്പാറ-നീർക്കടവ് റോഡ്

646 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് മണ്ഡലത്തിൽ 2017-18 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പൂതപ്പാറ-നീർക്കടവ് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് 183 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## തങ്കളം-കാക്കനാട് നാലുവരിപ്പാത

647 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മനയ്ക്കടവിൽ നിന്ന് ആരംഭിച്ച് കോതമംഗലം മണ്ഡലത്തിലെ തങ്കളം ജംഗ്ഷനിൽ എത്തിച്ചേരുന്ന നിർദ്ദിഷ്ട തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മാരിയൽ കലുങ്ക് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണം

648 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മണ്ഡലത്തിലെ മാരിയിൽ കലുങ്ക് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള ഡ്രാഫ്റ്റ് ഡിക്ലറേഷനുള്ള തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## തേവർകാട് -ചാലേച്ചിറ - വെള്ളാമിത്ര - ലൂർദ് മാതാ ചർച്ച് റോഡിന്റെ പരിഷ്കരണം

649 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ജനങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമായ തേവർകാട്- ചാലേച്ചിറ - വെള്ളാമിത്ര - ലൂർദ് മാതാ ചർച്ച് റോഡ് പരിഷ്കരിക്കുന്നതിലെ കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;;

(ബി) 2008 ലെ തണ്ണീർത്തട നിയമം വരുന്നതിനു മുൻപേ ഉപയോഗത്തിലുള്ള ഈ റോഡ് തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്നതെങ്ങനെയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് , കാലതാമസം കൂടാതെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ അടിയന്തിരമായി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

## ചാലക്കുടി നഗരസഭ ജംഗ്ഷനിലെ അടിപ്പാത

650 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ ചാലക്കുടി നഗരസഭ ജംഗ്ഷന് സമീപത്തായി ആരംഭിച്ച അടിപ്പാതയുടെ നിർമ്മാണപ്രവർത്തനത്തിലെ പുരോഗതിയില്ലായ്മയും കാലതാമസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിപ്പാതയുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി സത്വര നടപടി സ്വീകരിക്കുമോ?

## എറവ്-വാടാനപ്പള്ളി റോഡ് നവീകരണം

651 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-വാടാനപ്പള്ളി റോഡിൽ എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള ഭാഗം നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണ്;

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് നവീകരണം

652 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയേയും ചങ്ങനാശ്ശേരിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന എ. സി. റോഡിന്റെ നവീകരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പരിഷ്ക്കരണം ഉണ്ടാക്കുന്ന ഗുണങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തി നവീകരണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മേപ്പടി റോഡിന്റെ നവീകരണം സംബന്ധിച്ച് ഒട്ടനവധി വ്യാജ പ്രചാരണങ്ങൾ നടക്കുന്ന സാഹചര്യത്തിൽ ജനങ്ങളെ വിശ്വാസത്തിലെടുത്ത് നിർമ്മാണം ദ്രുതഗതിയിൽ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കരുവന്തല-ചക്കംകണ്ടം റോഡ്

653 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കരുവന്തല-ചക്കംകണ്ടം റോഡിന്റെ നിർമ്മാണ പ്രവൃത്തിക്കുള്ള കരാർ വച്ച തീയതി എന്നാണ്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണം ആരംഭിച്ചതെന്നാണെന്നും പ്രവൃത്തിയുടെ ഇതുവരെയുള്ള പുരോഗതി എന്താണെന്നും അറിയിക്കാമോ;

(ഡി) കരാർ പ്രകാരം എന്നാണ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ?

## ആലുവ-മൂന്നാർ റോഡ് പുനർനിർമ്മാണം

654 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-പോരുമ്പൻകുത്ത് റോഡ് (പഴയ ആലുവ-മൂന്നാർ രാജപാത) പുനർനിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആലുവയിൽ നിന്നും ആരംഭിച്ച് കോതമംഗലം, തട്ടേക്കാട്, കുട്ടമ്പുഴ, പൂയംകുട്ടി, തോൾനട, കുഞ്ചിയാറ്, കരിന്തിരി, പെരുമ്പൻകുത്ത്, മാങ്കുളം, 50-ാം മൈൽ വഴി മൂന്നാറിലെത്തുന്ന പ്രസ്തുത റോഡ് 1924-ലെ വെള്ളപ്പൊക്കം (99-ലെ വെള്ളപ്പൊക്കം) മൂലം കരിന്തിരിമല ഇടിഞ്ഞ് സഞ്ചാര യോഗ്യമല്ലാതായിത്തീർന്ന ശേഷം പുനർനിർമ്മിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മൂന്നാർ വിനോദ സഞ്ചാര മേഖലയിലേക്ക് 20 കി.മി ദൂരത്തിലധികം കുറവ് വരുന്നതും കയറ്റിറക്കങ്ങൾ ഇല്ലാത്തതും ടൂറിസം വികസനത്തിന് വലിയ സാധ്യത തുറന്നുതരുന്നതുമായ പ്രസ്തുത റോഡ് പുനർനിർമ്മിച്ച് സഞ്ചാരയോഗ്യമാക്കിയാൽ കോതമംഗലത്തെ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടമ്പുഴ, പൂയംകുട്ടി, കല്ലേലിമേട്, ഉരുളൻ തണ്ണി, പിണവൂർകുടി തുടങ്ങിയ പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനുതകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരളത്തിന്റെ സമഗ്ര ടൂറിസം വികസനത്തോടൊപ്പം മൂന്നാറിലേക്കുള്ള സമാന്തര പാതയായും കൂടി ഉപയോഗിക്കുവാൻ കഴിയുന്ന പ്രസ്തുത റോഡ് പുനർനിർമ്മിച്ച് സഞ്ചാര യോഗ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## നെന്മാറ മണ്ഡലത്തിലെ റോഡ് നിർമ്മാണം

655 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് ബി.എം. & ബി.സി.യായി നിർമ്മാണം നടത്താനുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ അടിയന്തരമായി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## എരത്തിമാവ്-മാവൂർ-മെഡിക്കൽ കോളേജ് റോഡ് പരിഷ്കരണ പ്രവൃത്തി

656 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ എരത്തിമാവ് -മാവൂർ-മെഡിക്കൽ കോളേജ് റോഡ് പരിഷ്കരണ പ്രവൃത്തി നിർദ്ദേശം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ചമ്പക്കുളം പാലത്തിന്റെ അപ്രോച്ച് റോഡ്

657 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചമ്പക്കുളം ഫൊറോന ദേവാലയത്തോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ചമ്പക്കുളം പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പുതുക്കി നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകും എന്ന് വ്യക്തമാക്കുമോ ;

(സി) കുട്ടനാട്ടിലെ പാലങ്ങളും കലുങ്കുകളും നിർമ്മിക്കുമ്പോൾ അപ്രോച്ച് റോഡ് കരിങ്കല്ല് കെട്ടി നിർമ്മിക്കുന്നത് മൂലം പിന്നീട് ഇടിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത പരിഗണിച്ച് അവിടെ നിർമ്മിക്കുന്ന എല്ലാ കലുങ്കുകളുടെയും പാലങ്ങളുടെയും അപ്രോച്ച് റോഡ് കോൺക്രീറ്റിൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

## കോഴിക്കോട് - പാലക്കാട് ദേശീയ പാതയിലെ റംപിൾ സ്ട്രിപ്പ്

658 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - പാലക്കാട് ദേശീയ പാതയിൽ മലപ്പുറം മുതൽ ജില്ലാ അതിർത്തിയായ പതിനൊന്നാം മൈൽ വരെ അപകടകരമാം വിധം റോഡിൽ റംപിൾ സ്ട്രിപ്പ് സ്ഥാപിച്ചതുമൂലം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അശാസ്ത്രീയമായ റംപിൾ സ്ട്രിപ്പ് മൂലം ആംബുലൻസ് അടക്കം അപകടത്തിൽപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കോഴിക്കോട് - പാലക്കാട് ദേശീയ പാതയിൽ മറ്റൊരു സ്ഥലത്തും ഇല്ലാത്ത രൂപത്തിൽ മലപ്പുറം മുതൽ രാമനാട്ടുകാര വരെ മാത്രം റംപിൾ സ്ട്രിപ്പ് സ്ഥാപിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) റംപിൾ സ്ട്രിപ്പ് പലയിടത്തും ഹമ്പ് ആയി മാറിയതിനാൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും റംപിൾ സ്ട്രിപ്പ് എടുത്തുകളയുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

## കൊടുവള്ളി ബൈപാസ് നിർമ്മാണ പദ്ധതി

659 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി ബൈപാസ് നിർമ്മാണ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സൂക്ഷ്മ പരിശോധനാ പഠനം പൂർത്തിയാക്കിയിട്ടുണ്ടോ?

## പെരുമ്പടപ്പ് ബണ്ട് റോഡ് നിർമ്മാണം

660 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ പെരുമ്പടപ്പ് പഞ്ചായത്തിനെയും ചെറവല്ലൂരിനെയും ബന്ധിപ്പിക്കുന്ന കായൽ പ്രദേശത്ത് കൂടി പോകുന്ന ബണ്ട് റോഡിനായി 2019-20ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയതാണെങ്കിലും ഇതുവരെ മണ്ണ് പരിശോധനയും ഡിസൈൻ പ്ളാനും പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ബണ്ട് റോഡിന്റെ പൂർത്തീകരണം നടത്തുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ?

## നെന്മാറ മണ്ഡലത്തിലെ ബൈപ്പാസ് റോഡുകളുടെ നിർമ്മാണം

661 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം ബൈപ്പാസ് റോഡുകളുടെ നിർമ്മാണത്തിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ബൈപ്പാസ് റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഈ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

## വൈപ്പിൻ-മുനമ്പം റോഡ് വികസനം

662 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഗതാഗത പദ്ധതിയിൽ ഉൾപ്പെടുത്തി വൈപ്പിൻ-മുനമ്പം റോഡിന്റെ വികസനത്തിനായി തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് കെ.എസ്.റ്റി.പി. യും വകുപ്പും സംയുക്ത തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായും കാര്യക്ഷമമായ നടത്തിപ്പിനായും സംയുക്ത സ്ഥലപരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ?

## വയനാട്-മുണ്ടേരി-നിലമ്പൂർ റോഡ്

663 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിന്നും മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ എത്തിച്ചേരണമെങ്കിൽ നിലവിലുള്ള റോഡുകൾ (കോഴിക്കോട്-താമരശ്ശേരി, തമിഴ്നാട്-നാടുകാണി ) വഴി എത്ര കിലോമീറ്റർ ദൂരം യഥാക്രമം സഞ്ചരിക്കണമെന്ന് അറിയിക്കാമോ;

(ബി) വയനാട്ടിലെ ചൂരൽമല, മലപ്പുറത്തെ മുണ്ടേരി എന്നീ പ്രദേശങ്ങളിലെ

പൊതുമരാമത്ത് റോഡുകളുടെ മീൻ സീ ലെവൽ (എം.എസ്.എൽ.) എത്രയാണെന്ന് വിശദമാക്കാമോ;

(സി) നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഭാഗമായി ചൂരൽമലയിൽ നിന്നും മുണ്ടേരിയിലേക്കുള്ള കണക്ടിവിറ്റിക്ക് തയ്യാറാക്കിയ രൂപരേഖയും ദൂരമടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) ഈ രൂപരേഖ തയ്യാറാക്കിയത് ആരാണെന്നും എങ്ങനെയാണെന്നും എന്നാണെന്നും വനം വകുപ്പിന്റെ സഹകരണത്തോടെയാണോ എന്നും വ്യക്തമാക്കാമോ?

**മഞ്ചേരി നിയോജക മണ്ഡലത്തിൽ തുടിയൻമല-കോടശ്ശേരി റോഡ് പ്രവൃത്തി**

664 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജക മണ്ഡലത്തിൽ തുടിയൻമല-കോടശ്ശേരി റോഡ് പ്രവൃത്തി ധ്രുതഗതിയിൽ നടക്കുന്നതിനിടെ കോൺട്രാക്ടർ മരണപ്പെട്ട് പ്രവൃത്തി നിലച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രവൃത്തി എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**ആകാശപാതയുടെ നിർമ്മാണം**

665 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നഗരത്തിൽ നിർമ്മാണം നിലച്ചിരിക്കുന്ന ആകാശപാത പുനർനിർമ്മിക്കാനുള്ള തടസ്സങ്ങൾ എന്താണ്;

(ബി) എത്ര മാസത്തിനുള്ളിൽ പ്രസ്തുത ആകാശപാതയുടെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

**ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

666 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത എത്ര പി.ഡബ്ല്യു. ഡി. റോഡുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) ഓരോ റോഡിനും അനുവദിച്ചിരിക്കുന്ന തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

**കന്താൾ മിശ്രിത നിർമ്മാണം**

667 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് രൂപപ്പെടുന്ന കുഴികൾ അടയ്ക്കുന്നതിനായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത കന്താൾ മിശ്രിതം ഫലപ്രദമാണോയെന്ന്

വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ തുടർ നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>മലയോര ഹൈവേ</u>**

668 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മലയോര ഹൈവേയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ ?

**<u>നാദാപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

669 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബി വഴി പ്രഖ്യാപിച്ച റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ബി) മൂന്നാംകൈ-കരിങ്ങാട് റോഡ് കിഫ്ബി വഴി ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ പി.എം.ജി.എസ്.വൈ. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

**<u>ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്ക പാത</u>**

670 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-വയനാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി- മേപ്പാടി തുരങ്കപാത പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പദ്ധതിയുടെ രൂപരേഖ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>ആലപ്പുഴ ബൈപ്പാസുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ</u>**

671 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നാഷണൽ ഹൈവേ ബൈപ്പാസ് റോഡിന്റെ ഫ്ലൈ-ഓവർ അവസാനിക്കുന്നിടങ്ങളിൽ സർവ്വീസ് റോഡിനോട് ചേർന്നുള്ള കാനകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) കുതിരപ്പന്തിയിൽ സർവ്വീസ് റോഡിനോടനുബന്ധിച്ചുള്ള കാനയുടെ മുൻ ഭാഗം തുറന്നുകിടക്കുന്നതു മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി

സ്ലാബിടുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം കാനകളിൽ നീരൊഴുക്കില്ലാതെ, വെള്ളം കെട്ടിനിൽക്കുന്നതും കൊതുക് ശല്യം ഉണ്ടാകുന്നതും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സർവ്വീസ് റോഡ് റെയിൽ ട്രാക്കിന് സമീപം വന്ന് യു ടേൺ പോകുന്ന സ്ഥലത്ത് നിന്ന് 300 മീറ്റർ വടക്ക ഭാഗത്തേയ്ക്ക് പുതിയ റോഡു നിർമ്മിച്ചാൽ തെക്ക് കിഴക്ക് ജില്ലകളിൽ നിന്നും ആലപ്പുഴ-ബീച്ച്-റെയിൽ സ്റ്റേഷൻ എന്നിവിടങ്ങളിലേക്കും തീരദേശ റോഡിലേയ്ക്കും വേഗം എത്താൻ കഴിയുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത സർവ്വീസ് റോഡിൽ നിന്ന് മുന്നൂറുമീറ്റർ പുതിയ റോഡ് നിർമ്മിച്ച് റെയിൽ സ്റ്റേഷന്റെ സൗത്ത് ഗേറ്റിലേയ്ക്കോ വെറ്റക്കാരൻ - വട്ടയാൽ റോഡിലേയ്ക്കോ ബന്ധിപ്പിച്ചാൽ ചുരുങ്ങിയ ചെലവിലും സമയത്തിലും വലിയൊരു ഗതാഗതമാർഗ്ഗം തുറന്നുവരുമെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതു സംബന്ധിച്ച് പരിശോധന നടത്തി അടിയന്തര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

## <u>കുറ്റ്യാടി മണ്ഡലത്തിലെ ആയഞ്ചേരി കടമേരി റോഡിലെ വെള്ളക്കെട്ട്</u>

672 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ആയഞ്ചേരി കടമേരി റോഡിൽ വെള്ളക്കെട്ട് കാരണം പ്രയാസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിൽ വെള്ളക്കെട്ട് ഒഴിവാക്കി ഗതാഗതയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) വെള്ളക്കെട്ട് ഒഴിവാക്കുന്ന വിധത്തിൽ, റോഡ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പ്രത്യേക നിർദ്ദേശങ്ങൾ നിലവിലുണ്ടോയെന്നറിയിക്കാമോ;

(ഡി) നിലവിലെ റോഡ് ലെവലും വിഭാവനം ചെയ്യുന്ന റോഡ് ലെവലും ആസ്പദമാക്കിയാണോ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) ഡ്രെയിനേജ്, കൾവേർട് എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ?

## <u>മാനന്തവാടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ</u>

673 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ന് ശേഷം മാനന്തവാടി മണ്ഡലത്തിൽ ആകെ എത്ര കിലോമീറ്റർ റോഡാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ബി.എം.&ബി.സി. നിലവാരത്തിലേക്കുയർത്തിയത്;

(ബി) പ്രസ്തുത മണ്ഡലത്തിൽ ആകെ എത്ര കിലോമീറ്റർ റോഡാണ് പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഉള്ളത്;

(സി) പാടേ തകർന്ന് ഗതാഗതയോഗ്യമല്ലാത്ത ഏതെങ്കിലും പൊതുമരാമത്ത് വകുപ്പ് റോഡുകൾ മണ്ഡലത്തിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

## താനൂർ ഭാഗത്ത് അപ്രോച്ച് റോഡ് നിർമ്മാണം

674 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടിയെയും താനൂർ മണ്ഡലത്തിലെ താനൂരിനെയും ബന്ധിപ്പിക്കുന്ന കെട്ടുങ്ങൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ട് വർഷങ്ങളായെങ്കിലും താനൂർ ഭാഗത്ത് അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപ്രോച്ച് റോഡിന്റെ നിർമ്മാണ പുരോഗതി വിശദീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കളൻതോട് - കൂളിമാട് റോഡ് നവീകരണം

675 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ഭരണാനുമതി ലഭ്യമാക്കിയ കളൻതോട് - കൂളിമാട് റോഡിന്റെ പ്രവൃത്തി കരാറുകാരൻ ഉപേക്ഷിച്ചു പോയതിനാൽ മുടങ്ങിക്കിടക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി പുന:രാരംഭിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രവൃത്തി പുനരാരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ഡി) റോഡ് പാതിവഴിയിൽ ഉപേക്ഷിച്ചു പോയതിനാൽ പൊതുജനങ്ങൾക്കുള്ള പ്രയാസം പരിഗണിച്ച് പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

## തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി - നാടുകാണി പാത

676 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി - നാടുകാണി പാത നവീകരണ പ്രവൃത്തിയുടെ പരപ്പനങ്ങാടി മുതൽ കക്കാട് വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയിൽ മണ്ഡലത്തിൽ ഏതെല്ലാം ഭാഗത്ത് ഡ്രൈനേജ് നിർമ്മിക്കുന്നുണ്ടെന്ന് വിശദീകരിക്കുമോ?

## നാടുകാണി-പരപ്പനങ്ങാടി പാതയിലെ പ്രവൃത്തി

677 **ശ്രീ. യു.എ.ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരാളുങ്കൽ സഹകരണ സംഘം പ്രവൃത്തി ഏറ്റെടുത്ത നാട്ടുകാണി-പരപ്പനങ്ങാടി പാതയിൽ മഞ്ചേരി മണ്ഡലത്തിലെ തൃക്കലങ്ങോട് പഞ്ചായത്തിലെ ചീനിക്കൽ മുതൽ മഞ്ചേരി ജസീല ജംഗ്ഷൻ വരെ പ്രവൃത്തി നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ; ഗതാഗതം ദുസ്സഹമായ ഈ പാത വീതി കൂട്ടി ഗതാഗതയോഗ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്;

(ബി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പാത എന്ന് നവീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## റോഡരുകിൽ പാർക്ക് ചെയ്തിരിക്കുന്ന പഴക്കമുള്ള വാഹനങ്ങൾ

678 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഹൈവേ ഉൾപ്പെടെ വിവിധ റോഡുകളുടെ അരികിൽ പാർക്ക് ചെയ്തിട്ടുള്ള തൊണ്ടി ഉരുപ്പടികൾ ഉൾപ്പെടെയുള്ള പഴക്കമുള്ള വാഹനങ്ങൾ പൊതുജനങ്ങൾക്ക് യാത്രാക്ലേശവും അവയിൽ നിന്ന് ഇഴജന്തുക്കൾ ഉൾപ്പെടെയുള്ളവയുടെ ഭീഷണിയും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവ റോഡുകളുടെ വശങ്ങളിൽ നിന്നും ഒഴിവാക്കി റോഡുകളിൽ യാത്രാ സൗകര്യവും ഇഴജന്തുക്കളുടെ ഭീഷണിയും അകറ്റാൻ സമയബന്ധിതമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ശാസ്ത്രീയ പഠനം

679 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളിലെയും പ്രധാന റോഡുകളിലെയും പ്രധാന ജംഗ്ഷനുകളിലെയും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ശാസ്ത്രീയ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തുന്നത്; എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

## സംസ്ഥാനത്തെ പി.ഡബ്ള്യു.ഡി. റോഡുകൾ

680 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ള്യു.ഡി. റോഡുകൾ പലതും കുഴികൾ രൂപപ്പെട്ട് വാഹനയാത്രക്കാർക്ക് ഭീഷണിയാകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിവിധ വകുപ്പുകൾ പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിച്ച് പൈപ്പുകളും, കേബിളുകളും സ്ഥാപിക്കുന്നത് മൂലം റോഡുകൾ തകർന്നുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് സർക്കാർ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ?

## <u>പാറശ്ശാല മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ</u>

681 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ പേരും ദൈർഘ്യവും തരംതിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ നവീകരണത്തിനായി അനുമതി ലഭിച്ച മണ്ഡലത്തിലെ റോഡുകളുടെ പേരുവിവരവും തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ;

(സി) മണ്ഡലത്തിൽ കിഫ്ബി വഴി അനുമതി ലഭിച്ച റോഡുകൾ, തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## <u>വാമനപുരം മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ</u>

682 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിന്റെ പരിധിയിൽ എത്ര കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡ് ഉണ്ടെന്ന് അറിയിക്കാമോ;

(ബി) അതിൽ എത്ര കിലോമീറ്റർ ദൂരം ആധുനിക രീതിയിൽ നവീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നവീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ചവയിൽ പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ഡി) ഒരു പദ്ധതിയിലും ഉൾപ്പെടാത്തതും നവീകരിക്കേണ്ടതുമായ റോഡുകൾ ഏതൊക്കെയെന്നും അവ നവീകരിക്കുന്നതിന് ആവശ്യമായ തുക എത്രയെന്നും വിശദമാക്കാമോ?

## <u>റിംങ് ബണ്ട് റോഡ് നിർമ്മാണം</u>

683 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്ത് നിവാസികളുടെ യാത്രാക്ലേശത്തിനും കായലിൽ നിന്ന് ഉപ്പുവെള്ളം ജനവാസകേന്ദ്രങ്ങളിലേക്ക് കയറുന്നതിനും പരിഹാരമായി നിർദ്ദേശിക്കപ്പെട്ട റിങ് ബണ്ട് റോഡ് യാഥാർത്ഥ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>കണ്ണാടി - പന്നിക്കോട് റോഡ് പ്രവൃത്തി</u>

684 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന പ്രഖ്യാപിച്ച കണ്ണാടി - പന്നിക്കോട്

റോഡ് പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

## മുക്കിലപീടിക റോഡിന്റെ രണ്ടാം റീച്ച്

685 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ പി.എച്ച്. സെന്റർ മുക്കിലപീടിക റോഡിന്റെ രണ്ടാം റീച്ചിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിന്ന് 2021 വർഷത്തിൽ ഭരണാനുമതിയ്ക്ക് വേണ്ടി എത്ര പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്; അവ ഏതെല്ലാം; പ്രസ്തുത പ്രൊപ്പോസലുകൾ സി.ഇ. അംഗീകരിച്ചിട്ടുണ്ടോ;

(സി) 2021 വർഷത്തിൽ പൊതുമരാമത്ത് സി.ഇ. എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; സർക്കാർ ഭരണാനുമതി നൽകിയത് എത്ര പ്രവൃത്തികൾക്കാണ്; അവ ഏതെല്ലാമെന്ന് വിശദമാക്കുമോ?

## നെടുമുടി – കരുവാറ്റ റോഡ് നിർമ്മാണം

686 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ നെടുമുടി- കരുവാറ്റ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) നിർദ്ദിഷ്ട റോഡിന്റെ ഭാഗമായി എത്ര പാലങ്ങൾ നിർമ്മിക്കുന്നതിനാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളതെന്നും പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം എന്തെന്നും വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും നെടുമുടി- കരുവാറ്റ റോഡിന്റെയും അതിനോടനുബന്ധിച്ചുള്ള പാലങ്ങളുടേയും നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

## റാന്നി മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ

687 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശദാംശങ്ങൾ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടും പൂർത്തിയാക്കുവാൻ സാധിക്കാത്ത റോഡുകളുടെ പട്ടിക കാലതാമസകാരണം സഹിതം ലഭ്യമാക്കാമോ;

(സി) കെ.എസ്.ടി.പി. വഴി നടപ്പിലാക്കി വരുന്ന റോഡുകളുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## വല്ലാർപാടം റിങ്ങ് ബണ്ട് റോഡ്

688 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്ന വൈപ്പിൻ മണ്ഡലത്തിലെ വല്ലാർപാടം റിങ്ങ് ബണ്ട് റോഡിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സമുദ്ര നിരപ്പ് ഉയരുന്നതിനാലും വേലിയേറ്റത്താലും ബുദ്ധിമുട്ടുന്ന പ്രദേശവാസികളുടെ യാത്രാക്ലേശം കണക്കിലെടുത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി പോർട്ട് ട്രസ്റ്റ്, ഇറിഗേഷൻ, മുളവുകാട് പഞ്ചായത്ത് ഉൾപ്പെടെയുള്ള വകുപ്പുകളുടെ കൈവശമുള്ള സ്ഥലം വിട്ടുകിട്ടുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) സ്ഥലം വിട്ടുകിട്ടുന്നതിനായി നൽകിയിട്ടുള്ള കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## <u>പുതിയങ്ങാടി -ഉള്ള്യേരി -കുറ്റ്യാടി റോഡ് വീതി കൂട്ടൽ</u>

689 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയങ്ങാടി- ഉള്ള്യേരി -കുറ്റ്യാടി റോഡ് വീതി കൂട്ടി പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലേയ്ക്ക് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## <u>ഇടിമുഴിക്കൽ ആഗ്രശാല റോഡ് റീച്ച് നവീകരണം</u>

690 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ഇടിമുഴിക്കൽ ആഗ്രശാല റോഡ് റീച്ച് ബി.എം. & ബി.സി ചെയ്ത് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## <u>എക്സൈസ് കടവിലെ പാലം നിർമ്മാണം</u>

691 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ എക്സൈസ് കടവിലെ പാലം നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് നിലവിലുള്ള ഫയലുകളുടെ വിശദാംശം വെളിപ്പെടുത്താമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പാലത്തിന് ഭരണാനുമതി എന്നത്തേക്ക് നൽകുവാൻ സാധിക്കുമെന്നറിയിക്കാമോ?

## ഹരിപ്പാട് കോരംകുഴി പാലം

692 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള കോരംകുഴി പാലത്തിന്റെ ഭരണാനുമതി വൈകുന്നതിന്റെ കാരണം എന്തെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത വർക്കിന് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പാലങ്ങൾ

693 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച കുണ്ടുചിറ പാലം, പുളിഞ്ഞോളിക്കടവ് പാലം എന്നീ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് ഇതുവരെ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങൾ ആണ് ഉള്ളതെന്നും ആയത് ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

## ചിറമംഗലം റെയിൽവേ മേൽപ്പാലം

694 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ ചിറമംഗലം റെയിൽവേ മേൽപ്പാലത്തിന്റെ പ്രവൃത്തിക്കാവശ്യമായ ഭരണാനുമതി ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

## മൂന്നാറിൽ ഫ്ലൈഓവർ നിർമ്മാണം

695 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ ഉൾപ്പെട്ട മൂന്നാറിൽ ഫ്ലൈഓവർ പണിയുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## കൃഷ്ണപുരം മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാലം

696 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കിഫ്ബിയുടെ തുക വിനിയോഗിച്ച് നിർമ്മാണം

നടത്തുന്നതിനുവേണ്ടി ഭരണാനുമതി ലഭിച്ച കൃഷ്ണപുരം മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാലം പദ്ധതിയുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

**<u>മാക്കേകടവ് - നേരെകടവ് പാലത്തിന്റെ നിർമ്മാണം</u>**

697 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച മാക്കേകടവ് - നേരെകടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ പ്രക്രിയ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പാതിവഴിയിൽ പ്രവർത്തനം നിലച്ച പ്രസ്തുത പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ?

**<u>കരുവാറ്റക്കടവ് പാലത്തിന്റെ നിർമ്മാണം</u>**

698 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി, കൊടുവള്ളി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കരുവാറ്റക്കടവ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

**<u>മുനമ്പത്ത്ക്കടവ് പാലം നിർമ്മാണം</u>**

699 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് ബേപ്പൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പുല്ലിപ്പുഴയ്ക്ക് കുറുകെയുള്ള മുനമ്പത്ത്ക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി ഡി.പി.ആർ തയാറാക്കി ആവശ്യമായ ഭരണാനുമതി വാങ്ങുന്നതിന് വകുപ്പ് തലത്തിൽ നിർദ്ദേശം നൽകാമോ?

**<u>കോരംകുഴി പാലത്തിന്റെ നിർമ്മാണം</u>**

700 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള കോരംകുഴി പാലത്തിന് ഭരണാനുമതി വൈകുന്നതിന്റെ കാരണം വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## **പുതുതായി നിർമ്മിച്ച പാലങ്ങൾ**

701 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ പുതുതായി എത്ര പാലങ്ങൾ നിർമ്മിച്ച് ഗതാഗതത്തിനായി തുറന്ന് കൊടുത്തിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## **മാവേലിക്കരയിൽ പുതിയ പാലങ്ങൾ**

702 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ചത്തിയറ, കൽകുളത്താൻ, ദൈവപ്പുരക്കൽ എന്നീ പാലങ്ങൾ നിർമ്മിക്കുവാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലങ്ങളുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് പാലങ്ങൾ വിഭാഗം സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## **മുതിയം പാലം നിർമ്മാണം**

703 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മുതിയം ബീച്ചിലെ മുതിയം പാലം നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) മുതിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പാലം നിർമ്മാണത്തിന് സർക്കാർ കണ്ടെത്തുന്ന സാമ്പത്തിക സ്രോതസ്സ് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

## **ബിയ്യം കായലിന് കുറുകെയുള്ള കുണ്ടുകടവ് പാലം**

704 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജക മണ്ഡലത്തിൽ ഗുരുവായൂർ - ആൽത്തറ - പൊന്നാനി റോഡിൽ ബിയ്യം കായലിന് കുറുകെയുള്ള കുണ്ടുകടവ് പാലം അപകടത്തിലാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ബ്രിഡ്ജ് കണ്ടീഷൻ ഇൻഡക്സ് പ്രകാരം പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണം അത്യാവശ്യമാണെന്ന റിപ്പോർട്ടിൻമേൽ പുനർ നിർമ്മാണത്തിന് അടിയന്തര നടപടി കൈക്കൊള്ളുമോ?

## **വെങ്ങര റെയിൽവേ മേൽപ്പാലം**

705 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനാകര്യ അനുമതി ലഭിച്ച് 02.11.2020-ന് ടെണ്ടർ ഉടമ്പടി ഒപ്പുവെച്ച വെങ്ങര റെയിൽവേ മേൽപ്പാല നിർമ്മാണം, റെയിൽവേയുടെ മുകളിലുള്ള സ്പാൻ ഡിസൈൻ ചെയ്ത് റെയിൽവേയുടെ അംഗീകാരം ലഭിക്കാത്തതിനാൽ എട്ടു മാസം കഴിഞ്ഞിട്ടും തുടങ്ങാൻ കഴിയാത്തതിനാൽ, പ്രസ്തുത അംഗീകാരം എത്രയും വേഗം ലഭ്യമാക്കി പ്രവൃത്തി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

## കുണ്ടറ പള്ളിമുക്ക് മേൽപ്പാലം

706 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തിന്റെ കീഴിൽ വരുന്ന കുണ്ടറ പള്ളിമുക്ക് മേൽപ്പാലവുമായി ബന്ധപ്പെട്ട പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

## പരപ്പനങ്ങാടി ചെട്ടിപ്പടി റെയിൽവേ മേൽപ്പാലം

707 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി ചെട്ടിപ്പടി റെയിൽവേ മേൽപ്പാലത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മേൽപാലത്തിന്റെ നിർമ്മാണം ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

## പരപ്പുഴ പാലം പുനർനിർമ്മാണം

708 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ അമല-പാവറട്ടി റോഡിലെ പരപ്പുഴ പാലം പുനർനിർമ്മിക്കുന്നതിനുള്ള അടങ്കൽ തുക എത്രയാണ്;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പരപ്പുഴ പാലത്തിന്റെ സർവ്വീസ് റോഡ് പൊളിച്ചുമാറ്റിയതെന്നാണ്;

(ഡി) സർവ്വീസ് റോഡ് പൊളിച്ചുമാറ്റാനുണ്ടായ സാഹചര്യം അറിയിക്കാമോ;

(ഇ) സർവ്വീസ് റോഡ് പൊളിച്ച് മാറ്റിയതിനാൽ ഉണ്ടാകുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള താല്ക്കാലിക സംവിധാനങ്ങളും നടപടികളും എന്തൊക്കെയാണ്;

(എഫ്) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## കാക്കനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

709 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കായംകുളം തിരുവല്ല റോഡിൽ കാക്കനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്തൊക്കെയെന്ന് വിശദമാക്കാമോ?

## പെരുമ്പ പുതിയ പാലം നിർമ്മാണം

710 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതി യുടെ രണ്ടാം വർഷമായ 2018-19 ൽ ദേശീയ പാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്ന ഹെഡിൽ ഉൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിലെ പെരുമ്പ പുതിയ പാലം നിർമ്മാണം എന്ന പ്രവൃത്തിക്ക് തുക നീക്കിവെച്ചിരുന്നോ എന്നറിയിക്കാമോ;

(ബി) എങ്കിൽ ആയതിന്റെ തുടർ നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(സി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## അകലാപ്പുഴ നടേരികടവ് പാലങ്ങളുടെ പ്രവൃത്തി

711 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഫണ്ട് അനുവദിക്കപ്പെട്ട അകലാപ്പുഴ നടേരികടവ് പാലങ്ങളുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന വിശദാംശം ലഭ്യമാക്കാമോ;

(ബി) അകലാപ്പുഴ പാലത്തിന്റെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; ഇക്കാര്യത്തിൽ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) നടേരികടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കലിനായി വകുപ്പ് സ്വീകരിച്ച പ്രാരംഭ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണം

712 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും ഇനി ഏതെല്ലാം പ്രവൃത്തികളാണ് നിർവ്വഹിക്കാനുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്ത് തടസ്സമാണുള്ളതെന്നും അത്

പരിഹരിക്കുന്നത് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

## കാഞ്ഞിരപ്പള്ളി - എരുമേലി റോഡിലെ പാലം നവീകരണം

713 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി - എരുമേലി റോഡിലെ ഇരുപത്തിയാറാം മൈൽ ജംഗ്ഷനിലുള്ള പാലം അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എഴുപത് വർഷം പഴക്കമുള്ളതും ശബരിപാതയിൽ ഉൾപ്പെടുന്നതുമായ പ്രസ്തുത പാലം പുതുക്കിപണിയുന്നതിനായി ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ?

## ഉദ്യോഗസ്ഥർക്കെതിരെ നടപടി ശുപാർശ

714 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളിലെ ക്രമക്കേടുകൾ ധനകാര്യപരിശോധനാവിഭാഗം പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി ശുപാർശ ചെയ്ത് സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) കൊല്ലം ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യപരിശോധനാവിഭാഗം നൽകിയ റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണത്തിന് വിജിലൻസിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കൊല്ലം ജില്ലയിൽ ധനകാര്യപരിശോധനാവിഭാഗം കണ്ടെത്തിയതിന് സമാന സ്വഭാവമുള്ള ക്രമക്കേടുകൾ തൃശ്ശൂർ റോഡ്സ് ഡിവിഷൻ കാര്യാലയത്തിലും അനുബന്ധ ഓഫീസുകളിലും കണ്ടെത്തിയതിനെ തുടർന്ന് സ്വീകരിച്ച വകുപ്പുതല നടപടികൾ (സ.ഉ. (സാധാ)നം. 425/2020/പൊ.മ.വ തീയതി 04.05.2020) ഇവിടെ സ്വീകരിക്കുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

## ഭാരത് മാല പദ്ധതി

715 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത് മാല പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം റോഡുകൾ നിർമ്മിക്കുന്നുണ്ടെങ്കിൽ സംസ്ഥാനത്ത് ഇതുവരെ അപ്രകാരം എത്ര റോഡുകൾ നിർമ്മിച്ചിട്ടുണ്ടെന്നും അവയുടെ പേരുകളും ചെലവഴിച്ച തുകയും സഹിതം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് പുതിയതായി ഭാരത് മാല പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ നിർമ്മിക്കാൻ ധാരണയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഏതെല്ലാം റോഡുകൾ എത്ര കിലോമീറ്ററിലാണ് നിർമ്മിക്കുന്നതെന്നും

ഓരോ റോഡിനും ചെലവഴിക്കുന്ന തുക എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ഇ) റോഡുകളുടെ നിർമ്മാണം എപ്പോൾ തുടങ്ങുമെന്നും ഭാരത് മാല റോഡുകളുടെ പ്രത്യേകതകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

**<u>മഞ്ചേശ്വരം മണ്ഡലത്തിൽ അനുമതി ലഭിച്ച പ്രവൃത്തികൾ</u>**

716 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ തുടങ്ങിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്; ഏതൊക്കെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു; ഓരോന്നിന്റേയും നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഡി) ഭരണാനുമതിക്കായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള/സർക്കാരിന്റെ പരിഗണനയിലുള്ള മണ്ഡലത്തിലെ മുഴുവൻ പ്രവൃത്തികളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

**<u>ഭാരത് മാല പദ്ധതി</u>**

717 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത് മാല പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട്-മലപ്പുറം-പാലക്കാട് ഇന്റർഫീഡർ കോറിഡോർ (ഐ.സി.ആർ.-34) ഗ്രീൻ ഫീൽഡ് പാതക്കായി സ്ഥലമെടുപ്പിന് നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാതക്കായി മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ടി.പി.എഫ്. എഞ്ചിനീയറിംഗ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ മൂന്ന് ഓപ്ഷനുകളുടെയും വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) ഈ പാതക്കായി ദേശീയപാത അതോറിട്ടിയുടെ ലാന്റ് അക്വിസിഷൻ കമ്മിറ്റിയുടെ 20.06.2020-ലെ തീരുമാനപ്രകാരം അംഗീകരിച്ച സ്ഥലമേറ്റെടുപ്പിന് ആവശ്യമായ തുകയും ദേശീയപാത അതോറിട്ടി ആവശ്യപ്പെട്ട തുകയും തമ്മിൽ വൈരുദ്ധ്യമുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പാതയുടെ അംഗീകാര നടപടികളുടെ ഭാഗമായി കോഴിക്കോട്, പാലക്കാട് ജില്ലകളിലെ ജനപ്രതിനിധികളോട് ചർച്ച ~~ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;~~ ചെയ്തതിനും മലപ്പുറം ജില്ലയിലെ ജനപ്രതിനിധികളോട് ചർച്ച ചെയ്യാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ലാന്റ് അക്വിസിഷൻ കോസ്റ്റ് കുറച്ച് കാണിച്ചതടക്കം ഇരുപത്തിനാലിലധികം ക്രമക്കേടുകൾ നടത്തിയ റിപ്പോർട്ടാണ് ദേശീയപാത അതോറിട്ടി സമർപ്പിച്ചിട്ടുള്ളതെന്നും പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചാണ് സംസ്ഥാന സർക്കാർ തുക അനുവദിച്ചിട്ടുള്ളതെന്നും ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എഫ്) നിർദ്ദിഷ്ട പാത സംബന്ധിച്ച അപാകതകൾ തിരുത്തുന്നതിനും മലപ്പുറം

ജില്ലയിലെ ജനപ്രധിനിധികളുടെ മുമ്പിൽ പ്രോജക്ട് അവതരിപ്പിക്കുന്നതിനും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ആവശ്യമായ ഇടപെടലുകൾ നടത്തുമോ?

**<u>സൂര്യകാലടി റഗലേറ്റർ കം ബ്രിഡ്ജ് പദ്ധതി</u>**

718 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് കോട്ടയം നിയോജകമണ്ഡലത്തിൽ സൂര്യകാലടി മനയ്ക്ക് സമീപം നിർമ്മിക്കുന്ന റഗലേറ്റർ കം ബ്രിഡ്ജ് പൂർത്തീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം നീളാനുണ്ടായ കാരണങ്ങൾ വിശദീകരിക്കാമോ;

(സി) മേപ്പടി നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**<u>സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം</u>**

719 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ അഴിമതി കുറയ്ക്കുന്നതിനായി നടപ്പാക്കിയ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടത്തിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും ഇടപെടേണ്ട സോഷ്യൽ ഓഡിറ്റ് സമിതികളുടെ യോഗങ്ങൾ ഫലപ്രദമായി ചേരുന്നില്ലെന്ന വിഷയത്തിലെ നിജസ്ഥിതി വെളിപ്പെടുത്തുമോ;

(സി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി, കാര്യക്ഷമമായി പ്രവർത്തിക്കുന്ന രീതിയിലേക്ക് സോഷ്യൽ ഓഡിറ്റ് സമിതികൾ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>മേപ്പാടി - മുണ്ടേരി മലയോര ഹൈവേ</u>**

720 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഭാഗമായി വയനാട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കാൻ സാധിക്കുന്ന മേപ്പാടി - മുണ്ടേരി കണക്ടിവിറ്റിക്ക് വനം വകുപ്പിന്റെ അനുമതി വൈകുന്ന സാഹചര്യത്തിൽ ഇത്രയും ഭാഗം എലിവേറ്റഡ് ഹൈവേയായി നിർമ്മിക്കണമെന്നഭ്യർത്ഥിച്ച് എം. എൽ.എ. നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) മലയോര ഹൈവേക്കായി സംസ്ഥാനത്ത് വനം വകുപ്പ് വിട്ടു നൽകുന്ന ഭൂമിയ്ക്ക് പകരമായി വനം വകുപ്പിന് നൽകേണ്ട ഭൂമി എവിടെയൊക്കെയാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) മലയോര ഹൈവേക്കായി ആകെ കിഫ്ബി വഴി നീക്കിവെച്ച തുക എത്രയെന്നും

ഇതുവരെ സംസ്ഥാനത്ത് ആകെ ടെൻഡർ ചെയ്തത് എത്ര തുകയ്ക്കാണെന്നും വിശദമാക്കാമോ?

<u>**ദേശീയപാത വികസനം**</u>

721 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മുതൽ ചേർത്തല വരെയുള്ള ദേശീയപാത വികസനം ഏതുഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ദേശീയപാത വികസനത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന ആറ്റിങ്ങൽ ബൈപ്പാസ് പദ്ധതിയ്ക്കായുള്ള സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>**കൊച്ചി-ധനുഷ്കോടി ദേശീയപാതയുടെ വികസനം**</u>

722 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. എ. രാജ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി -ധനുഷ്കോടി ദേശീയ പാതയുടെ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഗ്യാപ്പ് റോഡിൽ പാതയുടെ വീതി കൂട്ടുന്നതിന്റെ മറവിൽ അനധികൃതമായി വൻതോതിൽ പാറ പൊട്ടിച്ച് കടത്തിയതായി കളക്ടർ നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം കണ്ടെത്തിയെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അന്വേഷണ സംഘത്തിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതുസംബന്ധിച്ച് ജില്ലാ കളക്ടർ സർക്കാരിന് എന്തെങ്കിലും വിവരം കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) നിർദ്ദിഷ്ട ദേശീയ പാതയുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ?

<u>**മലയോര ഹൈവേയുടെ നിർമ്മാണം പുരോഗതി**</u>

723 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മലയോര ഹൈവേയുടെ നിർമ്മാണത്തിനായി വനഭൂമി ഏറ്റെടുക്കേണ്ടതായ സാഹചര്യമുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഇപ്രകാരം ഏറ്റെടുക്കേണ്ടി

വരുന്നതെന്ന് വ്യക്തമാക്കുമോ?

**<u>മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി</u>**

724 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് മലയോര ഹൈവേ കടന്ന പോകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>പാലിയേക്കരയിലെ ടോൾ പ്ലാസ</u>**

725 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജക മണ്ഡലത്തിലെ പാലിയേക്കര ടോൾ പ്ലാസയിൽ തദ്ദേശീയരായ യാത്രക്കാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യയാത്രാ പാസ്സ് പുതുക്കുന്നതിനായി ഓരോ മൂന്ന് മാസത്തിലും വാഹനങ്ങളുടെ ആർ.സി.ബുക്കിന്റെ പകർപ്പും ആറു മാസത്തിലൊരിക്കൽ റെസിഡന്റ്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പും നൽകണമെന്ന ടോൾപ്ലാസ അധികാരികളുടെ നിബന്ധന കോവിഡ് മഹാമാരി വ്യാപന സാധ്യത കണക്കിലെടുത്ത് വർഷത്തിലൊരിക്കലാക്കി പുതുക്കി നിശ്ചയിക്കുന്നതിനും ആയത് ഓൺലൈനായി സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നതിന് ഇടപെടൽ നടത്തുമോയെന്ന് അറിയിക്കുമോ?

**<u>റിംഗ് റോഡ് തൽസമയ ഫോൺ ഇൻ പരിപാടി</u>**

726 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ എം നൗഷാദ്**
**ഡോ സുജിത് വിജയൻപിള്ള**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിനും പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേരിട്ട് അറിയിക്കുന്നതിനും റിംഗ് റോഡ് എന്ന പേരിൽ ആരംഭിച്ച തൽസമയ ഫോൺ ഇൻ പരിപാടിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) റിംഗ് റോഡ് പരിപാടിയുടെ ഭാഗമായി വകുപ്പുമന്ത്രി നടത്തിയ ഇടപെടലുകളും അതുമൂലമുണ്ടായിട്ടുള്ള നേട്ടങ്ങളും വിവരിക്കാമോ;

(സി) വകുപ്പുതലത്തിൽ നടത്തിയ വിലയിരുത്തലിൽ തൽസമയ ഫോൺ ഇൻ പരിപാടി ഫലപ്രദമാണെന്ന അഭിപ്രായമാണോ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ കൂടുതൽ ആകർഷകമായും കാര്യക്ഷമമായും റിംഗ് റോഡ് തൽസമയ ഫോൺ ഇൻ പരിപാടി തുടർന്നും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കുന്നംകുളം ജംഗ്ഷൻ വികസനം

727 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെട്ട കുന്നംകുളം ജംഗ്ഷൻ വികസനവും റിങ് റോഡ് പദ്ധതിയുടെയും നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മഴുവഞ്ചേരി-ചൂണ്ടൽ നാലുവരി പാത

728 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെ നാലുവരിയാക്കി വികസിപ്പിക്കുന്നതിന് **2017-18**-ലെ ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തി അനുവദിച്ച കിഫ്ബി പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി കേരള റോഡ് ഫണ്ട് ബോർഡ് മുഖേന സമർപ്പിച്ച ഡി.പി.ആറിൽ കിഫ്ബി കണ്ടെത്തിയ ന്യൂനതയെന്തെന്ന് അറിയിക്കാമോ;

(സി) ന്യൂനതകൾ പരിഹരിച്ച് കിഫ്ബിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) **2017-18** വർഷം അനുവദിച്ച പ്രവൃത്തിക്ക് കിഫ്ബിയുടെ അന്തിമ അംഗീകാരം നേടിയെടുക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

## കാസർകോട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

729 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി / സാങ്കേതികാനുമതി തുക എത്രയാണെന്നും ഭരണാനുമതി നൽകിയതെപ്പോഴാണെന്നും ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ അത് സംബന്ധമായ വിശദാംശങ്ങളും നൽകാമോ;

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ കല്ലടക്ക - ചെർക്കള, ബദിയഡുക്ക - ഏത്തടുക്ക - സൂളപ്പദവ് റോഡുകൾ എപ്പോഴാണ് ടെണ്ടർ ചെയ്തതെന്നും പ്രവൃത്തി തുടങ്ങിയത് എപ്പോഴാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത രണ്ടു റോഡുകൾക്കും അനുവദിച്ച തുക എത്രയാണെന്നും എത്ര തുകയുടെ പ്രവൃത്തി ഇതിനകം പൂർത്തീകരിച്ചെന്നും കരാറുകാർക്ക് എത്ര തുക നൽകിക്കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത രണ്ട് റോഡുകളുടെയും നിർമ്മാണ കാലാവധി എത്രയാണെന്നും

കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത റോഡുകളിൽ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രവൃത്തികൾ തുടരുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ജി) വൈദ്യുതി പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുക, ജലവിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കുക, സ്ഥലത്തിന്റെ ലഭ്യതക്കുറവ് തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

**കോഴിക്കോട് ജില്ലയിലെ ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി**

730 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിലൂടെ കടന്നു പോകുന്ന 28-ാം മൈൽ മുതൽ പടിക്കൽ വയൽ വരെയുള്ള റീച്ചിന്റെ ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റീച്ചിന്റെ പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

**തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണം**

731 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവാങ്കുളം മുതൽ പേട്ട വരെയുള്ള ഗതാഗത കുരുക്കിന് പരിഹാരമായി 1989-ൽ പ്രഖ്യാപിച്ച തൃപ്പൂണിത്തുറ ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തികൾ നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമി ഏറ്റെടുക്കൽ നോട്ടിഫിക്കേഷന്റെ ഭാഗമായി മറ്റക്കുഴി ഭാഗത്ത് സർവ്വേക്കല്ലുകൾ സ്ഥാപിച്ചതിന് ശേഷം ബൈപ്പാസിനായുള്ള പ്രവൃത്തികൾ നിലച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കുണ്ടന്നൂർ മുതൽ മറ്റക്കുഴി വരെ 8.23 കി.മീ. നീളമുള്ള പ്രസ്തുത ബൈപ്പാസ് യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള ദേശീയപാതയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

732 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ, മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള ഭാഗങ്ങളിൽ നാലുവരിപ്പാത നിർമ്മാണത്തിന്റെ ഭാഗമായി, കരാറിൽ ഉൾപ്പെട്ടിട്ടുള്ള നിർമ്മാണങ്ങൾ പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വീസ് റോഡുകൾ, ബസ്സ് ബേകൾ, ബസ്സ് ഷെൽട്ടറുകൾ, ഡ്രെയിനേജ് സൗകര്യങ്ങൾ, ചാലക്കുടി കോടതി ജംഗ്ഷനിലെ അണ്ടർ പാസ്സേജ് തുടങ്ങിയ

പ്രവൃത്തികൾ പൂർത്തിയാക്കാത്തതുമൂലം യാത്രക്കാർക്കുണ്ടാകുന്ന അസൗകര്യങ്ങൾ പരിഹരിക്കുന്നതിനും നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) പുതുക്കാട് ജംഗ്ഷനിലെ നിർദ്ദിഷ്ട അണ്ടർ പാസ്സേജ് നിർമ്മാണത്തിന് അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## പാലിയേക്കരയിൽ തദ്ദേശീയരായ യാത്രക്കാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യ യാത്രാപാസ്സ്

733 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിലെ പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പാലിയേക്കര ടോൾ പ്ലാസയിൽ, തദ്ദേശീയരായ യാത്രക്കാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യ യാത്രാപാസ്സ് പുതുക്കുന്നതിനായി മൂന്ന് മാസം കൂടുമ്പോൾ വാഹനങ്ങളുടെ ആർ.സി. ബുക്കിന്റെയും ആറ് മാസം കൂടുമ്പോൾ റെസിഡന്റ്സ് സർട്ടിഫിക്കറ്റിന്റെയും കോപ്പികൾ നൽകണം എന്ന നിലവിലെ നിബന്ധന കോവിഡ് വ്യാപന സാധ്യത കണക്കിലെടുത്ത് സൗജന്യയാത്രാപാസ്സ് വർഷത്തിലൊരിക്കലാക്കി പുതുക്കി നിശ്ചയിക്കുന്നതിനും ആയത് ഓൺലൈനായി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുന്നതിന് സർക്കാർ ഇടപെടൽ നടത്തുമോ?

## ചങ്ങനാശ്ശേരി - പടിഞ്ഞാറൻ ബൈപ്പാസ് നിർമ്മാണം

734 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി - പടിഞ്ഞാറൻ ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

## ടൂറിസം മേഖലയുടെ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ

735 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.ഡി.പി. യുടെ ഇരുപത്തിമൂന്ന് ശതമാനത്തോളം സംഭാവന ചെയ്യുന്ന ടൂറിസം മേഖലയുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖലയിലെ നിക്ഷേപകരായി സംസ്ഥാനത്ത് എത്ര പേർ / കൂട്ടായ്മകൾ / മറ്റുള്ളവർ ഉണ്ടെന്നും അവരുടെ പ്രശ്നങ്ങൾ എന്തെല്ലാമെന്നും ആയത് കേൾക്കുവാനും പരിഹരിക്കാനും എന്തു നടപടി സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) കോവിഡ് മഹാമാരി മൂലം പ്രസ്തുത മേഖലയിൽ എന്തെല്ലാം പ്രശ്നങ്ങളുണ്ടായി എന്നും എത്ര പേർക്ക് തൊഴിൽ നഷ്ടമായി എന്നും വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>ടൂറിസം സഹകരണ സംഘങ്ങൾ</u>

736 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയുടെ വികസനത്തിന് വലിയ സംഭാവന നൽകുവാൻ കഴിയുന്ന ടൂറിസം സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ടൂറിസം പദ്ധതികളിൽ ഇവർക്ക് വേണ്ടത്ര പ്രാതിനിധ്യം ലഭിക്കാറില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങളുടെ കൂട്ടുത്തരവാദിത്തത്തിലും സർക്കാർ നിയന്ത്രണത്തിലും നിയമത്തിനും വിധേയമായി പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങളെ പ്രയോജനപ്പെടുത്തി പ്രാദേശിക ടൂറിസം വികസനം ത്വരിതപ്പെടുത്തുന്നതിന് കഴിയുമോയെന്ന് അറിയിക്കാമോ;

(സി) കെ.റ്റി.ഡി.സി. ഡി.റ്റി.പി.സി. എന്നിവയുടെ പദ്ധതികളിൽ ഇവർക്കും പങ്കാളിത്തം നൽകുന്നതിനും ടൂറിസം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഡി.റ്റി.പി.സി. യുടെ സ്ഥാപനങ്ങൾ വ്യവസ്ഥകൾ ലഘൂകരിച്ച് സുതാര്യമായ നിലയിൽ കരാറിന്റെ അടിസ്ഥാനത്തിൽ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

## <u>മുതലപ്പൊഴി ടൂറിസം പദ്ധതി</u>

737 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിലെ സർക്കാരിന്റെ കാലത്ത് മുതലപ്പൊഴി ടൂറിസം പദ്ധതിക്കായി ഭൂമി കണ്ടെത്തുകയും ബഡ്ജറ്റിൽ തുക അനുവദിക്കുകയും ചെയ്തിരുന്നോ;

(ബി) 2016-2021 ലെ സർക്കാർ ഈ ഭൂമി അദാനി പോർട്ട്സിന് കൈമാറിയിരുന്നോ; പദ്ധതിക്കായി പകരം ഭൂമി അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഉദ്ഘാടനകർമ്മം നടത്തിയ പ്രസ്തുത പദ്ധതി നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## <u>കായൽ ടൂറിസം</u>

738 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ ടൂറിസത്തിന്റെ അനന്ത സാധ്യതകൾ മനസ്സിലാക്കി ഈ രംഗത്ത് വലിയ വളർച്ച കൈവരിക്കാൻ കഴിയത്തക്ക നിലയിൽ സംസ്ഥാനത്ത് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടനാടൻ കായൽ ടൂറിസം പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

## <u>മങ്കട മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയുടെ വികസനം</u>

739 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വിനോദസഞ്ചാര വികസനത്തിന് സാധ്യതകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുള്ള ഏതെല്ലാം പ്രദേശങ്ങളാണ് നിലവിലുള്ളത്; തീർത്ഥാടന ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഈ മണ്ഡലത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സമ്പൂർണ്ണ വാക്സിനേഷൻ</u>**

740 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമ്പൂർണ്ണ വാക്സിനേഷൻ നടപ്പിലാക്കുമെന്ന പ്രഖ്യാപനം എങ്ങനെ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഇങ്ങനെ വാക്സിനേഷൻ നടത്താനുദ്ദേശിക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) തിരുവമ്പാടി മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളും പ്രദേശങ്ങളും സമ്പൂർണ്ണ വാക്സിനേഷൻ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>വടകരയിലെ ടൂറിസം പദ്ധതികൾ</u>**

741 **ശ്രീമതി കെ.കെ.രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിന് കീഴിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഇതിനായി ചെലവാക്കിയ ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) വടകര നിയോജകമണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന ടൂറിസം പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) വടകര മണ്ഡലത്തിലെ ഏറാമല പഞ്ചായത്തിലെ തുരുത്തിയിൽ പുതുതായി ടൂറിസം പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

**<u>വിനോദസഞ്ചാരികളുടെ സുരക്ഷ</u>**

742 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ .പി. കെ. ബഷീർ**
**ഡോ. എം.കെ . മുനീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) യുവതികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾക്ക് നേരെ അതിക്രമങ്ങൾ നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപറേഷൻ ഗവേണിങ്ങ് ബോഡി**

743 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപറേഷൻ ഗവേണിങ്ങ് ബോഡിയിൽ നിലവിൽ ആരൊക്കെയാണ് അംഗങ്ങളെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഗവേണിങ്ങ് ബോഡിയിൽ ജനപ്രതിനിധികൾ ആരെങ്കിലുമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രാദേശികമായ പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പദ്ധതിയുടെ ഉന്നമനത്തിന് നിർദ്ദേശം നൽകുന്നതിനും പദ്ധതിപ്രദേശം ഉൾക്കൊള്ളുന്ന ജനപ്രതിനിധികളെ കൂടി ഗവേണിങ്ങ് ബോഡിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

**പിൽഗ്രിംസ് ടൂറിസം പദ്ധതി**

744 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക പൈതൃക കേന്ദ്രങ്ങളെയും ബന്ധപ്പെടുത്തിയുള്ള പിൽഗ്രിംസ് ടൂറിസം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആരാധനാലയങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**ടൂറിസം കേന്ദ്രങ്ങളിലെ താൽക്കാലിക ജീവനക്കാരുടെ ശമ്പളകുടിശ്ശിക**

745 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനമില്ലാത്തതു കാരണം സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ താൽക്കാലിക ജീവനക്കാർക്ക് ശമ്പളം നിലച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിലെ കാപ്പാട് ഉൾപ്പെടെയുള്ള ടൂറിസം കേന്ദ്രങ്ങളിൽ, ഡി.റ്റി.പി.സി. മുൻകൈയ്യെടുത്തു നടത്തുന്ന സ്ഥാപനങ്ങളിലടക്കം മാസങ്ങളായി ശമ്പളം കുടിശ്ശികയായവർക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം നൽകുവാൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

**കൊച്ചിയിലെ കേബിൾ കാർ സംവിധാനം**

746 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് വൈപ്പിൻ-ഫോർട്ടുകൊച്ചി, എറണാകുളം-മറൈൻഡ്രൈവ്-ബോൾഗാട്ടി പാലസ്-മുളവുകാട് - വല്ലാർപാടം-രാമൻതുരുത്ത് എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് കേബിൾ കാർ സംവിധാനം കൊണ്ടുവരുന്നതിനുള്ള പദ്ധതി പരിഗണിക്കുമോ?

## വിനോദസഞ്ചാര പുനരുജ്ജീവന പദ്ധതി

747 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി മൂലം വിനോദസഞ്ചാര മേഖല അഭിമുഖീകരിക്കുന്ന ഗുരുതര പ്രതിസന്ധി പരിഹരിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ലോക് ഡൗൺ മൂലം വിനോദസഞ്ചാര മേഖലയിൽ പ്രത്യക്ഷമായോ പരോക്ഷമായോ ജോലി ചെയ്യുന്നവർക്ക് ഉപജീവനമാർഗ്ഗം ഇല്ലാതായിരിക്കുന്ന സാഹചര്യത്തിൽ, സാമ്പത്തിക സഹായമോ ആനുകൂല്യങ്ങളോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വയനാട് ജില്ലയിലെ കോവിഡാനന്തര ടൂറിസം സാധ്യതകൾ അവലോകനം ചെയ്ത് ഈ മേഖലയുടെ സമഗ്ര വികസനം ഉറപ്പ് വരുത്തുന്നതിനായി ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കരിക്കാനും പുനരുജ്ജീവന പാക്കേജ് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

## അച്ചൻകോവിൽ-ഗവി ടൂറിസം സർക്യൂട്ട്

748 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിൽ-ഗവി ടൂറിസം സർക്യൂട്ട് അനുവദിക്കാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?

## നെല്ലിയാമ്പതി ടൂറിസം പദ്ധതിയുടെ ടെൻഡർ നടപടി

749 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ടൂറിസം പദ്ധതിയുടെ ടെൻഡർ നടപടി എന്ന് പൂർത്തീകരിച്ചതാണെന്ന് വിശദമാക്കുമോ;

(ബി) ടെൻഡർ നടപടി പൂർത്തീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പദ്ധതി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയത് പരിഹരിച്ച് പ്രവൃത്തി അടിയന്തരമായി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## തലശ്ശേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

750 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ളവ ഏതൊക്കെയാണെന്നും ആയതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് അവശേഷിക്കുന്നതെന്നും അവ ദ്രുതഗതിയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

## കലശമല ഇക്കോ ടൂറിസം

751 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കലശമല ഇക്കോ ടൂറിസം പ്രോജക്ടിന് സ്ഥലമേറ്റെടുക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രോജക്ടിന് ഭൂമി ഏറ്റെടുക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## ഷൊർണ്ണൂർ മണ്ഡലത്തിലെ വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ

752 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഷൊർണ്ണൂർ മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നതെന്ന് വിശദമാക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ തൃക്കടീരി ഗ്രാമപഞ്ചായത്തിലെ അനങ്ങൻമല ഇക്കോടൂറിസം പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്; ഇത് വികസിപ്പിക്കുന്നതിന് പദ്ധതികൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഇടമലയാർ, തുണ്ടം, കുട്ടമ്പുഴ ഇക്കോ ടൂറിസം

753 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഇടമലയാർ, തുണ്ടം, കുട്ടമ്പുഴ റേഞ്ചുകളിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങൾ ഉൾപ്പെടുത്തി ഇക്കോ ടൂറിസം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മണ്ഡലത്തിൽ ഏറെ ടൂറിസം വികസന സാധ്യതയുള്ള പ്രസ്തുത പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

## നെയ്യാർ ഡാം ടൂറിസം പദ്ധതികൾ

754 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ ഡാമിൽ ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ;

(ബി) ടൂറിസം വകുപ്പ് തയ്യാറാക്കി നൽകിയ ഡി. പി. ആർ. പ്രകാരമാണോ പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്; ഡി. പി. ആർ.-ൽ ഉൾപ്പെട്ടിരുന്ന ഏതൊക്കെ നിർദ്ദേശങ്ങളാണ് നിർവഹണ സമയത്ത് ഒഴിവാക്കപ്പെട്ടിട്ടുള്ളത്; ആയതിന്റെ കാര്യകാരണങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നെയ്യാർ ഡാം കേന്ദ്രീകരിച്ച് കെ. റ്റി. ഡി. സി. യുടെ മേൽനോട്ടത്തിൽ കൂടുതൽ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## <u>വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി</u>

755 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര മേഖലയിലെ നിക്ഷേപകരേയും തൊഴിലാളികളേയും കോവിഡ് പ്രതിസന്ധി വളരെയധികം പ്രതികൂലമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനായി എന്തെങ്കിലും ബദൽ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കോവിഡ് രണ്ടാം തരംഗത്തിന്റെ ഭാഗമായി ഇന്ത്യയിൽ ഏറ്റവുമധികം പ്രതിദിന രോഗബാധയുള്ള സംസ്ഥാനമായി കേരളം മാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വിനോദസഞ്ചാര മേഖലയുടെ തിരിച്ചു വരവിനെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ഗൗരവത്തോടെ കാണുമോ;

(സി) പ്രസ്തുത പ്രതിസന്ധി തരണം ചെയ്ത് വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവ്വ് പകരുവാൻ പ്രത്യേക പാക്കേജ് നടപ്പാക്കുമോ; വ്യക്തമാക്കുമോ?

## <u>പഞ്ചായത്തിൽ ഒരു വിനോദ സഞ്ചാര കേന്ദ്രം</u>

756 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളുടെ ഭാഗമായി പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കും എന്ന പ്രഖ്യാപനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തിരുവമ്പാടി മണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) വിനോദസഞ്ചാര സാദ്ധ്യതയുള്ള പഞ്ചായത്തുകളിൽ ഒന്നിലേറെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മാനന്തവാടി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

757 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ ഇപ്പോൾ നടന്നു വരുന്ന വിവിധ ടൂറിസം പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത ഏതെങ്കിലും ടൂറിസം പദ്ധതി പ്രസ്തുത മണ്ഡലത്തിൽ ഉണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ പദ്ധതിയുടെ പേരും ആരംഭിക്കാത്തതിന്റെ കാരണവും വ്യക്തമാക്കാമോ?

## ടൂറിസം പദ്ധതികൾക്കായി പെർമിസീവ് സാങ്ഷൻ

758 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് മറ്റ് വകുപ്പുകളുടെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ സ്വകാര്യ വ്യക്തികളുടെയോ ഭൂമിയിൽ ടൂറിസം വകുപ്പിന് പദ്ധതി നടപ്പിലാക്കാനായി പെർമിസീവ് സാങ്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

759 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

## വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതി

760 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ താമരക്കുളം വയ്യാങ്കര ചിറ ടൂറിസം പദ്ധതി വിപുലപ്പെടുത്തുന്നതിനും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പദ്ധതിക്കാവശ്യമായ തുക അനുവദിക്കുമോ ?

## കുറ്റ്യാടി മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

761 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഇനം തിരിച്ച് അറിയിക്കാമോ;

(ബി) ഓരോ പഞ്ചായത്തിലും ടൂറിസം ഡെസ്റ്റിനേഷനുകൾ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസം ഡെസ്റ്റിനേഷനുകളിൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതികൾ വിശദീകരിക്കാമോ;

(ഡി) ടൂറിസം ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിക്കുന്ന പുഴകളുടെ തീരങ്ങളിൽ എന്തൊക്കെ പ്രവൃത്തികൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) തദ്ദേശീയമായ ഭക്ഷണ രീതികൾ പരിചയപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്; കുറ്റ്യാടി മണ്ഡലത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

## പാറോപ്പടി ജലാശയ പദ്ധതി

762 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത്-നിയോജകമണ്ഡലത്തിൽ സ്വകാര്യ/ പൊതു പങ്കാളിത്തത്തോടു കൂടി നടപ്പിലാക്കുന്ന വേങ്ങേരി പേരാവൂർ വില്ലേജിലെ പാറോപ്പടി ജലാശയ പദ്ധതി തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; എങ്കിൽ തുടർനടപടികൾ സ്വീകരിക്കുമോ?

## പൈതൃക സർക്യൂട്ട്

763 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂറിന്റെ ചരിത്ര പ്രധാന്യം വ്യക്തമാക്കുന്ന സ്ഥലങ്ങളെ കൂട്ടിയിണക്കി പൈതൃക സർക്യൂട്ട് ആരംഭിക്കുന്നതിന് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; പദ്ധതിയിൽ ആറ്റിങ്ങലും കിളിമാനൂരും ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## തങ്കശ്ശേരി ബ്രേക്ക് വാട്ടർ പാർക്ക്

764 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന തങ്കശ്ശേരി ബ്രേക്ക് വാട്ടർ പാർക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ വൈദ്യുതവൽക്കരണം ഉൾപ്പെടെ ശേഷിക്കുന്ന പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**അഴീക്കോട് കൈത്തറി ഗ്രാമം - മ്യൂസിയം പദ്ധതി**

765 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന അഴീക്കോട് കൈത്തറി ഗ്രാമം - മ്യൂസിയം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

**എല്ലാ പഞ്ചായത്തിലും ഒരു വിനോദ സഞ്ചാര കേന്ദ്രം**

766 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും ഒരു വിനോദ സഞ്ചാര കേന്ദ്രം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇവയുടെ മുൻഗണന നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**ആശ്രാമം പൈതൃകവീഥി**

767 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിലെ ആശ്രാമം മൈതാനത്ത് ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന പൈതൃകവീഥി പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**കോടിമത-കച്ചേരിക്കടവ് ടൂറിസം പദ്ധതി**

768 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടിമത-കച്ചേരിക്കടവ് ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ടത്തിനുവേണ്ടി ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടെണ്ടർ നടപടികൾ ആരംഭിച്ചോ;

(സി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

**സരോവരം പാർക്ക് മൂന്നാം ഘട്ടം**

769 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത്/സൗത്ത് മണ്ഡലത്തിൽ ഉൾപ്പെടുന്ന സരോവരം പാർക്ക് മൂന്നാം ഘട്ടം നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

## ബേക്കൽ ടൂറിസം പദ്ധതി

770 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര റിസോർട്ടുകളാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) റിസോർട്ടുകൾ ഏറ്റെടുത്ത ഉടമകൾ കൃത്യമായി പാട്ട തുക നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എത്ര തുക കുടിശ്ശികയായി നൽകാനുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ഡി) പാട്ടത്തുക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും തുടർ നടപടി എടുത്തിട്ടുണ്ടോ; വിശദാശങ്ങൾ അറിയിക്കാമോ?

## മലപ്പുറം കോട്ടക്കുന്ന് ടൂറിസം കേന്ദ്രത്തിൽ മണ്ണിടിച്ചിൽ

771 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടക്കുന്ന് ടൂറിസം കേന്ദ്രത്തിൽ വിനോദ സഞ്ചാരികളുടെയും പരിസര വാസികളുടെയും ജീവന് അപകടകരമായ തരത്തിലുണ്ടായിട്ടുള്ള മണ്ണിടിച്ചിൽ ഭീഷണി നേരിടുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന ഭാഗങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ ;

(സി) ചരിത്ര പ്രാധാന്യമുള്ള കേന്ദ്രത്തിൽ സഞ്ചാരികളെ ആകർഷിക്കുന്നത്തിന് കൂടുതൽ ടൂറിസം പദ്ധതികൾ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ?

## പിൽഗ്രിം ടൂറിസം

772 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രം, പാലയൂർ സെന്റ് തോമസ് ചർച്ച്, മണത്തല ജുമാ മസ്ജിദ് തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങൾ ഉൾപ്പെടുത്തി പിൽഗ്രിം ടൂറിസം പദ്ധതി പരിഗണനയിലുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) വളരെയധികം ജനങ്ങൾ തീർത്ഥാടനത്തിന് വരുന്ന പ്രസ്തുത പ്രദേശത്ത് പിൽഗ്രിം ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് പരിഗണിക്കുമോ;

(സി) മുസരീസ് പൈതൃക പദ്ധതിയിൽ ഗുരുവായൂർ മണ്ഡലത്തിൽ നടത്തുന്ന പദ്ധതികൾ വിശദീകരിക്കാമോ?

## തലശ്ശേരി മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ കിഫ്ബി പദ്ധതികൾ

773 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

## ദേശീയ വിദ്യാഭ്യാസ നയവും പാഠ്യപദ്ധതി പരിഷ്കരണവും

774 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. എം.വിജിൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മതേതര - ജനാധിപത്യ ബോധവും ഉന്നത ധാർമിക മൂല്യങ്ങളും പകർന്നുനൽകുന്നതും ശാസ്ത്രീയവീക്ഷണത്തിനു അടിത്തറ പാകുന്നതുമായിരിക്കണം ഒരു ജനാധിപത്യക്രമത്തിൽ പൊതുവിദ്യാഭ്യാസം എന്ന കാഴ്ചപ്പാടോടെയാണോ സംസ്ഥാനത്ത് പാഠ്യ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പാഠ്യപദ്ധതി രൂപീകരണത്തിൽ സംസ്ഥാനങ്ങളുടെ അധികാരം കവർന്നുകൊണ്ട് കേന്ദ്രം നിശ്ചയിക്കുന്ന പാഠ്യപദ്ധതി നടപ്പാക്കാൻ എൻ.സി.ഇ.ആർ.ടി. സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഏക പക്ഷീയമായി പ്രഖ്യാപിച്ച ദേശീയ വിദ്യാഭ്യാസ നയവും പാഠ്യപദ്ധതി പരിഷ്കരണവും സൃഷ്ടിക്കുന്ന ആശങ്ക കണക്കിലെടുത്ത് ഇക്കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനോട് വ്യക്തമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

## പൊതുവിദ്യാഭ്യാസ മേഖലയിലെ പഠന നിലവാരം

775 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാർത്ഥികൾ നിശ്ചിത പഠന നിലവാരം പുലർത്തുന്നതിലും അവർക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിലും കേരളം കൈവരിച്ച നേട്ടങ്ങളെ സംബന്ധിച്ച് ദേശീയതലത്തിൽ എന്തെങ്കിലും പഠനങ്ങൾ നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലയിലും സ്വകാര്യ-സ്വാശ്രയ മേഖലയിലുമുള്ള വിദ്യാർത്ഥി പ്രവേശനത്തിന്റെയും വിജയ ശതമാനത്തിന്റെയും കണക്കുകൾ സർക്കാർ പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് വിദ്യാർത്ഥികളെ കൂടുതലായി ആകർഷിക്കുന്നതിന്റെ പ്രധാന ഘടകങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ഓൺലൈൻ വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികളിലും എത്തിക്കുന്നതിനായി നടത്തിവരുന്ന ശ്രമങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

## പൊതു വിദ്യാഭ്യാസ സംരക്ഷണ പദ്ധതികൾ

776 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് വിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എസ്. എസ്. എൽ. സി. വിജയ ശതമാനം ഉയർന്ന സാഹചര്യത്തിൽ എല്ലാവർക്കും ഹയർ സെക്കണ്ടറി വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും ഹയർ സെക്കണ്ടറി സ്കൂളുകളിൽ കൂടുതൽ ബാച്ചുകൾ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിൽ നവീകരിക്കുന്ന വിദ്യാലയങ്ങൾ

777 **ശ്രീ. എൻ.കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നവീകരിക്കുന്ന വിദ്യാലയങ്ങളുടെ വിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) ഗുരുവായൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പുതിയ കെട്ടിടങ്ങൾ നിർമ്മിയ്ക്കുന്നതിന് പഴയ ക്ലാസ്സ് മുറികൾ പൊളിച്ച് നീക്കം ചെയ്തിട്ടുള്ള സ്കൂളുകളിൽ പഠനത്തിന് ആവശ്യമായ ക്ലാസ്സ് മുറികൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കൂൾ തുറക്കുന്നതിന് മുമ്പായി പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

778 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീമതി ദെലീമ**
**ശ്രീ എം മുകേഷ്**
**ശ്രീ ഐ ബി സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾക്ക് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എത്ര ശതമാനം വിദ്യാലയങ്ങളിൽ കമ്പ്യൂട്ടറും ഇന്റർനെറ്റും അടക്കമുള്ള ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിന്

സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത് ദേശീയ ശരാശരിയുടെ എത്ര ശതമാനമാണെന്നും പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതിയും വെളിപ്പെടുത്താമോ?

**<u>തലശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂളുകൾ</u>**

779 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും കഴിഞ്ഞ 5 വർഷത്തിനുള്ളിൽ തുക അനുവദിച്ച തലശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാത്തവ ഏതൊക്കെയാണെന്നും ആയത് പൂർത്തീകരിക്കാത്തതിന്റെ കാരണം എന്താണെന്നും ഇവ പൂർത്തീകരിക്കാൻ ഇനി എന്തൊക്കെ നടപടിക്രമങ്ങൾ ആണ് ഉള്ളതെന്നും വ്യക്തമാക്കാമോ?

**<u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം</u>**

780 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് പദ്ധതികൾ അനുവദിച്ചിട്ടുള്ളത്; സ്കൂളുകളുടെ പേരുവിവരങ്ങൾ ,അനുവദിച്ച തുക,ഫണ്ടുകളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) ഇതിൽ സാങ്കേതികാനുമതി ലഭ്യമാകാൻ ബാക്കിയുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(ഡി) ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രവൃത്തി പൂർത്തീകരിച്ച പദ്ധതികൾ ഏതൊക്കെയാണ്; ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ;

(എഫ്) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഈ അധ്യയന വർഷം 500ൽ കൂടുതൽ കുട്ടികൾ ഉള്ളതുമായ വിദ്യാലയങ്ങൾക്ക് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുമോ; വിശദമാക്കുമോ?

**<u>പാറശ്ശാല മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണ പ്രവൃത്തികൾ</u>**

781 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി ജി.ഒ. (ആർ.റ്റി) നം. 5503/2018/ജി.ഇ.ഡി.എൻ. പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് ഒരു കോടി രൂപവീതം ഫണ്ട് അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ഗവ. ജി.എച്ച്.എസ് . ധനുവച്ചപുരം എന്ന സ്കൂൾ നവീകരിക്കുന്നതിനുള്ള തുടർനടപടികളിൽ നിന്നും ഒഴിവാക്കാനിടയായ സാഹചര്യം എന്താണെന്ന് അറിയിക്കാമോ;

(ബി) ഉദ്യോഗസ്ഥർക്ക് സംഭവിച്ച സാങ്കേതിക പിഴവ് കാരണം പുതുക്കിയ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടതും അഞ്ഞൂറിലധികം വിദ്യാർത്ഥികൾ പഠിക്കുന്നതും അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്നതുമായ ധനുവച്ചപുരം ഗവ. ഗേൾസ് ഹൈസ്കൂളിനെ പ്രസ്തുത പട്ടികയിൽ തിരികെ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊള്ളാമോ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള മറ്റ് പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ഡി) പാറശ്ശാല മണ്ഡലത്തിൽ 3 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച പാറശ്ശാല ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

## <u>ഹരിപ്പാട് മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതി</u>

782 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിപ്പാട് മണ്ഡലത്തിലെ എതെല്ലാം സ്ക്കൂളുകളിലാണ് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ആറാട്ടുപുഴ മംഗലം സ്ക്കൂളിലെ നിർവ്വഹണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## <u>കൊല്ലം മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം</u>

783 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജക മണ്ഡല പരിധിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ എന്തെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദ വിവരം ലഭ്യമാക്കുമോ?

## <u>പ്രത്യേക അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ</u>

784 **ശ്രീ. ഇ കെ വിജയൻ**

**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സന്നദ്ധസംഘടനകളും സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സേവനം ഇത്തരം സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രത്യേക പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിന് നടപ്പുവർഷം സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) സ്വകാര്യമേഖലയിലെ സ്പെഷ്യൽ സ്കൂളുകളിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് മെച്ചപെട്ട വേതനവും ആനുകൂല്യങ്ങളും ലഭ്യമാക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ; വ്യക്തമാക്കാമോ;

(ഇ) പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കായി വിദഗ്ധപരിശീലനം നേടിയ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനായി അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## മാനസ്സിക സംഘർഷങ്ങൾ ഇല്ലാത്ത ഡിജിറ്റൽ വിദ്യാഭ്യാസം

785 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി.സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ, ഓൺലൈൻ വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാതെ മാനസിക സമ്മർദ്ദം മൂലം വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്തതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പശ്ചാത്തലത്തിൽ, കുട്ടികളുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇന്റർനെറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും അധ്യാപക-വിദ്യാർത്ഥി ബന്ധത്തിലെ വിടവും കുട്ടികൾക്ക് സ്കൂൾ അന്തരീക്ഷം നഷ്ടപ്പെടുത്തുകയും അവരിൽ മാനസിക സംഘർഷമുണ്ടാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും മാനസിക സംഘർഷങ്ങൾ ഇല്ലാതെ ഡിജിറ്റൽ/ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

## പൊതു വിദ്യാഭ്യാസ മേഖല കൈവരിച്ച നേട്ടങ്ങൾ

786 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. എച്ച്. സലാം**

**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**

**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖല കൈവരിച്ച നേട്ടങ്ങൾ തുടരുന്നതിനും കോവിഡിന്റെ പ്രതികൂല സാഹചര്യത്തിലും അവ കൂടുതൽ കാര്യക്ഷമമായി കൊണ്ടുപോകുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ 2019-20 ലെ രാജ്യത്തെ സ്കൂൾ വിദ്യാഭ്യാസ റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പഠന നിലവാരത്തിലും പഠനേതര വിഷയത്തിലും സ്കൂളുകളുടെ പശ്ചാത്തല വികസനത്തിലും കേരളത്തിനുണ്ടായ നേട്ടങ്ങളായി റിപ്പോർട്ടിൽ പ്രത്യേകമായി പ്രതിപാദിച്ചിട്ടുള്ളതെന്ന് എന്തെല്ലാമാണ് അറിയിക്കാമോ?

## സർട്ടിഫിക്കറ്റ് വിതരണത്തിലുള്ള കാലതാമസം

787 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് -19ന്റെ വ്യാപന ഭീഷണി മൂലം അടച്ചിടലും ജീവനക്കാരുടെ കുറവും എസ്.എസ്.എൽ.സി, ഹയർസെക്കണ്ടറി, കെ-ടെറ്റ്, സെറ്റ് പരീക്ഷകളുടെ സർട്ടിഫിക്കറ്റ് വിതരണം, തെറ്റ് തിരുത്തി നൽകൽ എന്നിവയ്ക്ക് കാലതാമസം ഉണ്ടാകുന്നതായും ഇത് വിദ്യാർത്ഥികൾക്ക് പ്രയാസമുണ്ടാക്കുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇവ സമയബന്ധിതമായി നൽകുന്നതിന് ആവശ്യമായ ക്രമീകരണം ഉണ്ടാകുമോ എന്നറിയിക്കാമോ?

## ദേശീയ നിലവാരത്തിലുള്ള പൊതുവിദ്യാഭ്യാസരംഗം

788 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**

**ശ്രീ. എം.വിജിൻ**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസം ഗുണമേന്മയുള്ളതും ദേശീയ നിലവാരത്തിലുള്ളതുമാക്കുന്നതിന്റെ ഭാഗമായി പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പിൻതുടർന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയതലത്തിൽ നിക്ഷിപ്ത താത്പര്യങ്ങൾക്ക് വിധേയമായി ചരിത്ര പാഠപുസ്തകങ്ങളിൽ തിരുത്തൽ വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാനവികതയും സാഹോദര്യവും ഇടകലർന്ന സൗഹാർദ്ദപരമായ വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി നടത്തിവരുന്ന ശ്രമങ്ങൾക്ക് ഇത്

തിരച്ചടിയാകുമെന്ന വസ്തുത ഗൗരവമായിക്കാണുന്നുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ഫെഡറൽ സംവിധാനത്തിനുള്ളിൽ നിന്നുകൊണ്ട് ഭരണഘടനാപരമായി സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കോവിഡ് മഹാമാരി മൂലം ബുദ്ധിമുട്ടിലായ സ്കൂൾ പാചക തൊഴിലാളികൾ**

789 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി മൂലം സ്കൂളുകൾ പ്രവർത്തനം ഇല്ലാത്തതിനാൽ സംസ്ഥാനത്തെ സ്കൂളുകളിലെ പാചക തൊഴിലാളികൾ സാമ്പത്തിക പ്രയാസത്തിലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിഭാഗക്കാർക്ക് സർക്കാർ സഹായം നൽകുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**വടകര നിയോജക മണ്ഡലത്തിലെ അൺഎക്കണോമിക്ക് സ്കൂളുകൾ**

790 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജക മണ്ഡലത്തിലെ അൺ എക്കണോമിക് കാറ്റഗറിയിൽ ഉൾപ്പെടുത്തിയ വിദ്യാലയങ്ങളുടെ എണ്ണം എത്രയാണ്; ഇവ ഓരോന്നും സ്ഥിതി ചെയ്യുന്നത് ഏതു തദ്ദേശസ്ഥാപനത്തിന്റെ പരിധിയിലാണെന്ന വിവരം ലഭ്യമാക്കുമോ;

(ബി) നിലവിൽ ഈ സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെയും അധ്യാപകരുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ സ്കൂളുകളിലെയും സ്ഥിര അധ്യാപകരുടെയും ദിവസവേതന അധ്യാപകരുടെയും എണ്ണം തരംതിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഈ വിദ്യാലയങ്ങളിൽ ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന അധ്യാപകർക്ക് കോവിഡ് മഹാമാരിയുടെ കാലത്ത് സർക്കാർ സമാശ്വാസ പദ്ധതികളെന്തെങ്കിലും നടപ്പാക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ?

**പൊതുവിദ്യാലയങ്ങളിലെ ഓൺലൈൻ പഠനം**

791 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ ഐ ബി സതീഷ്**
**ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ പഠനത്തിന് ഏകീകൃത പ്ലാറ്റ്ഫോം സജ്ജമാക്കിയിട്ടുണ്ടോ; ഇതുവഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങളും സവിശേഷതകളും അറിയിക്കാമോ;

(ബി) ജി-സ്യൂട്ട് ഉപയോഗിക്കുന്നതിനായി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം ആവശ്യമായി വരുന്നുണ്ടോ; എങ്കിൽ അതിനേർപ്പെടുത്തിയിരിക്കുന്ന

ക്രമീകരണങ്ങൾ അറിയിക്കാമോ;

(സി) വ്യക്തിഗത വിവര സുരക്ഷയും ഡാറ്റ സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ചെയ്തിട്ടുള്ള കാര്യങ്ങൾ അറിയിക്കാമോ;

(ഡി) ഡിജിറ്റൽ ഉപകരണങ്ങളുടെയും ഇന്റർനെറ്റിന്റെയും ലഭ്യത ഉറപ്പുവരുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## ഓൺലൈൻ പഠനം

792 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ പഠനത്തിന് സൗകര്യമില്ലാത്ത നിർധന കുടുംബത്തിലെ കുട്ടികളുടെ കണക്ക് സർക്കാരിന്റെ പക്കലുണ്ടോ ;

(ബി) ഇത്തരത്തിൽ പഠനസൗകര്യമില്ലാത്ത കുട്ടികൾക്ക് ഓൺലൈൻ പഠനത്തിന് ആവശ്യമായ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ?

## പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ നടപടി

793 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ലോകത്തിന് മാതൃകയായി മാറിയ സാഹചര്യത്തിൽ ഈ മേഖലയിൽ കൂടുതൽ ഗുണപരമായ മാറ്റങ്ങൾക്കായി പുതിയ നയങ്ങൾ നടപ്പാക്കാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പൊതുവിദ്യാലയങ്ങളിലെ അധ്യാപർക്ക് മികച്ച പരിശീലനവും വിദ്യാർത്ഥികൾക്ക് സാമൂഹിക അവബോധ ക്യാമ്പുകളും നിരന്തരമായി നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) സമൂഹത്തോട് ഉത്തരവാദിത്വമുള്ള യുവ തലമുറയെ വാർത്തെടുക്കുന്നതിന് ആവശ്യമായ സാമൂഹ്യ സേവന പരിപാടികൾ സ്കൂളുകളിൽ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## സ്കൂൾ തലത്തിൽ നേരിട്ടുള്ള ഓൺലൈൻ ക്ലാസ്സുകൾ

794 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലായ വിദ്യാഭ്യാസ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെയല്ലാതെ സ്കൂൾ തലത്തിൽ നേരിട്ടുള്ള ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകുമോ;

(സി) മലയാളം, ഇംഗ്ലീഷ് മീഡിയം ക്ലാസുകൾക്കായി വ്യത്യസ്ത ഓൺലൈൻ ക്ലാസുകൾ നടത്തുന്നതിന് അദ്ധ്യാപകർക്ക് മാർഗ്ഗനിദ്ദേശം നൽകുമോ; വ്യക്തമാക്കുമോ;

(ഡി) വിദ്യാർത്ഥികളുടെ മാനസികമായ പ്രശ്നങ്ങളിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഓൺലൈൻ വിദ്യാഭ്യാസം മുഖേന സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## <u>ഓൺലൈൻ പഠനം സൃഷ്ടിക്കുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ</u>

795 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ ലോക്ക് ഡൗൺമൂലം നടപ്പിലാക്കിയ ഓൺലൈൻ പഠനം കുട്ടികളിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ ക്ലാസുകളോടൊപ്പം കുട്ടികൾക്കായി മാനസികാരോഗ്യ ക്ലാസുകൾ കൂടി ഉൾപ്പെടുത്തുന്നതിനെ കുറിച്ച് ആലോചിക്കാമോ;

(സി) വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും മാനസികാരോഗ്യ സാക്ഷരത കൊണ്ടു വരുന്നതിനെകുറിച്ച് ആലോചിക്കാമോ;

(ഡി) വിദ്യാർത്ഥികൾക്ക് വീട്ടിൽ തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അന്തരീക്ഷം സൃഷ്ടിക്കുന്ന തരത്തിലുള്ള ടൈം ടേബിളുകൾ തയ്യാറാക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാമോ?

## <u>ഓൺലൈൻ പഠന സൗകര്യം മെച്ചപ്പെടുത്താൻ നടപടി</u>

796 **ശ്രീ. എ . പി . അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠന സൗകര്യം ഒരുക്കിയിട്ടുണ്ടോ;

(ബി) ഓൺലൈൻ പഠന സൗകര്യമില്ലാത്ത എത്ര വിദ്യാർത്ഥികൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ ഓൺലൈൻ പഠനത്തിന് നെറ്റ് വർക്കിന്റെ ലഭ്യതക്കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

## <u>മലപ്പുറം ജില്ലയിൽ വിദ്യാർത്ഥികളുടെ ഉപരിപഠനം</u>

797 **ശ്രീ. എ . പി . അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലപ്പുറം ജില്ലയിൽ നിന്ന് എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്;അർഹത നേടിയ എല്ലാ

വിദ്യാർത്ഥികൾക്കും പ്രസ്തുത ജില്ലയിൽ തന്നെ ഉപരിപഠനത്തിന് അവസരം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ടെക്നിക്കൽ വിദ്യാഭ്യാസം എന്നീ വിഭാഗങ്ങളിലെ കോഴ്സുകളിൽ എത്ര സീറ്റുകൾ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിൽ നിലവിലുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ?

## മലപ്പുറം ജില്ലയിൽ കൂടുതൽ പ്ലസ് ടു സീറ്റുകൾ

798 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ വിശിഷ്യാ മലപ്പുറം ജില്ലയിൽ പ്ലസ് ടു പഠനത്തിന് മതിയായ സീറ്റുകൾ ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും അധിക ബാച്ചുകൾ അനുവദിക്കുമോ ;

(ബി) എസ് എസ് എൽ സി വിജയിച്ച എല്ലാവർക്കും തുടർപഠനം സാധ്യമാകുന്നവിധം സർക്കാർ, എയ്ഡഡ് മേഖലയിൽ പ്ലസ് വൺ സീറ്റുകൾ വർധിപ്പിക്കുമോ എന്നറിയിക്കാമോ;

(സി) ഐ .ടി.ഐ മറ്റു സമാന കോഴ്സുകൾ എന്നിവക്കും സീറ്റുകൾ വർധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

## ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങൾ

799 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ എത്ര പൊതുവിദ്യാലയങ്ങൾ ഉണ്ടെന്നും അവയിൽ സർക്കാർ സ്കൂളുകൾ എത്രയെന്നും എയ്ഡഡ് സ്കൂളുകൾ എത്രയെന്നും അറിയിക്കാമോ;

(ബി) കോവിഡ് കാലഘട്ടത്തിൽ പ്രസ്തുത വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ 'ഡിജിറ്റൽ ഡെഫിഷ്യൻസി' പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

## വിദ്യാഭ്യാസ മേഖലയിലെ കേന്ദ്ര ഫണ്ടുകൾ

800 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21-വർഷത്തേക്ക് സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ മേഖലയിൽ ചെലവഴിക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റിൽ നിന്നും അനുവദിച്ചിരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2020-21 വർഷത്തിൽ പൊതു വിദ്യാഭ്യാസ മേഖലയിൽ സർക്കാർ ചെലവഴിച്ച ആകെ തുക എത്രയാണ്; ഏതൊക്കെ മേഖലകളിലായാണ് ഈ തുക

ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിൽ സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും എത്ര വീതമാണ്;

(സി) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ഉച്ചക്കഞ്ഞി വിതരണത്തിന് മാത്രമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര തുക വീതമാണെന്ന് അറിയിക്കുമോ?

## ഓൺലൈൻ ക്ലാസുകൾ

801 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. എ . പി . അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം മുതൽ പൂർണ്ണമായും ഓൺലൈൻ ക്ലാസുകൾ മുഖേന അധ്യയനം നടത്തുവാൻ കഴിയുന്ന സാഹചര്യം നിലവിലുണ്ടോ;

(ബി) കഴിഞ്ഞ അദ്ധ്യയന വർഷം ഡിജിറ്റൽ വിദ്യാഭ്യാസ രീതിയിൽ നടത്തിയ ക്ലാസ്സുകൾ പശ്ചാത്തല സൗകര്യം ഇല്ലാത്തതിനാൽ നഷ്ടപ്പെട്ട വിദ്യാർത്ഥികളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഡിജിറ്റൽ ഡിവൈഡ് ഒഴിവാക്കി ഇത്തരം വിദ്യാർത്ഥികളെ കൂടി ഡിജിറ്റൽ/ ഓൺലൈൻ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഭാഗമാക്കുവാൻ കഴിഞ്ഞ ഒരു വർഷക്കാലം സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ;

(ഡി) ഈ അദ്ധ്യയന വർഷവും ഇന്റർനെറ്റ് സൗകര്യങ്ങളുടെ അപര്യാപ്തയും സ്മാർട്ട് ഫോൺ ഉൾപെടെയുള്ള പശ്ചാത്തല സൗകര്യങ്ങളുടെ അഭാവവും നിമിത്തം നിരവധി വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നഷ്ടപെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ?

## ഓൺലൈൻ പഠനമാർഗ്ഗം വിദ്യാർത്ഥികളിൽ ഉണ്ടാക്കിയ പ്രഭാവം

802 **ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. എച്ച്. സലാം**
**ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് അനിവാര്യമാക്കി തീർത്ത നിയന്ത്രണങ്ങൾ ഓൺലൈൻ പഠനമാർഗ്ഗം നിർബന്ധമാക്കിയത് വിദ്യാർത്ഥികളിൽ, വിശേഷിച്ച് പ്രൈമറി തലത്തിലുള്ളവരിൽ, എത്തരത്തിൽ പ്രഭാവം ചെലുത്തിയെന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഓൺലൈൻ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഒരാളും ഒഴിവാക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരസ്പരം സംവദിക്കാവുന്ന തരത്തിലായിരുന്നോ ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിക്കപ്പെട്ടിരുന്നതെന്ന്

വിശദമാക്കാമോ;

(ഡി) കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുള്ള പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെ പല ഗ്രൂപ്പായി തിരിച്ച് സാമൂഹ്യ അകലവും മറ്റ് നിയന്ത്രണങ്ങളും പാലിച്ച് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസമെങ്കിലും ക്ലാസ്സ് ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമോ?

## ഓൺലൈൻ പഠന സൗകര്യം

803 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ പഠന സൗകര്യം ലഭ്യമല്ലാത്ത കുട്ടികളുടെ എണ്ണം കണ്ടെത്തിയിട്ടുണ്ടോ: വിശദാംശങ്ങൾ നൽകാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തി

804 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ ജി.എൽ.പി സ്കൂൾ കരേക്കാട്, ഗവൺമെന്റ് യു.പി സ്കൂൾ, പൊൻമള എന്നീ സ്കൂളുകളുടെ എസ്റ്റിമേറ്റ് വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; പ്രസ്തുത പ്രൊപ്പോസലുകൾ ഇപ്പോൾ ഏത് ഓഫീസിലാണെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ വകുപ്പിന്റെ തൊട്ടടുത്ത വർക്കിംഗ് ഗ്രൂപ്പിൽ പ്രസ്തുത സ്കൂളുകളെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുമോ?

## കുട്ടനാട്ടിലെ സർക്കാർ സ്കൂളുകൾക്ക അന്താരാഷ്ട്ര നിലവാരം

805 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കിടങ്ങറ സർക്കാർ സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിച്ചത് പോലെ ഈ പ്രദേശത്തെ കൂടുതൽ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധരിക്കാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കുട്ടനാട്ടിലെ മുഴവൻ സർക്കാർ വിദ്യാലയങ്ങളിലും എൻസിസി, സ്കൗട്ട്സ്, എൻഎസ്എസ് തുടങ്ങിയ സംവിധാനങ്ങൾ ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളിലെ നിർമ്മാണപദ്ധതികൾ

806 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ വിവിധ സ്കൂളുകൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2016 - 21 കാലയളവിൽ തുക അനുവദിച്ച പുതിയ നിർമ്മാണങ്ങളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഏജൻസികളും അനുവദിക്കപ്പെട്ട തുകയും വിശദമാക്കുമോ;

(സി) പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## <u>ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിലുള്ള കാലതാമസം</u>

807 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി മുഖേന മൂന്ന് കോടി രൂപ അനുവദിച്ചിട്ടുള്ള അവിടനല്ലൂർ ജി.എച്ച്.എസ്.എസ്, പൂനൂർ ജി.എം.യു.പി.എസ് എന്നീ സ്കൂളുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

## <u>ചലഞ്ച് ഫണ്ട്</u>

808 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഏതെല്ലാം സ്കൂളുകൾക്കാണ് ചലഞ്ച് ഫണ്ട് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സ്കൂളുകളുടെയും നിർമ്മാണ പ്രവൃത്തികൾ ഏതുവരെയായെന്ന് അറിയിക്കാമോ?

## <u>കല്യാശ്ശേരി മണ്ഡലത്തിലെ സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികൾ</u>

809 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ അംഗീകാരം ലഭിച്ച കണ്ണൂർ, കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗവൺമെന്റ് ബോയ്സ് ഹയർസെക്കണ്ടറി, ചെറുകുന്ന് ഗവൺമെന്റ് വെൽഫയർ ഹയർ സെക്കണ്ടറി, കടന്നപ്പള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി എന്നീ സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>മാവൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം</u>

810 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി മുഖേന എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയത്; തുക അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ നമ്പരും തീയതിയും അറിയിക്കാമോ;

(ബി) ഏത് ഏജൻസി മുഖേനയാണ് ഈ പ്രവൃത്തി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്;

ഇതേ കാലയളവിൽ അനുമതി ലഭിച്ച മറ്റ് പല സ്കൂളുകളുടെയും പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

## സമഗ്ര ശിക്ഷാ കേരള

811 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ സമഗ്ര ശിക്ഷാ കേരള മുഖേന കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് ഏതൊക്കെ മേഖലയിലാണ് ഫണ്ട് വിനിയോഗം നടന്നതെന്നും ഇതിനായി ചെലവഴിക്കപ്പെട്ട തുക എത്രയാണെന്നും അറിയിക്കുമോ;

(ബി) ഈ കാലയളവിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ എസ്.എസ്.കെ. ഫണ്ട് ചെലവഴിക്കപ്പെടാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഈ വർഷവും പ്രസ്തുത തുക ചെലവഴിക്കാൻ കഴിയാതെ വരുമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഈ തുക ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് മൊബൈൽ, ടാബ്, ടി.വി. മുതലായ ഓൺലൈൻ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ ആരായുകയുണ്ടായോ;

(ഡി) ഇല്ലെങ്കിൽ ഇതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

## സർക്കാർ സ്കൂളുകളിൽ നീന്തൽക്കുളം

812 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ നീന്തൽക്കുളം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

## പ്ലസ് ടു തലത്തിൽ നിയമ പഠനം

813 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.ഇ /ഐ.സി.എസ്.ഇ പ്ലസ് ടു തലത്തിൽ നിയമ പഠനം ഒരു പ്രത്യേക വിഷയമായി പഠിക്കുവാൻ വിദ്യാർത്ഥികൾക്ക് അവസരമുള്ളപ്പോൾ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇത്തരം സാഹചര്യം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തലത്തിലെങ്കിലും നിയമ പഠനം ഒരു പ്രത്യേക വിഷയമായി പഠിക്കുവാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ പ്ലസ് ടു തലത്തിൽ നിയമ പഠനം മറ്റ് വിഷയങ്ങളെ പോലെ ഒരു പാഠ്യ വിഷയമായി പരിഗണിച്ച് കൊണ്ട്, വിദ്യാർത്ഥികൾക്ക് നിയമത്തിൽ അറിവ് ലഭിക്കുവാൻ അവസരം ലഭ്യമാക്കുമോ; ആയതിലേക്കായി പാഠ്യപദ്ധതി പരിഷ്കരിക്കുമോ എന്നറിയിക്കാമോ?

**ശ്രീമതി ഉഷാറാണി നൽകിയ സ്പെഷ്യൽ കാഷ്വൽ ലീവ് അപേക്ഷ**

814 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളത്തുവൽ ഗവ. എൽ.പി.എസ്.-ലെ പി.ടി.എസ്. ആയ ശ്രീമതി ഉഷാറാണി നൽകിയ സ്പെഷ്യൽ കാഷ്വൽ ലീവ് അപേക്ഷ അനുവദിച്ച് ഉത്തരവാകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഇത് വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**പിറവം മണ്ഡലത്തിലെ എൽ.പി സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ**

815 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിലെ രാമമംഗലം, തിരുമാറാടി, മണ്ണത്തൂർ, കൂത്താട്ടുകുളം, വടകര എൽ.പി സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത എൽ.പി. സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**തൃക്കരിപ്പൂർ മണ്ഡലത്തിലെ ഇടയിലക്കാട് എഎൽപി സ്കൂൾ ഏറ്റെടുക്കൽ**

816 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ഇടയിലക്കാട് എഎൽപി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനായി വർഷങ്ങൾ മുമ്പ് തന്നെ സമ്മതപത്രവും അനുബന്ധ രേഖകളും നൽകിയിട്ടും സ്കൂൾ ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂൾ ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവ് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**സർക്കാർ യു.പി. സ്കൂളുകൾ**

817 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ എത്ര സർക്കാർ യു.പി. സ്കൂൾ ഉണ്ട് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ സർക്കാർ യു.പി.എസ്എ തസ്തികയിൽ നിന്നും 2022 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെയുള്ള കാലയളവിൽ വിരമിക്കുന്ന അദ്ധ്യാപകരുടെ പേര് വിവരങ്ങൾ, തീയ്യതി,ഇപ്പോൾ അവർ ജോലി നോക്കുന്ന സ്ഥലം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

## ഗ്രേസ് മാർക്ക്

818 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥികൾക്കുള്ള ഗ്രേസ് മാർക്ക് നൽകേണ്ടതില്ല എന്ന ഉത്തരവ് പിൻവലിച്ച് നിലവിലുണ്ടായിരുന്ന തൽസ്ഥിതി തുടരുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉപരിപഠനത്തിനുള്ള അവസരം ഉറപ്പാക്കാൻ നടപടി

819 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അദ്ധ്യയന വർഷം എത്ര കുട്ടികളാണ് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത്; എത്ര പേർ ഉന്നത പഠനത്തിന് യോഗ്യത നേടി; വിജയ ശതമാനം എത്രയാണ്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സർക്കാർ എയിഡഡ് മേഖലയിൽ എത്ര പ്ലസ് ടു സീറ്റുകൾ നിലവിലുണ്ട്;

(സി) ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ കുട്ടികൾക്കും അവസരം നൽകുന്നതിന് ഈ സീറ്റുകൾ പര്യാപ്തമാണോ;

(ഡി) അല്ലെങ്കിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിച്ച് കൊണ്ട് മുഴുവൻ പേർക്കും പഠനാവസരം ഉറപ്പാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## എസ്.എസ്.എൽ,സി, പ്ലസ്ടു പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക്

820 **ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്.എസ്.എൽ,സി, പ്ലസ് ടു പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് വിവിധ ഗ്രേസ് മാർക്ക് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ കോവിഡ് കാലഘട്ടത്തിൽ പഠനത്തോടൊപ്പം എൻ.എസ്.എസ്, എൻ.സി.സി, സ്കൗട്ട് ആന്റ് ഗൈഡ്സ്, എസ്.പി.സി എന്നിവയിലൂടെ സാമൂഹ്യ

പ്രവർത്തനങ്ങൾ നടത്തിയവർക്ക് ഗ്രേസ് മാർക്ക് നിഷേധിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കുമോ?

**<u>മാവൂർ ഗവ. ഹയർസെക്കന്ററി സ്കൂൾ</u>**

821 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂൾ കെട്ടിടങ്ങളുടെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്ത ഏതെങ്കിലും സ്കൂൾ നിലവിലുണ്ടോ; എങ്കിൽ മാവൂർ ഗവ. ഹയർസെക്കന്ററി സ്കൂൾ ഉൾപ്പെടെയുള്ള സ്കൂളുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ;

(ബി) ക്ലാസ് റൂമുകളുടെ അപര്യാപ്തതമൂലം പ്രയാസപ്പെടുന്ന മാവൂർ ഗവ. ഹയർസെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**<u>കാസർകോട് ജില്ലയിൽ പ്ലസ് വണിന് അധികസീറ്റ്</u>**

822 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ കാസർകോട് ജില്ലയിൽ നിന്ന് എത്ര കുട്ടികൾ വിജയിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുട്ടികളിൽ എത്രപേർ എല്ലാ വിഷയത്തിനും എ-പ്ലസ് നേടിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കാസർകോട് ജില്ലയിൽ പ്ലസ്-വണിന് എത്ര സീറ്റുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ച എല്ലാ കുട്ടികൾക്കും സീറ്റ് നൽകാൻ സാധിക്കുമോ; ഇല്ലെങ്കിൽ എന്തു ബദൽ സംവിധാനമാണ് സർക്കാർ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കാസർകോട് ജില്ലയിൽ പ്ലസ് വണിന് സീറ്റ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കാമോ?

**<u>എസ്.എസ്.എൽ.സി പ്ലസ് ടു പരീക്ഷയിൽ ഗ്രേസ് മാർക്ക്</u>**

823 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു എന്നീ പരീക്ഷകളിൽ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) മുൻവർഷങ്ങളിലെ പാഠ്യേതരപ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രേസ് മാർക്ക് നൽകണമെന്ന നിർദ്ദേശം നിരാകരിച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തീരുമാനം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

**എൻ.എസ്.ക്യൂ.എഫ് പാഠ്യപദ്ധതി**

824 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എസ്.ക്യൂ.എഫ് പാഠ്യപദ്ധതി പ്രകാരം വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ മുൻവർഷങ്ങളിൽ തുടങ്ങിയ ചില പാരാമെഡിക്കൽ കോഴ്സുകൾ പ്ലസ് ടു തലത്തിൽ നടപ്പിലാക്കാൻ സാധിക്കില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; ഇത്തരത്തിൽ റദ്ദാക്കിയ കോഴ്സുകൾ ഏതൊക്കെയാണ്; ഇതിനുപകരം ഈ വർഷം പുതിയ കോഴ്സുകൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) എൻ.എസ്.ക്യൂ.എഫ് പാഠ്യപദ്ധതി വി.എച്ച്.എസ്.ഇ-യിൽ നടപ്പിലാക്കിയശേഷം ഇതിനായുള്ള മാസ്റ്റർ ടൈം ടേബിൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ?

**സർക്കാർ സ്കൂളുകളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം**

825 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ അധ്യയനവർഷവും സർക്കാർ സ്കൂളുകളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ അധ്യയന വർഷവും സർക്കാർ സ്കൂളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി**

826 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രകാരം സ്കൂൾ അടിസ്ഥാനത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന് വിദ്യാലയങ്ങളെ സജ്ജമാക്കുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) വിദ്യാലയ വിദ്യാഭ്യാസത്തിന്റെ അഭാവം വിദ്യാർത്ഥികളിൽ മാനസിക പിരിമുറുക്കത്തിനും വിഷാദ മനോഭാവത്തിനും കാരണമാക്കിയിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാർത്ഥികളുടെ മാനസികവ്യഥ ലഘൂകരിക്കുന്നതിനായി സ്കൂളുകൾ മുഖേന പ്രത്യേക ഓൺലൈൻ ക്ലാസ്സുകൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) തൃപ്തികരമായ ഓൺലൈൻ പഠനത്തിലൂടെ പഠന നിലവാരം ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

**150 - 200 വർഷം പഴക്കമുള്ള സ്കൂളുകൾക്ക് പ്രത്യേക ധനസഹായം**

827 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 200 വർഷം പഴക്കമുള്ള സ്കൂളുകൾക്ക് പ്രത്യേക ധനസഹായം നൽകുമെന്ന് 2017 - 18 ലെ ബഡ്ജറ്റ് പ്രസംഗത്തിലും 150 വർഷം പിന്നിട്ട സ്കൂളുകൾക്ക് പ്രത്യേക ധനസഹായം നൽകുമെന്ന് 2018 - 19 ലെ ബഡ്ജറ്റ് പ്രസംഗത്തിലും പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ & ഹയർ സെക്കന്ററി സ്കൂളിനും മാവേലിക്കര ഗവൺമെന്റ് എൽ.പി.എസിനും ധനസഹായം നൽകുമോയെന്നും ധനസഹായം നൽകുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(സി) പ്രസ്തുത ആവശ്യത്തിലേക്ക് വിശദമായ എസ്റ്റിമേറ്റും പ്ലാനും സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടോയെന്നും അതിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

## കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂളിലെ നിർമ്മാണ പ്രവൃത്തി

828 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലുൾപ്പെടുത്തി മൂന്നുകോടി രൂപ ചിലവിൽ നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂളിന്റെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണ് എന്നും ഈ പ്രവർത്തിയുടെ എസ്.പി.വി ആരാണ് എന്നും അറിയിക്കാമോ?

## നെന്മാറ - വട്ടേക്കാട് സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി

829 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെയും വട്ടേക്കാട് ഗവൺമെന്റ് യു.പി. സ്കൂളിന്റെയും നിർമ്മാണ പ്രവൃത്തി വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാണ് കരാർ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) നിലവിൽ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളുകളുടെ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## ഉടുമ്പൻചോല മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ കെട്ടിട നിർമ്മാണം

830 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ കെട്ടിട

നിർമ്മാണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം ഓരോ സ്കൂളിന്റെയും പേര്, അതത് സ്കൂളിൽ അനുവദിച്ച തുക എന്നിങ്ങനെ തിരിച്ച് നൽകുമോ;

(ബി) ഈ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോ കെട്ടിടങ്ങളുടേയും നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ?

## പൂഞ്ഞാർ ഗവ.എൽ.പി.സ്കൂൾ കെട്ടിടനിർമ്മാണം

831 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പൂഞ്ഞാർ ഗവ.എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണം സംബന്ധിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂളിന്റെ കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## പ്രൈമറി സ്കൂളുകളിലെ പ്രധാന അധ്യാപകരുടെ നിയമനം

832 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാന അധ്യാപകരില്ലാത്ത എത്ര ഗവൺമെന്റ്/എയ്ഡഡ് പ്രൈമറി സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രൈമറി സ്കൂളുകളിൽ പ്രധാന അധ്യാപക പ്രൊമോഷൻ അവസാനമായി നടപ്പിലാക്കിയ വർഷം അറിയിക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും കോടതി വ്യവഹാരങ്ങൾ നിലവിലുണ്ടെങ്കിൽ അവ വേഗത്തിൽ തീർപ്പ് കൽപ്പിച്ച് പ്രൈമറി സ്കൂളുകളിലെ പ്രധാന അധ്യാപകരുടെ നിയമനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## എച്ച്.എസ്.എസ്.ടി. ഒഴിവുകൾ

833 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മാർച്ച് 31 ന് ശേഷം വിരമിക്കൽ മൂലമുണ്ടായ എച്ച്.എസ്.എസ്.ടി. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സർക്കാർ മേഖലയിൽ 2010-ന് ശേഷം അനുവദിക്കപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾക്ക് നാളിതുവരെയായും അംഗീകാരം ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഉദ്യോഗസ്ഥഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പിന്റെ ഉപ.സി3/149/2018 ഉപ.ഭവ 10/08/2018 പരിപത്രം പ്രകാരം 2019 കലണ്ടർ വർഷത്തെയും ഉപ.സി3/101/2019

ഉപ.ഭവ 20/09/2019 പരിപത്രം പ്രകാരം 2020 കലണ്ടർ വർഷത്തെയും എത്ര പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചും റിപ്പോർട്ട് ചെയ്ത തീയതി അനുസരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) വി.എച്ച്.എസ്.ഇയിൽ പ്രത്യേക റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ നിലവിലുള്ള എച്ച്.എസ്.എസ്.ടി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്ന കാര്യം പരിഗണിക്കാമോ എന്ന് അറിയിക്കുമോ?

## കാസർകോട് ജില്ലയിലെ സ്കൂളുകൾ

834 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ സർക്കാർ തലത്തിലും എയ്ഡഡ് തലത്തിലും അൺഎയ്ഡഡ് തലത്തിലും എത്ര എൽ.പി/യു.പി/ഹൈസ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെയുള്ള അദ്ധ്യാപകരുടെയും കുട്ടികളുടെയും എണ്ണം സ്കൂൾ തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സ്കൂളുകളിൽ അദ്ധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; അദ്ധ്യാപക നിയമനത്തിന് അംഗീകാരം ലഭിക്കാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദാംശം സ്കൂൾ തിരിച്ച് നൽകാമോ;

(ഡി) ഈ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ മുന്നിൽ നിൽക്കുന്നതും ഏറ്റവും പിന്നോക്കാവസ്ഥയിൽ കഴിയുന്നതുമായ സ്കൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## സംരക്ഷിത ജീവനക്കാരുടെ പുനഃർവിന്യാസം

835 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-06-2016, 01-06-2020 എന്നീ തീയതികളിൽ മലപ്പുറം ജില്ലയിൽ അനദ്ധ്യാപകവിഭാഗത്തിൽപ്പെട്ട സംരക്ഷിത എഫ്.ടി. മീനിയൽ ജീവനക്കാർ ഉണ്ടായിരുന്നോ; ഉണ്ടായിരുന്നുവെങ്കിൽ പുനർവിന്യാസം വഴി ഇവരെ നിയമിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## എച്ച്എസ്എ.ഇംഗ്ലീഷ് നിയമനം

836 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു വിഭാഗം ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് വിഷയം പഠിപ്പിക്കാൻ ഇംഗ്ലീഷ് വിഷയ അദ്ധ്യാപകർ ഇല്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

## ദേലമ്പാടി സ്കൂളുകളിലെ അദ്ധ്യാപകക്ഷാമം

837 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കർണ്ണാടകയുമായി ചേർന്നുകിടക്കുന്നതും വനപ്രദേശത്താൽ ചുറ്റപ്പെട്ടതുമായ ദേലമ്പാടി പഞ്ചായത്തിലെ രണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിലും ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലും വർഷങ്ങളായി സ്ഥിരമായി അദ്ധ്യാപകർ വരാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ നിയമിച്ചാൽത്തന്നെ സർവ്വീസ് ചട്ടപ്രകാരം സ്ഥലംമാറ്റത്തിന് അപേക്ഷ നൽകുകയോ മെഡിക്കൽ ലീവ് എടുക്കുകയോ ചെയ്യുകമൂലം കന്നഡ ഭാഷാന്യൂനപക്ഷ പഞ്ചായത്തുകളായ ഇവിടുത്തെ കുട്ടികളുടെ പഠനം സ്ഥിരമായി മുടങ്ങിപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരത്തിലുള്ള സ്കൂളുകളിലെ അദ്ധ്യാപകക്ഷാമം ശാശ്വതമായി പരിഹരിക്കാൻ പ്രത്യേക നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

## എൽ.ഡി. ക്ലർക്കിന്റെ ഒഴിവുകൾ

838 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ വിദ്യാഭ്യാസവകുപ്പിന് കീഴിൽ എൽ.ഡി. ക്ലർക്കിന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## സിസ്റ്റർ ത്രേസ്യയുടെ അവധി അപേക്ഷ

839 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സെൻറ് മൈക്കിൾസ് എച്ച്.എസ്സ്.എസ്സിലെ സിസ്റ്റർ ത്രേസ്യ പി. ജെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൻമേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കാമോ;

(ബി) സിസ്റ്റർ ത്രേസ്യയുടെ അപേക്ഷയിൽ എന്നേക്ക് തീർപ്പ് കൽപ്പിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) ഈ ഫയൽ തീർപ്പാക്കാതിരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

## ഉറുദു അദ്ധ്യാപക തസ്തിക

840 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നിന്നും എസ്.എസ്.എൽ.സി. വരെ ഉറുദു ഒന്നാം ഭാഷ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി/വി.എച്ച്.എസ്.സി.

തലത്തിൽ ഉപഭാഷ ഉറുദു പഠിക്കുന്നതിന് അവസരം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി ഹയർ സെക്കണ്ടറി/വി.എച്ച്.എസ്.സി.യിൽ ഉറുദു അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക**

841 **ശ്രീ . സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക ഇല്ലാത്ത എത്ര ഹൈസ്കൂളുകളാണ് സംസ്ഥാനത്തുള്ളതെന്ന് അറിയിക്കാമോ; ഈ സ്കൂളുകളിൽ ഇംഗ്ലീഷ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതെങ്ങനെയാണെന്ന് വിശദമാക്കാമോ;

(ബി) ഇംഗ്ലീഷ് പഠിപ്പിക്കുവാൻ യോഗ്യതയുള്ള പതിനായിരക്കണക്കിന് ഉദ്യോഗാർത്ഥികൾ നിലനിൽക്കുമ്പോൾ മറ്റു വിഷയങ്ങളിൽ യോഗ്യതയുള്ളവർ ഹൈസ്കൂൾ ക്ലാസ്സുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന സാഹചര്യം ഉണ്ടാകുന്നത് മൂലം കുട്ടികളുടെ ഇംഗ്ലീഷിലുള്ള നിലവാരം കുറയുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക ഇല്ലാത്ത ഹൈസ്കൂളുകളിൽ പ്രസ്തുത തസ്തിക അടിയന്തരമായി സൃഷ്ടിക്കാൻ നടപടിയെടുക്കുമോ എന്ന് വിശദമാക്കുമോ?

**സി.ബി.എസ്സ്.ഇ സ്കൂളുകളിലെ ട്യൂഷൻ ഫീസ്**

842 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്സ്.ഇ സ്കൂളുകളിലെ കുട്ടികളുടെ ട്യൂഷൻ ഫീസിൽ ഇളവ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പലതും സ്പെഷ്യൽ ഫീസ് വാങ്ങുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;ആയതിന് നിയന്ത്രണം ഏർപ്പെടുത്തുമോ എന്ന് അറിയിക്കുമോ?

**അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പളം**

843 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണാനുമതി ലഭിക്കാത്തത് കാരണം സ്കൂളുകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ കെട്ടിട നിർമ്മാണാനുമതി ലഭിക്കാത്തതിന്റെ പേരിൽ ജീവനക്കാരുടെ ശമ്പളം തടഞ്ഞു വയ്ക്കാൻ വ്യവസ്ഥയുണ്ടോ എന്നറിയിക്കാമോ;

(സി) മണിയൂർ ഗ്രാമപഞ്ചായത്തിലെ ആറങ്ങോട് എം.എൽ.പി. സ്കൂളിലെ അദ്ധ്യാപകർക്ക് 8 മാസമായി ശമ്പളം ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്കൂളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ശമ്പളം ലഭിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ; ഇവർക്ക് ശമ്പളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

**<u>ചിത്തിരപുരം ഗവ. ഐ ടി ഐ ക്ക് എൻ.ഒ.സി. നൽകുന്നതിന് നടപടി</u>**

844 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ ചിത്തിരപുരത്ത് പ്രവർത്തിക്കുന്ന ഗവ. ITI ക്ക് അനുവദിച്ച സ്ഥലത്തിന്റെ ബി.ടി.ആറിൽ പൊതുവിദ്യാഭ്യാസ വകുപ്പ് എന്ന് പേര് ചേർത്തിരിക്കുന്നതിനാൽ, പൊതുവിദ്യാഭ്യാസ വകുപ്പ് എൻ.ഒ.സി. നൽകുന്നതിന് ഫയൽ ലഭിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ആയതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഫയൽ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

**<u>സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം</u>**

845 **ഡോ.കെ.ടി.ജലീൽ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലയിൽ കാഴ്ച-കേൾവി പരിമിതിയുള്ള ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സ്കൂളുകൾ തുറന്നു പ്രവർത്തിക്കാത്തതിനാൽ അധ്യാപകരുടെ സഹകരണത്തോടെ വീടുകളിൽ പഠനം നടത്തുന്ന ഇത്തരം കുട്ടികളെയും ഭക്ഷ്യഭദ്രത അലവൻസ് ഭക്ഷ്യക്കിറ്റുകളായി വീടുകളിൽ വിതരണം ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) അന്ധ-ബധിര വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യം കാലാനുസൃതമായും അവരുടെ പരിമിതികൾക്കിണങ്ങുന്നതുമായ രീതിയിൽ ആധുനിക സൗകര്യങ്ങളോടെ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**<u>പൊതു വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് അധ്യാപക നിയമനം</u>**

846 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളിലും ഹൈസ്കൂൾ തലത്തിൽ മലയാളം, ഹിന്ദി എന്നീ വിഷയങ്ങൾ പഠിപ്പിക്കാൻ അദ്ധ്യാപകർ ഉള്ളതു പോലെ ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുവാൻ പ്രത്യേകം ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

## എൽ.പി സ്കൂളുകളിലെ റിട്ടയർമെന്റ് ഒഴിവുകൾ

847 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജനവരി 1 മുതൽ 2025 ഡിസംബർ 31 വരെ എറണാകുളം ജില്ലയിലെ സർക്കാർ എൽ.പി. സ്കൂളുകളിൽ ഉണ്ടായേക്കാവുന്ന റിട്ടയർമെന്റ് ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ വർഷങ്ങളിൽ എറണാകുളം ജില്ലയിലെ സർക്കാർ എൽ.പി. സ്കൂളുകളിൽ ഉണ്ടായേക്കാവുന്ന പ്രധാന അദ്ധ്യാപകരുടെ റിട്ടയർമെന്റ് ഒഴിവുകൾ വർഷാടിസ്ഥാനത്തിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയ വിദ്യാഭ്യാസ നയ പ്രകാരം എൻ.എസ്.ക്യു.എഫ്. പാഠ്യപദ്ധതി ഒമ്പതാം ക്ലാസ് മുതൽ നടപ്പിലാക്കുവാൻ കേന്ദ്ര നിർദ്ദേശം ഉണ്ടായിട്ടും അത് നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## വയനാട് ജില്ലയിലെ അദ്ധ്യാപക തസ്തിക

848 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം വയനാട് ജില്ലയിൽ എത്ര അദ്ധ്യാപകർക്കാണ് പി.എസ്.സി. വഴി നിയമനം നൽകിയത് എന്ന് വ്യക്തമാക്കുമോ;

(ബി) തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ നിലവിൽ എത്ര അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന കാര്യം വ്യക്തമാക്കാമോ?

## എച്ച്.എസ്.എ. തസ്തികയിലെ ബൈ ട്രാൻസ്ഫർ നിയമനം

849 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 2013 ന ശേഷം നാളിതു വരെ എൽ.പി./യു.പി. അദ്ധ്യാപകർക്ക് എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ പ്രൊമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കാണ് പ്രമോഷൻ നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ജില്ലയിൽ യോഗ്യരായ എൽ.പി./യു.പി. അദ്ധ്യാപകർക്ക് അർഹതപെട്ട ക്വാട്ടക്ക് ആനുപാതികമായി ബൈ ട്രാൻസ്ഫർ പ്രൊമോഷൻ നൽകുവാൻ നിർദേശം നൽകുമോ ?

## പ്രധാന അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ

850 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അധ്യയന വർഷം ആരംഭിക്കുമ്പോൾ സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളിൽ നിലവിലുള്ള പ്രധാന അദ്ധ്യാപക തസ്തികയിൽ എത്ര ഒഴിവുകൾ നികത്താനുണ്ട്

എന്നറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതു മൂലം സ്കൂളുകളിൽ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികകൾ സമയബന്ധിതമായി നികത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ നികത്താൻ കഴിയാത്തതിന്റെ സാങ്കേതിക കാരണം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകയുടെ സംരക്ഷണം

851 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കൻഡറി സ്കൂളിൽ യു.പി.എസ്.എ. തസ്തികയിൽ 2013 ജൂൺ മാസം മുതൽ ജോലി ചെയ്തു വന്നിരുന്ന ശ്രീമതി.മഹിത.ആർ എന്ന അദ്ധ്യാപികയ്ക്ക് 2018-19 അദ്ധ്യായനവർഷത്തിലെ തസ്തിക നിർണ്ണയത്തിൽ കുട്ടികളുടെ കുറവ് ഉണ്ടായതിനാൽ തസ്തിക നഷ്ടപ്പെടുകയുണ്ടായോ; എങ്കിൽ പ്രസ്തുത അദ്ധ്യാപികയ്ക്ക് സംരക്ഷണം നൽകുന്നവിധത്തിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) മേൽപ്പറഞ്ഞ തരത്തിൽ തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകർക്ക് സംരക്ഷണാനുകൂല്യം ലഭിക്കുന്നതുമായി ബന്ധപ്പെട്ട ജെ2/186/2018 എന്ന ഫയലിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

## പാർട്ട്ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തിക

852 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എത്ര പാർട്ട്ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പി.എസ്.സി. നിയമന ശിപാർശ നൽകിയ എത്ര പേർക്ക് ഇനി നിയമനം നൽകാനുണ്ടെന്ന് പേരു വിവരമുൾപ്പെടെ വ്യക്തമാക്കാമോ?

## സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ

853 **ശ്രീ ഡി കെ മുരളി**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സാക്ഷരതാ മിഷൻ മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിവരിക്കാമോ;

(ബി) കുടുംബപരമായതോ സാമൂഹ്യ സാഹചര്യങ്ങളോ കാരണം പഠനം

മുടങ്ങിപ്പോയവർക്കും സാക്ഷരതാമിഷന്റെ പ്രവർത്തനത്തിലൂടെ മുഖ്യധാരയിലേയ്ക്ക് എത്തുന്നതിന് സാധിക്കുന്നതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ തടസ്സം വരാതെ മുന്നോട്ടു കൊണ്ട് പോകുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

## കിറ്റ്കോ കമ്പനികളിലെ പരിശോധന

854 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് കിറ്റ്കോ ഗ്രൂപ്പിന്റെ കമ്പനികളിൽ നടത്തിയ പരിശോധന റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) പരിശോധന റിപ്പോർട്ടിന്റെ പ്രധാന കണ്ടെത്തലുകൾ വിശദമാക്കാമോ;

(സി) പരിശോധന റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## തൊഴിൽമേഖലകളിൽ മിനിമം വേതനം

855 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിൽമേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെ കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പട്ടികയിൽ നിന്നും ഇതിനകം ഏതൊക്കെ മേഖലകളിലാണ് മിനിമം വേതനം പുതുക്കി നിശ്ചയിച്ചത് ; വിശദ വിവരം ലഭ്യമാക്കുമോ;

(സി) മിനിമം വേതനം നടപ്പിലാക്കാനുള്ള മറ്റ് മേഖലകൾ ഏതൊക്കെയാണ്; പ്രസ്തുത മേഖലകളിൽ മിനിമം വേതനം നടപ്പിലാക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെകുറിച്ച് വിശദമാക്കാമോ?

## ക്ഷേമനിധിയിൽ നിന്നും പെൻഷൻ ലഭ്യമാക്കാൻ നടപടി

856 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ കെ.എം.ടി/11/ എസ്.സി.ഡബ്ല്യു3/286 നമ്പർ തൊഴിലാളി വിഹിതം അടച്ചുവന്നിരുന്ന ചന്ദ്രൻ.കെ എന്നയാൾക്ക് അറുപത് വയസ്സ് കഴിഞ്ഞിട്ടും പെൻഷൻ നൽകിയിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷേമനിധി കാലാവധി കഴിഞ്ഞത് അറിയാതെ അറുപത് വയസ്സിന് ശേഷവും വിഹിതമടച്ചതിന്റെ പേരിൽ പെൻഷൻ നിഷേധിക്കപ്പെടുന്നത് തിരുത്തി ടിയാന് പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

## മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

857 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചത് എന്നാണ്; ആർക്കൊക്കെ ഇതിൽ അംഗമാകാൻ കഴിയും; അറിയിക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപ് പ്രവർത്തിച്ചിരുന്ന ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായവരെ പുതിയ ക്ഷേമനിധിയിൽ അംഗമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ;

(സി) മോട്ടോർ അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്ന സ്കാറ്റേഡ് തൊഴിലാളികൾക്ക് ഇപ്പോൾ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകിയിട്ടുണ്ടോ; ഇവരുടെ ഉടമാവിഹിതം ക്ഷേമനിധിയിൽ അടയ്ക്കാൻ കഴിയാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവ പരിഹരിക്കുന്നതിന് ആക്റ്റിലും ചട്ടത്തിലും ഭേദഗതികൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

## തൊഴിലാളി ക്ഷേമനിധികളുടെ സംയോജനം

858 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നോ; അതിനുള്ള നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേമനിധി ബോർഡുകളുടെ സംയോജനം പൂർത്തിയാകാത്തതിനാലും ബോർഡുകൾക്ക് വരുമാനമില്ലാത്തതിനാലും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകാൻ ബുദ്ധിമുട്ട് വരാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ക്ഷേമനിധി ബോർഡുകൾ കാര്യക്ഷമമാക്കുന്നതിനും ചെറിയ ബോർഡുകളുടെ സംയോജനം നടത്തുന്നതിനും അടിയന്തര നടപടികൾ കൈക്കൊള്ളുമോ?

## ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി

859 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിയ്ക്കായി നിർമാണത്തൊഴിലാളി ക്ഷേമബോർഡ് സമർപ്പിച്ച പദ്ധതി രൂപരേഖയിൽ ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി രൂപരേഖയിൽ ഭേദഗതികൾ ഉൾപ്പെടുത്തി അംഗീകാരം നൽകുവാൻ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കാമോ ;

(സി) കാലതാമസം കൂടാതെ തന്നെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിയുടെ നിർമാണ

പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

**കോവിഡ് മഹാമാരിയെത്തുടർന്നുള്ള തൊഴിൽ നഷ്ടം**

860 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങളെയും അതിൽ പണിയെടുക്കുന്ന തൊഴിലാളികളെയും എങ്ങനെ ബാധിച്ചു എന്നതു സംബന്ധിച്ച് സർക്കാർ നിലവിൽ ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) തൊഴിൽ നഷ്ടപ്പെട്ടവർക്ക് കേന്ദ്രസർക്കാർ എന്തെങ്കിലും ആനുകൂല്യങ്ങൾ നല്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

**തോട്ടം മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം**

861 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിൽ ഇ. എസ്. ഐ സ്കീം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) അതിന്റെ നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ?

**ഓട്ടോ, ടാക്സി മേഖലയെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി**

862 **ശ്രീ . എൻ . ഷംസുദീൻ**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ദുരിതവും പെട്രോളിയം ഉൽപ്പന്നങ്ങളുടെ തുടരെയുള്ള വിലവർദ്ധനവും ഓട്ടോ, ടാക്സി മേഖലയെ പ്രതികൂലമായി ബാധിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദുരിതം അകറ്റുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**കഞ്ചിക്കോട്ടെ തൊഴിലാളികളുടെ ക്ഷേമം**

863 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് വ്യവസായമേഖലയിലെ അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് 'അപ്ലാഘലർ' മാതൃകയിൽ ഹോസ്റ്റൽ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## മിനിമം വേതന നിയമം

864 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു മിനിമം വേതന നിയമം നടപ്പിലാക്കാത്ത എത്ര വ്യവസായ സംരംഭങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## പുതിയ ഐ.ടി.ഐ അനുവദിക്കുന്നതിനുള്ള നടപടികൾ

865 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ നിലവിൽ ഐ.ടി.ഐ ഇല്ലാത്ത സാഹചര്യത്തിൽ പുതിയ ഐ.ടി.ഐ അനുവദിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുവാൻ സന്നദ്ധമാകുമോ;

(ബി) പുതിയ ഐ.ടി.ഐ-കൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദംശങ്ങൾ നൽകുമോ?

## പെരിങ്ങോം ഗവൺമെന്റ് ഐ.റ്റി.ഐ.ക്ക് പുതിയകെട്ടിടം

866 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം ഗവൺമെന്റ് ഐ.റ്റി.ഐ.ക്ക് പുതിയകെട്ടിടം നിർമ്മിക്കാൻ വകുപ്പിൽ നിന്ന് ഫണ്ട് അനുവദിച്ചിരുന്നോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ഡെപ്പോസിറ്റ് വർക്ക് ആയിട്ടാണോ ചെയ്തത് എന്നറിയിക്കാമോ;

(സി) ടെണ്ടർ ബാലൻസ് ആയി എത്ര തുക നീക്കിയിരിപ്പുണ്ട്;

(ഡി) നിലവിൽ ഒന്നാം നിലയുടെ പ്രവൃത്തികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ടെണ്ടർ ബാലൻസ് തുക ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തികരിക്കാൻ സാധിക്കുമോ;

(ഇ) ബാക്കിയുള്ള പ്രവൃത്തി ചെയ്യുന്നതിന് ഗവൺമെന്റിൽ നിന്ന് പുതിയ ഭരണാനുമതി ആവശ്യമുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## മാടായി ഗവൺമെന്റ് ഐ. ടി. ഐ. യിൽ പുതിയ കോഴ്സുകൾ

867 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച അടിസ്ഥാന സൗകര്യം ലഭ്യമായ കണ്ണൂർ ജില്ലയിലെ മാടായി ഗവൺമെന്റ് ഐ. ടി. ഐ-യിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

വിശദമാക്കാമോ?

**<u>സർക്കാർ ഐ.റ്റി.ഐ. യുടെ പ്രവർത്തനം</u>**

868 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആലപ്പാട് അനുവദിച്ച സർക്കാർ ഐ.റ്റി.ഐ. യുടെ പ്രവർത്തനം ഏതുവരെയായി എന്ന് വിശദമാക്കാമോ?

**<u>ഭാഷാന്യൂനപക്ഷ ഐ.ടി.ഐ</u>**

869 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെയിൽ ഐ.ടി.ഐ തുടങ്ങുമെന്ന് മുൻ സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ ഭാഷാന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണോ പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഉറുദ്ദു,കന്നട ഭാഷാ ന്യൂനപക്ഷ ഐ.ടി.ഐ എവിടെയൊക്കെയാണ് നിലവിൽ ഉള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഉറുദ്ദു,കന്നട ഭാഷാന്യൂനപക്ഷങ്ങൾ ഏറ്റവും കൂടുതലുള്ള മഞ്ചേശ്വരം മണ്ഡലത്തിൽ ഭാഷാ ന്യൂനപക്ഷ ഐ.ടി.ഐ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; പൈവെളിഗെ ഐ.ടി.ഐ ഈ വർഷം ആരംഭിക്കുവാൻ കഴിയുമോയെന്ന് അറിയിക്കുമോ?

**<u>പന്ന്യന്നൂർ ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണം</u>**

870 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ പന്ന്യന്നൂർ സർക്കാർ ഐ.ടി.ഐ.യുടെ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് എന്തൊക്കെ നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്നും കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

**<u>എംപ്ലോയ് മെന്റ് എക്സ്ചേഞ്ച്</u>**

871 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ ഇപ്പോൾ എത്ര ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൽ സ്ത്രീകളെത്ര; പുരുഷന്മാർ

എത്ര;വിശദവിവരം ലഭ്യമാക്കുമോ;

(ബി) പി. എസ്. സി. വഴി നിയമനം ലഭിച്ച പലരും എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരാണെന്നിരിക്കെ അത്തരം ഉദ്യോഗാർത്ഥികളുടെയും മറ്റ് സർക്കാർ ജോലി ലഭിച്ചവരുടെയും പേരുകൾ പ്രസ്തുത രജിസ്റ്ററിൽ നിന്നും ഒഴിവാക്കാൻ ഇപ്പോൾ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## തൊഴിലില്ലായ്മ പരിഹരിക്കാനുള്ള നടപടികൾ

872 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉയർന്ന തോതിലുള്ള തൊഴിലില്ലായ്മയും യോഗ്യതക്കനുസരിച്ചുള്ള തൊഴിലിന്റെ ദൗർലഭ്യവും പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് കൽപ്പറ്റ നിയോജക മണ്ഡലത്തിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

(സി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്വയം തൊഴിൽ പദ്ധതികൾ പരിപോഷിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## എടരിക്കോട് ഇ.എസ്.ഐ ആശുപത്രിയുടെ വികസനം

873 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ എടരിക്കോട് ഇഎസ്ഐ ആശുപത്രിയുടെ വികസനം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ആശുപത്രിക്ക് സ്വന്തമായി കെട്ടിടം ലഭ്യമാക്കുവാൻ വേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്ഥലത്തിനു വേണ്ടി റവന്യൂ വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

## പേരാമ്പ്ര റഗുലേറ്റഡ് മാർക്കറ്റ് ഭൂമി

874 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര റഗുലേറ്റഡ് മാർക്കറ്റ് ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാനുള്ള സർക്കാർ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തകാര്യം

ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്റ്റേ ഒഴിവാക്കി പ്രസ്തുത ഭൂമി ഗവൺമെന്റിൽ നിക്ഷിപ്തമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

## മരം മുറിയുമായി ബന്ധപ്പെട്ട ഉത്തരവ്

875 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മരം മുറിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് പുറപ്പെടുവിച്ച 24.10.2020-ലെ GO (P) No: 261/2020/RD നമ്പർ ഉത്തരവ് നിയമപരമായി നിലനിൽക്കുമോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് കേന്ദ്ര സംസ്ഥാന വനം ആക്ടുകൾക്ക് വിധേയമായാണോ തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നോ എന്നും എങ്കിൽ നിയമ വകുപ്പിന്റെ ഉപദേശം എന്തായിരുന്നുവെന്നും അറിയിക്കുമോ?

## വസ്തുക്കളുടെ ഉടമസ്ഥാവകാശം

876 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ തമ്മിൽ വസ്തുക്കളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കങ്ങൾ കാരണം കോടതികളിലും മറ്റും കേസുകൾ നിലനിൽക്കുന്ന സാഹചര്യങ്ങളിൽ, ടി വസ്തുക്കളുടെ വിൽപ്പന നടത്തുന്നതിന് സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സാധിക്കുമെങ്കിൽ വിൽപ്പനക്ക് അനുമതി നൽകുന്നചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെയും സാധിക്കില്ലെങ്കിൽ അത് സംബന്ധിച്ച ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെയും പകർപ്പ് ലഭ്യമാക്കുമോ ?

## കുറ്റ്യാടി മണ്ഡലത്തിൽ വിവിധ വകുപ്പുകളുടെ അധീനതയിൽ ഉള്ള ഭൂമിയുടെ വിശദാംശങ്ങൾ

877 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇറിഗേഷൻ വകുപ്പ്, വ്യവസായ വകുപ്പ് തുടങ്ങി ഏതൊക്കെ വകുപ്പുകളുടെ അധീനതയിൽ നിലവിൽ എത്ര അളവ് ഭൂമിയുണ്ട് എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമികൾ ഓരോന്നും നിലവിൽ ഏതൊക്കെ ആവശ്യത്തിനായി ഉപയോഗിക്കുന്നതാണെന്നും വ്യക്തമാക്കാമോ?

## വിവരാവകാശ അപേക്ഷകൾ

878 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിവരാവകാശ അപേക്ഷകളിന്മേൽ മറുപടി

പരമാവധി വൈകിപ്പിച്ച് മാത്രം നൽകിയാൽ മതിയെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) മുട്ടിൽ മരംമുറി സംബന്ധിച്ച് വിവരാവകാശ അപേക്ഷയിൽ സമയബന്ധിതമായി മറുപടി നൽകിയതിന്റെ പേരിൽ റവന്യൂ വകുപ്പിലെ അണ്ടർ സെക്രട്ടറിയോട് നിർബന്ധിത അവധിയിൽ പ്രവേശിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശം നൽകിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം നിർബന്ധിത അവധി നൽകാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ഡി) മരംമുറി വിഷയവുമായി ബന്ധപ്പെട്ട ഫയലിൽ ഭൂപതിവ് പ്രദേശത്ത് നിൽക്കുന്ന ചന്ദനമരം ഒഴികെയുള്ള രാജകീയ വൃക്ഷങ്ങൾ മുറിക്കാൻ അനുമതി നൽകി ഉത്തരവിറക്കുന്നത് ചട്ടവിരുദ്ധമാണെന്ന് ഫയലിൽ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയത് എന്ത് മാനദണ്ഡ പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഇ) മാനദണ്ഡങ്ങൾ മറികടന്ന് സർവ്വീസ് സംഘടനാ നേതാക്കൾ ഉൾപ്പെടെയുള്ളവരെ സെക്രട്ടേറിയറ്റ് ക്യാംപസിനു പുറത്തേയ്ക്ക് സ്ഥലം മാറ്റിയ നടപടി അടിയന്തരമായി മരവിപ്പിക്കുമോ; വ്യക്തമാക്കുമോ?

## ചാത്തന്നൂർ താലൂക്ക് രൂപീകരണം

879 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വലിയ താലൂക്കുകളിലൊന്നായ കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ജനങ്ങളുടെയും ജനപ്രതിനിധികളുടേയും ദശാബ്ദങ്ങളായുള്ള ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) താലൂക്ക് പുനഃസംഘടന സംബന്ധിച്ചും പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിയോഗിച്ച ടീം ഇതിനകം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ ?

## പട്ടയഭൂമി ദുരുപയോഗം

880 **ശ്രീ. പി. ടി. തോമസ്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമി ദുരുപയോഗം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ റവന്യൂ വകുപ്പിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പട്ടയ വ്യവസ്ഥകൾ ലംഘിച്ച കേസുകൾ കണ്ടെത്തി നടപടിയെടുക്കണമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കൈവശ അവകാശ സർട്ടിഫിക്കറ്റുകളിൽ പട്ടയ ഭൂമി ഏത് ആവശ്യത്തിനായി പതിച്ച നൽകിയതാണെന്ന് രേഖപ്പെടുത്താണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ ഇപ്രകാരം രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പട്ടയഭൂമിയുടെ ദുരുപയോഗം തടയുന്നതിനായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

## <u>അനധികൃത മരം മുറി</u>

881 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി കിളിർത്തുവന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിനു 24.10.2020-ന റവന്യൂ വകുപ്പ് ഇറക്കിയ ഉത്തരവിനെത്തുടർന്ന് ആശങ്ക അറിയിച്ച ജില്ലാ കളക്ടർമാർ ആരൊക്കെയെന്ന് വ്യക്തമാക്കാമോ; കളക്ടർമാരുടെ ഇത് സംബന്ധിച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>പട്ടയഭൂമിയിലെ മരംമുറി</u>

882 **ശ്രീ .പി. കെ. ബഷീർ**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് 2020 ഒക്ടോബറിൽ പുറപ്പെടുവിച്ച റവന്യൂ വകുപ്പിന്റെ ഉത്തരവ് പിന്നീട് റദ്ദാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കുവാൻ ഇടയായ സാഹചര്യം എന്താണെന്നു വിശദമാക്കുമോ;

(സി) പിൻവലിച്ച ഉത്തരവിലെ പോരായ്മകൾ പരിഹരിച്ച് കർഷകരുടെ താൽപര്യാർത്ഥം പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>തിരുവനന്തപുരം ജില്ലയിലെ പാർട്ട്-ടൈം ജീവനക്കാരുടെ തസ്തികമാറ്റം</u>

883 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പാർട്ട്-ടൈം ജീവനക്കാരുടെ തസ്തികമാറ്റം മുഖേന നിയമനം നടത്തുന്നതിനുള്ള മുൻഗണനാ പട്ടിക അവസാനമായി തയ്യാറാക്കിയിട്ടുള്ളത് ഏതു വർഷത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പട്ടിക ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പട്ടിക നിലവിലില്ലെങ്കിൽ ആയത് തയ്യാറാക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച നടപടികൾ വിശദമാക്കാമോ?

## ദേശീയ പാതയിലെ പാറക്കടത്ത്

884 **ശ്രീ . എൻ . ഷംസുദീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി - ധനുഷ്ക്കോടി ദേശീയപാതയിലെ ഗ്യാപ്പ് റോഡിൽ നിന്നും 50,000 ലോഡ് പാറപൊട്ടിച്ച് കടത്തിയതായി പറയപ്പെടുന്ന സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) അനധികൃതമായി കടത്തിയ പാറയുടെ വില ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനകം എത്ര തുക ഈടാക്കിയെന്ന വിശദമാക്കുമോ?

## മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ്

885 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ റവന്യൂ വകുപ്പിൽ നിന്നും മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ ഉത്തരവുകൾ സംബന്ധിച്ച ഫയലിൽ ഒപ്പുവച്ചവരുടെ പേരു വിവരം തസ്തിക സഹിതം അറിയിക്കുമോ;

(സി) ഈ ഫയലിൽ വിയോജനക്കുറിപ്പുകൾ രേഖപ്പെടുത്തുകയുണ്ടായോ എന്ന് വിശദമാക്കുമോ;

(ഡി) ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതോ ഉത്തരവുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും ജീവനക്കാരനെതിരെ നടപടികൾ സ്വീകരിക്കുകയുണ്ടായോ;

(ഇ) ഇപ്രകാരം നടപടി സ്വീകരിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

## ട്രീ റെജിസ്റ്ററി

886 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയ ഭൂമി പതിച്ചു നൽകുമ്പോൾ ആ ഭൂമിയിലുള്ള ചന്ദനം, തേക്ക്, ഈട്ടി, കരിമരം എന്നിവയുടെ എണ്ണം സൂക്ഷിക്കാറുണ്ടോ; ഇതിനായി ട്രീ റെജിസ്റ്റി റവന്യൂ വകുപ്പ് സൂക്ഷിക്കുന്നുണ്ടോ; ഇത് പ്രകാരം വിവിധ ജില്ലകളിൽ എത്ര മരങ്ങളാണ് നാളിതുവരെ രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## മരം മുറി ഉത്തരവ്

887 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയ ചന്ദനമല്ലാത്ത മരങ്ങൾ മുറിക്കാമെന്ന് റവന്യൂ വകുപ്പ് സർക്കുലർ ഇറക്കുകയുണ്ടായോ; സർക്കുലറിലെ അവ്യക്തത ചൂണ്ടിക്കാട്ടി ജില്ലാ കളക്ടർമാർ സർക്കാരിനെ സമീപിക്കുകയുണ്ടായോ;

(ബി) ഇതിനെ തുടർന്ന് വിശദമായ ഉത്തരവ് ഇറക്കുകയുണ്ടായോ; പതിച്ച് നൽകിയ ഭൂമിയിൽ നിന്നും കർഷകർ വെച്ച് പിടിപ്പിച്ച മരങ്ങൾ മാത്രമല്ല, ഭൂമി ലഭിക്കുന്ന സമയത്ത് വില അടച്ച് രജിസ്റ്റർ ചെയ്ത മരങ്ങൾ കൂടി മുറിക്കാമെന്നും അതിന് മറ്റ് പ്രത്യേക അനുവാദം വാങ്ങേണ്ടതില്ലെന്നും ഇങ്ങനെ മരം മുറിക്കുന്നത് തടസ്സപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി ഉണ്ടാകുമെന്നും ഇതു സംബന്ധിച്ച ഉത്തരവിൽ പരാമർശിക്കുകയുണ്ടായോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിലെ ആനുകൂല്യം ഉപയോഗിച്ചാണോ സംരക്ഷിത മരങ്ങളായ തേക്ക്, ഈട്ടി തുടങ്ങിയവ മുറിച്ചു മാറ്റിയതെന്ന് വ്യക്തമാക്കാമോ; ഈ മരങ്ങൾ മുറിച്ചു കടത്തിയതു മൂലം സർക്കാരിനു ഉണ്ടായിട്ടുള്ള നഷ്ടമെത്ര രൂപയാണെന്ന് അറിയിക്കാമോ?

## പട്ടയ ഭൂമിയിൽ നിന്ന് മരം മുറിക്കാനുള്ള അവകാശം

888 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ നിന്ന് മരം മുറിക്കാനുള്ള അവകാശം കർഷകർക്ക് നൽകിയിരുന്നോ; ഇത് സർക്കാർ പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പിൻവലിക്കാൻ ഉണ്ടായ സാഹചര്യം വെളിപ്പെടുത്താമോ?

## പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്ന പദ്ധതി

889 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർക്ക് ബില്ലുകൾ മാറിനൽകുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ?

## സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി

890 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ ആകെ എത്ര വില്ലേജ് ഓഫീസുകൾ ഉണ്ടെന്നും അതിൽ എത്ര വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് എന്നും പേര് സഹിതം അറിയിക്കാമോ;

(ബി) സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്ന പ്രവൃത്തിക്ക് ഓരോ വില്ലേജ് ഓഫീസിനും അനുവദിച്ചിട്ടുള്ള തുകയും പ്രവർത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; പ്രസ്തുത പ്രവർത്തിയുടെ നിർവഹണ ഏജൻസി ഏതെന്ന് അറിയിക്കാമോ?

**കായംകുളം മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

891 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഏതൊക്കെ വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നത്; ഇതിന്റെ നിലവിലുള്ള പുരോഗതി എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**വില്ലേജാഫീസുകൾ ജനസൗഹൃദമാക്കുന്ന പദ്ധതികൾ**

892 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിലെ വില്ലേജോഫീസുകൾ ജനസൗഹൃദമാക്കുന്നതിനും നവീകരിക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ?

**കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി**

893 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ തലമാലി ട്രൈബൽ സെറ്റിൽമെന്റിൽ താമസിക്കുന്ന മന്നാൻ, ഉള്ളാടർ, മലയരയൻ എന്നീ സമുദായത്തിൽപ്പെട്ട ആളുകളുടെ ഭൂമി ഇതരവിഭാഗക്കാർ പാട്ടത്തിനെടുത്തും അനധികൃതമായി കയ്യേറിയും കൃഷി ചെയ്തു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കയ്യേറിയ ഭൂമി തിരിച്ചു പിടിച്ച് യഥാർത്ഥ ഭൂവുടമകൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**വിനോദസഞ്ചാരകേന്ദ്രങ്ങളിലെ ഭൂമി കയ്യേറ്റം**

894 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മേലുകാവ് പഞ്ചായത്തിലെ ഇലവീഴപൂഞ്ചിറ, മൂന്നിലവ് പഞ്ചായത്തിലെ പഴക്കാക്കാനം എന്നീ വിനോദസഞ്ചാരകേന്ദ്രങ്ങൾക്ക് സമീപത്തുള്ള സ്വകാര്യ വ്യക്തികൾ ആധാരത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ ഭൂമി അനധികൃതമായി കൈവശം വച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കുവാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**പട്ടികവർഗ്ഗ വിഭാഗക്കാരുടെ കൈവശഭൂമിക്ക് പട്ടയം**

895 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, ഇടുക്കി ജില്ലകളിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ കൈവശഭൂമിക്ക് പട്ടയം നൽകിവരുന്ന നടപടി പൂർത്തിയായോ;

(ബി) ഇല്ല എങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കുന്നതിന് സാധിക്കും; വിശദമാക്കുമോ;

(സി) നിലവിൽ എത്രപേർക്ക് പട്ടയം അനുവദിച്ചു എന്നും എത്രപേർക്ക് നൽകാനുണ്ട് എന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

### <u>പെരുവെട്ടി, പൊന്തൻ പുഴ മേഖലകളിലെ പട്ടയ വിതരണം</u>

896 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവെട്ടി, പൊന്തൻപുഴ പ്രദേശങ്ങളിൽ നാലുതലമുറകളായി താമസിച്ചു വരുന്ന കൈവശകർഷകർക്ക് തങ്ങളുടെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എത്രപേർക്കാണ് പട്ടയം നൽകാനുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയ്ക്കാണ് പട്ടയം നൽകേണ്ടത്;

(സി) പട്ടയ നടപടികളിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; എന്നത്തേക്ക് പട്ടയം നൽകാൻ കഴിയും; വിശദവിവരം നൽകാമോ?

### <u>പട്ടയം ലഭിക്കാൻ നടപടി</u>

897 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുമേലി തെക്ക് വില്ലേജിൽ ഏയ്ഞ്ചൽവാലി, എരുമേലി, പമ്പാവാലി, കണമല, മുക്കംപെട്ടി പ്രദേശങ്ങളിലെ ആയിരത്തോളം കുടുംബങ്ങൾ പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) നിയമപരമായ എല്ലാ അപേക്ഷകൾക്കും പട്ടയം ലഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### <u>വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടയത്തിനുള്ള അപേക്ഷകൾ</u>

898 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽ നിന്നും പട്ടയത്തിനു വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) അതിൽ എത്ര അപേക്ഷകളിൽ പട്ടയം അനുവദിച്ചുവെന്ന് വില്ലേജ് തിരിച്ചുള്ള

കണക്കുകൾ അറിയിക്കാമോ;

(സി) ആകെ ലഭിച്ച അപേക്ഷകളിൽ നിരസിച്ചവ എത്രയെന്ന് അറിയിക്കാമോ?

**പട്ടയ വിതരണം ത്വരിതപ്പെടുത്താൻ നടപടി**

899 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതർക്കുള്ള പട്ടയ വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പട്ടയം ലഭിച്ചവർ ഭൂമി സംബന്ധമായ വിഷയങ്ങളിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**തലമാലി ട്രൈബൽ സെറ്റിൽമെന്റിലെ താമസക്കാരുടെ ഭൂമി**

900 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1993-ലെ ഭൂമി പതിവ് ചട്ടപ്രകാരം ഇടുക്കി ജില്ലയിലെ മന്നാംകണ്ടം വില്ലേജിലെ തലമാലി ട്രൈബൽ സെറ്റിൽമെന്റിലെ താമസക്കാരുടെ ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് രാജകുമാരി ഭൂമി പതിവ് ഓഫീസ് സ്പെഷ്യൽ തഹസീൽദാർ 2017-ൽ അപേക്ഷ സ്വീകരിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ഭൂമി പതിച്ചു കിട്ടാത്തവർക്ക് പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**പൊന്തൻപുഴ, പെരുമ്പെട്ടി മേഖലകളിൽ വനാതിർത്തി നിർണ്ണയ സർവ്വേ**

901 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പെട്ടി, പൊന്തൻപുഴ മേഖലകളിലെ വനാതിർത്തി നിർണ്ണയ സർവ്വേ പൂർത്തിയാകാത്തതിനാൽ പ്രദേശത്തുള്ള കർഷകരും നാലു തലമുറയായി ഭൂമി കൈവശം വച്ച് അനുഭവിച്ച് വരുന്ന തദ്ദേശവാസികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം വകുപ്പുമായി ചേർന്ന് ഇനി പൂർത്തിയാക്കേണ്ട 15% സംയുക്ത വനാതിർത്തി നിർണ്ണയ സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ തടസ്സങ്ങളുണ്ടോ;

(സി) പ്രസ്തുത മേഖലയിലെ അർഹരായ കർഷകർക്കും തലമുറകളായി കൈവശാനുഭവം സിദ്ധിച്ച് വരുന്നവർക്കും പട്ടയം നൽകുവാൻ തയ്യാറാകുമോ; എങ്കിൽ എന്നത്തേക്ക് നൽകാനാകും; വ്യക്തമാക്കുമോ?

**പട്ടയം നൽകുന്നതിനുള്ള നടപടി**

902 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ നവായിക്കുളം വില്ലേജിൽ നൈനാംകോണം കോളനിയിൽ വർഷങ്ങളായി കുടികിടക്കുന്ന കുടുംബാംഗങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ; വിശദാംശം നൽകാമോ;

(ബി) ഇവിടെ എത്ര പേർക്ക് പട്ടയം നല്കുവാനുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ നിന്നുള്ള പട്ടയ അപേക്ഷകൾ</u>**

903 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലം പട്ടയത്തിനു വേണ്ടി ആലത്തൂർ മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകളിൽ പട്ടയം അനുവദിച്ചിട്ടുണ്ട്; വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇനി എത്ര അപേക്ഷകളിൽ പട്ടയം നൽകുവാനുണ്ടെന്നും പട്ടയ വിതരണം വൈകുന്നതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ;

(സി) മുഴുവൻ അപേക്ഷകളിലും പട്ടയം ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പട്ടയ വിതരണവുമായി ബന്ധപ്പെട്ട ഭൂമി പ്രശ്നങ്ങൾ</u>**

904 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പട്ടയ വിതരണവുമായി ബന്ധപ്പെട്ട ഭൂമി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ പരിഹരിക്കുവാൻ കഴിയുന്ന വിഷയങ്ങൾ പോലും പരിഹരിക്കാൻ കഴിയാതെ നീണ്ടുപോകുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>പട്ടയം ലഭിക്കാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ</u>**

905 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിൽ പൊന്നാരിമംഗലം ആശുപത്രി ജെട്ടിക്ക് സമീപം നെടുങ്കാട് പ്രദേശത്ത് 100 വർഷത്തിലധികമായി ഭൂമി കൈവശം വെച്ചിരിക്കുന്ന 12 വീട്ടുകാർക്ക് പട്ടയം ലഭിക്കാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടയം നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(സി) പട്ടയം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മൂവേലിക്കര വാർഡിലെ സ്ഥിരതാമസക്കാർക്ക് പട്ടയം ലഭ്യമാക്കുവാൻ നടപടി</u>**

906 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേലിക്കര വാർഡിൽ 1991-92 കാലഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്കായി പട്ടികജാതി വികസനവകുപ്പ് മുഖേന ആവിഷ്കരിച്ച പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിലെ 9 പേർക്ക് ഭൂമിയും സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് വീടും നൽകിയെങ്കിലും നാളിതുവരെ ഇവർക്ക് പട്ടയം ലഭ്യമാക്കി നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇവിടത്തെ സ്ഥിരതാമസക്കാർക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ആയതിന്റെ പുരോഗതി അറിയിക്കാമോ;

(സി) മുപ്പത് വർഷത്തോളമായി പട്ടയമില്ലാതെ കഴിയുന്ന ഇവർക്ക് സർക്കാർ പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനോ വീട് പുതുക്കി പണിയുന്നതിനോ പിൻതലമുറയ്ക്ക് ഭൂമി കൈമാറ്റം ചെയ്ത് നൽകുന്നതിനോ കഴിയാത്തതിനാൽ ഈ വിഷയത്തിൽ അടിയന്തര പ്രാധാന്യത്തോടെ ഇടപെട്ട്, ഇവിടത്തെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച്, യഥാർത്ഥ ഉടമകൾക്ക് പട്ടയം ലഭ്യമാക്കി നൽകാനും ബാക്കിയുള്ള ഭൂമി ഏറ്റെടുത്ത് ഈ പഞ്ചായത്തിലെ ഭൂരഹിതരായ ആളുകൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നതിനായി ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ?

## പട്ടുവം കൂത്താട്ട് കുന്നിടിയലിന് പരിഹാരം

907 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ പട്ടുവം ഗ്രാമ പഞ്ചായത്തിലെ കൂത്താട്ട് എന്ന സ്ഥലത്ത് കുന്നിടിഞ്ഞ് വീടുകൾക്ക് ഭീഷണിയാവുന്നതും പട്ടിക ജാതി കോളനി ഉൾപ്പെടുന്ന പ്രദേശത്ത് ഉദ്ദേശം 50 മീറ്റർ നീളത്തിൽ ഭൂമിയിൽ വിള്ളൽ രൂപപ്പെട്ടതും കണക്കിലെടുത്ത് ശാസ്ത്രീയ പഠനം നടത്തി ശാശ്വത പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണം

908 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്ക് കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; ഇതിന്റെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവർത്തികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരാറിലേർപ്പെട്ടു എന്ന് വിശദമാക്കാമോ?

## പ്രകൃതി ദുരന്തങ്ങൾക്കുള്ള ധനസഹായം

909 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായ പ്രകൃതി ദുരന്തങ്ങളിൽ സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീട്ട നഷ്ടപ്പെട്ടപ്പെട്ടവരെയും, കൃഷി നാശം സംഭവിച്ചവരെയും സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുമോ;

(ബി) ഇവമൂലം സംസ്ഥാനത്തുണ്ടായ സാമ്പത്തിക ബാദ്ധ്യത എത്രയെന്നും എത്ര രൂപ കേന്ദ്ര സഹായം അഭ്യർത്ഥിച്ചുവെന്നും എത്ര രൂപ ലഭ്യമായി എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട എത്ര പേർക്ക് ധനസഹായം നൽകിയെന്നും എത്ര പേർക്ക് വീട് വച്ചു നൽകിയെന്നും മറ്റ് സഹായങ്ങൾ എന്തൊക്കെ നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രകൃതി ക്ഷോഭത്തിനു വിധേയമായ തുടർ പുനർനിർമ്മാണത്തിന് എത്ര തുക വേണ്ടി വരുമെന്ന് സർക്കാർ വിലയിരുത്തിയോ; വിശദാംശം ലഭ്യമാക്കുമോ?

## <u>പമ്പാനദീ ജലവാഹക ശേഷി വർദ്ധിപ്പിക്കുന്നത്</u>

910 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവർത്തിച്ചുണ്ടായ പ്രളയം കൊണ്ടും ദീർഘകാലമായുള്ള നീരൊഴുക്കു കൊണ്ടും പമ്പാനദിയിൽ അടിഞ്ഞു കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കി ജലവാഹക ശേഷി വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോ;

(ബി) ഇത്തരത്തിൽ ജലവാഹക ശേഷി വർദ്ധിപ്പിക്കുവാൻ വേണ്ടി നീക്കം ചെയ്യുന്ന മണലിന്റെയും എക്കലിന്റെയും വിനിയോഗം സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) സാൻഡ് ഓഡിറ്റിംഗും റിവർബാങ്ക് മാപ്പിംഗും പൂർത്തിയായിട്ടുണ്ടോ; നദീതീര സംരക്ഷണത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## <u>കുറുമാലി പുഴയുടെ കരകൾ ഇടിഞ്ഞത് മൂലമുള്ള ദുരന്തങ്ങൾ ഒഴിവാക്കാൻ നടപടി</u>

911 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജക മണ്ഡലത്തിൽപ്പെട്ട പറപ്പൂക്കര ഗ്രാമ പഞ്ചായത്തിലെ പള്ളം ഭാഗത്ത് കുറുമാലി പുഴയുടെ കരകൾ വിവിധ ഭാഗങ്ങളിൽ ഇടിഞ്ഞതുമൂലം കാലവർഷക്കാലത്ത് ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ മുഖേന സർപ്പിച്ചിട്ടുള്ള അപേക്ഷയും എസ്റ്റിമേറ്റും അടിയന്തരമായി പരിഗണിച്ച് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഇതിനായി തുക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ ?

## <u>നദികളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നത്</u>

912 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തമായ മഴ മൂലവും നദികളിലും ഡാമുകളിലും എക്കൽ, ചെളി, മണൽ മറ്റ്

മാലിന്യങ്ങൾ എന്നിവ വലിയ തോതിൽ അടിഞ്ഞുകൂടുന്നതു കൊണ്ടും നദികളുടേയും ഡാമുകളിലേയും സംഭരണ ശേഷി കുറയുന്നതിനും ദിശമാറി നദികൾ ജനവാസ കേന്ദ്രത്തിലേക്ക് ഒഴുകുന്നതിനും വെള്ളപ്പൊക്കം ഉണ്ടാകുന്നതിനും കാരണമാകുന്നതിനാൽ ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ ഇത്തരം വസ്തുക്കൾ നീക്കം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നദികളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് പഞ്ചായത്തിന് അധികാരം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) നദികളിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ, സ്റ്റേറ്റ് എൻവയോൺമെൻറ് ഇംപാക്ട് അസ്സസ്സ്മെന്റ് അതോറിറ്റി എന്നിവർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) നദികളിൽ നിന്നും മണൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച് നാഷണൽ ഗ്രീൻ ട്രിബ്യൂണൽ എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ചാലിയാർ പുഴയിൽ നിന്നും മണൽ വാരുന്നതിന് നിലവിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ</u>

913 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ആകെ എന്ത് തുക വിനിയോഗിച്ചുവെന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് വാമനപുരം മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഓരോന്നിന്റെയും വിശദവിവരങ്ങൾ നൽകാമോ?

## <u>റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും നടപ്പിലാക്കുന്ന പ്രവർത്തികൾ</u>

914 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ആകെ എത്ര തുക നീക്കിയിരിപ്പുണ്ട്; മുൻ വർഷം മറ്റ് ജില്ലകളിലേയ്ക്ക് തുക മാറ്റി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് ഫലപ്രദമായി ചെലവഴിക്കുന്ന തരത്തിൽ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമം

915 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമം സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങിയോ;

(ബി) പ്രസ്തുത നിയമത്തിലെ 27എ വകുപ്പിന്റെ അടിസ്ഥാനത്തിൽ 25.02.2021-ൽ കൊണ്ടുവന്ന സർക്കാർ ഉത്തരവ് GO(RT) No. 1166/2021/റവന്യൂ പി. പ്രകാരം, 25 സെന്റ് വരെ ഉള്ളതും 12.08.2008-ന് മുൻപ് നികത്തിയതുമായ ഭൂമിക്ക് ഫീസ് വാങ്ങാതെ ബി ടി ആർ -ൽ തരം മാറ്റി കൊടുക്കാമെന്നും 25 സെന്റിന് മുകളിൽ ഒരേക്കർ വരെയുള്ള ഭൂമിക്ക് ഫെയർ വാല്യൂവിന്റെ 10% വും ഒരേക്കറിന് മുകളിൽ വരുന്നവയ്ക്ക് ഫെയർ വാല്യൂവിന്റെ 20% വും ഈടാക്കി ബി ടി ആർ -ൽ തരം മാറ്റി കൊടുക്കാമെന്നും വ്യവസ്ഥ ചെയ്തിരുന്നോ; പ്രസ്തുത ഉത്തരവ് പ്രകാരം എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) പ്രസ്തുത ഉത്തരവ് നടപ്പാക്കാതെ സംസ്ഥാനത്തെ ആർ ഡി ഒ - മാർ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആർ ഡി ഒ-മാർ,മേൽ ഉത്തരവിന്മേൽ സർക്കാരിൽ നിന്ന് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ ?

## സമഗ്ര കുടിവെള്ള പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുപ്പ്

916 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരവാരം- പുളിമാത്ത്- നഗരൂർ പഞ്ചായത്തുകൾക്കായി നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിക്കായി പൊന്നും വിലയ്ക്ക്സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഭൂമി സർവ്വേ ചെയ്ത് സ്കെച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; സ്ഥലത്തിന്റെ വില നിർണ്ണയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വക്കം വില്ലേജിലെ പുതിയ വില്ലേജ് ഓഫീസ് നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയത് എന്നു മുതൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

## വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

917 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികളായ പേട്ട - ആനയറ - ഒരുവാതിൽകോട്ട റോഡ് നവീകരണം, ശ്രീകാര്യം മേൽപ്പാലം നിർമ്മാണം,

മണ്ണന്തല-പൗഡിക്കോണം മാതൃകാറോഡ്, സൊസൈറ്റി ജംഗ്ഷൻ - ശ്രീകാര്യം മാതൃകാറോഡ്, ആറ്റിപ്ര പാലം നിർമ്മാണം, തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനം എന്നിവയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കാമോ?

## എനിമി പ്രോപ്പർട്ടി

918 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള എനിമി പ്രോപ്പർട്ടി യഥാർത്ഥത്തിൽ ആരുടെ ഉടമസ്ഥതയിലാണെന്നും ഇവ സംസ്ഥാനത്തിന്റെ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങളുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി അസംബ്ലി നിയോജക മണ്ഡലത്തിൽ ഈ ഇനത്തിൽപെട്ട എത്ര ഭൂമി ഏതെല്ലാം സ്ഥലങ്ങളിൽ ഉണ്ട് എന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കിഴുമുറി പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ

919 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ കിഴുമുറി പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പൊതു ആവശ്യത്തിനായി പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി നിയമത്തിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പ്രകാരമുള്ള ഇളവ് അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഭൂമി എന്നത്തേക്ക് ഏറ്റെടുക്കാൻ സാധിക്കുമെന്നറിയിക്കാമോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## ഭൂമി ഏറ്റെടുക്കൽ നടപടി

920 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എയർപോർട്ട്-സീപോർട്ട് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി അറിയിക്കുമോ?

## കണ്ണൂർ വിമാനത്താവളത്തിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ

921 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ

പൂർത്തിയാകാത്തതിനാൽ നിരവധി കുടുംബങ്ങൾ കടുത്ത പ്രയാസം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 8 മുതൽ 10 വർഷത്തിലേറയായി ഭൂമിയുടെ രേഖകൾ അക്വിസിഷൻ വിഭാഗത്തിന് സമർപ്പിച്ചതിനാൽ ബാങ്ക് ലോണുകൾ തിരിച്ചടക്കുന്നതിനോ മറ്റ് ജീവിത പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം കണ്ടെത്തുന്നതിനോ കഴിയാത്തതിനാൽ ഭൂമിയുടെ വില നൽകി എത്രയും പെട്ടെന്ന് ഭൂമി ഏറ്റെടുക്കുന്നതിന് തയ്യാറാവുമോ;

(സി) നേരത്തെ പുനരധിവസിപ്പിക്കാൻ തീരുമാനിച്ച മുഴുവൻ കുടുംബങ്ങളുടെയും പുനരധിവാസം എത്രയും വേഗം പൂർത്തിയാക്കുമോ?

## ഏറ്റുമാനൂർ-എറണാകുളം റോഡിലെ വളവുകൾ നിവർത്തുന്നതിനായ ഭൂമി ഏറ്റെടുക്കൽ

922 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടവളവുകൾ നിവർത്തുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിലെ പുളിന്തറ വളവ് നിരവധി ജീവനുകൾ നഷ്ടപ്പെട്ടിട്ടുള്ള സ്ഥിരം അപകട വളവായതിനാൽ ഇത് നിവർത്തുന്നതിന് ആവശ്യമായ ഭൂമിയേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഭൂമിയേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് ഇപ്പോൾ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചു എന്ന് വിശദമാക്കാമോ?

## കൊയിലാണ്ടി മണ്ഡലത്തിലെ ഉള്ളൂർക്കടവ് പാലം

923 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഉള്ളൂർക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂ ലാന്റ് അക്വിസിഷൻ വിഭാഗത്തിന്റെ നടപടികൾ ഏതുവരെയെത്തി എന്ന് വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നടപടികൾ ലാന്റ് അക്വിസിഷൻ വിഭാഗത്തിന് ചെയ്തു തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്തെല്ലാമാണെന്നും എത്ര സമയത്തിനുള്ളിൽ തീർക്കാനാവുമെന്നും വിശദമാക്കാമോ?

## രാജാ രവിവർമ്മ കോളേജിന് സ്ഥലം കൈമാറുവാൻ നടപടി

924 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ ആലപ്പുഴ ജില്ലയിലെ റോഡുകളുടെ വിശദ വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) മാവേലിക്കര രാജാ രവി വർമ്മ കോളേജ് ഓഫ് എക്സലൻസ് ഫോർ വിഷ്വൽ

ആർട്സിന് പമ്പ ഇറിഗേഷൻ പ്രോജക്റ്റിന്റെ സ്ഥലം വിട്ടുനൽകാൻ 31.05.2020-ൽ അനുമതി ലഭ്യമായത് (ഫയൽ നം. IR-1/179/2019) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലം കൈമാറുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ, ആലപ്പുഴ ജില്ലാ കളക്ടർ, മാവേലിക്കര തഹസിൽദാർ, മാവേലിക്കര വില്ലേജ് ഓഫീസർ എന്നിവർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥലം അടിയന്തരമായി കൈമാറുവാൻ നടപടി സ്വീകരിക്കുമോ?

## ഭൂമിയുടെ തരം മാറ്റം

925 **ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ തരം മാറ്റവുമായി ബന്ധപ്പെട്ട കൊല്ലം ആർ.ഡി.ഒ. ഓഫീസിൽ ആയിരക്കണക്കിന് ഫയൽ കെട്ടി കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഭൂമിയുടെ തരം മാറ്റവുമായി ബന്ധപ്പെട്ട ഏതെങ്കിലും സർക്കാർ ഉത്തരവിൽ അവ്യക്തത ഉണ്ടെങ്കിൽ ആയത് പരിഹരിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ?

## ഭൂരഹിതർക്കും ടൂറിസത്തിനും മിച്ചഭൂമി വിട്ടുനൽകാൻ പദ്ധതി

926 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മീനച്ചിൽ താലൂക്കിൽ രാമപുരം വില്ലേജിൽ ഭൂപരിഷ്കരണ നിയമത്തിന്റെ ലംഘനമാണെന്ന് കണ്ട് സ്റ്റേറ്റ് ലാൻറ് ബോർഡ്, ടി.എൽ.ബി.(ഇ.8) 6590/2017 തീയതി 24/07/2017 നമ്പർ ഉത്തരവ് പ്രകാരം,ബ്ലോക്ക് നമ്പർ 28 റീസർവേ നമ്പർ 245 (പഴയ സർവേ നമ്പർ 1321) സ്ഥലത്ത് ടി.എൽ.ബി. പുനഃപരിശോധന പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) മിച്ചഭൂമി ഭൂരഹിതർക്കും ടൂറിസം പദ്ധതിക്കും വിട്ടുനൽകുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിൽ വരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## പാട്ട കുടിശ്ശിക

927 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970-ന് ശേഷം അട്ടപ്പാടിയിലെ വില്ലേജുകളിൽ എത്ര സ്ഥാപനങ്ങൾക്ക് / ട്രസ്റ്റുകൾക്ക് താലൂക്ക് ലാൻഡ് ബോർഡ് ഭൂപരിധിയിൽ ഇളവ് നൽകിയിട്ടുണ്ട്; ഏതെല്ലാം സ്ഥാപനങ്ങൾക്ക് / ട്രസ്റ്റുകൾക്ക് ഏതെല്ലാം വില്ലേജുകളിൽ എത്ര ഏക്കർ ഭൂമിക്ക് ഇളവ് നൽകിയിട്ടുണ്ട്; അട്ടപ്പാടിയിൽ വിദ്യാധിരാജ ട്രസ്റ്റിന് എത്ര ഏക്കർ ഭൂമിക്ക് ഇളവ് നൽകിയിരുന്നു;

(ബി) ഹാരിസൺസ് കമ്പനി അടക്കമുള്ള കമ്പനികൾക്ക് തോട്ടംഭൂമി പാട്ടത്തിനാണോ നൽകിയിരിക്കുന്നത്; അവർക്ക് ഏക്കറിന് എത്ര രൂപക്കാണ് പാട്ടം നൽകിയത്; ഹാരിസൺസ് കമ്പനി നിലവിൽ വർഷത്തിൽ എത്ര രൂപ പാട്ടം അടക്കുന്നുണ്ട്; അവർ എത്ര രൂപ പാട്ട കുടിശ്ശിക അടക്കാനുണ്ട്; പാട്ടക്കുടിശ്ശിക അടക്കാനുള്ള

സമാന രീതിയിലുള്ള മറ്റു കമ്പനികൾ ഏതെല്ലമാണ്; ഓരോ കമ്പനിയും എത്ര രൂപവീതം പാട്ടക്കുടിശ്ശിക അടക്കാനുണ്ട്;

(സി) രാജഭരണകാലത്ത് പാട്ടത്തിന് നൽകിയ, 1947-ന് മുമ്പ് വിദേശ കമ്പനികൾ കൈവശം വച്ചിരുന്ന തോട്ടം ഭൂമി ഏറ്റെടുക്കുന്നതിന് നിയമനിർമാണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; അതിൻെറ കരട് തയാറാക്കിയോ; അറിയിക്കാമോ ?

## തോട്ടഭൂമി തരംമാറ്റം

928 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമി തരംമാറ്റി ക്വാറികൾക്ക് നിയമവിരുദ്ധമായി ഖനന ലീസ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## പാലക്കാട് ജില്ലയിലെ പ്രളയ നഷ്ടപരിഹാരം

929 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ വീടിന് കേടുപാടുകൾ സംഭവിച്ചിട്ടും നഷ്ടപരിഹാര ധനസഹായം ലഭിക്കാത്തവർ പാലക്കാട് ജില്ലയിൽ ഉണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണവും എത്ര പേർക്ക് ഇനിയും തുക വിതരണം ചെയ്യാനുണ്ടെന്നും അറിയിക്കാമോ?

## 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട ധനസഹായം ലഭിക്കാൻ നടപടി

930 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് ഏകദേശം 2500-ഓളം പേർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം സാങ്കേതിക കാരണങ്ങളാൽ കിട്ടിയിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ ?

## 2019-ലെ പ്രളയബാധിതർക്ക് നഷ്ടപരിഹാരത്തുക ലഭിക്കാത്തത് സംബന്ധിച്ച്

931 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ സ്ഥലമോ വീടോ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ട എത്ര ആളുകൾക്കാണ്നിലമ്പൂർ താലൂക്കിൽ ഇനിയും നഷ്ടപരിഹാരത്തുക നൽകാനുള്ളതെന്ന് അറിയിക്കാമോ; ഇവരുടെ പട്ടികയും നൽകാനുള്ള തുകയും മറ്റു വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രളയ നഷ്ടപരിഹാരത്തുകയുടെ ഗഡുക്കൾ ഇനിയും ലഭിച്ചിട്ടില്ലാത്തവർക്ക് എങ്ങനെയാണ് നഷ്ടപരിഹാരം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

ഇതിനായി ബന്ധപ്പെടേണ്ട ഓഫീസുകളുടെയും ഉദ്യോഗസ്ഥരുടെയും ഫോൺ നമ്പറടക്കമുള്ള വിവരങ്ങൾ അറിയിക്കാമോ;

(സി) 2019-ലെ പ്രളയ നഷ്ടപരിഹാരത്തുക ഇനിയും ലഭിക്കാത്ത അർഹരായവരെ ഉൾപ്പെടുത്തി താലൂക്ക് തല അദാലത്ത് നടത്തുന്നതിന് (കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച്) നടപടി സ്വീകരിക്കാമോ;

(ഡി) പ്രളയ നഷ്ടപരിഹാരത്തിന് സജ്ജമാക്കിയിരുന്ന സോഫ്റ്റ്‌വെയറിൽ നിലവിൽ പ്രവേശിക്കാനാകാത്തതാണ് സങ്കേതിക പ്രശ്നമെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് ചെയ്യാനാകുമെന്ന് അറിയിക്കാമോ; ഈ സോഫ്റ്റ്‌വെയർ നിശ്ചിത സമയത്തേക്ക് ഓപ്പൺ ആക്കുന്നതിന് നിർദ്ദേശം നൽകാമോ?

## പ്രളയ ദുരിതാശ്വാസം

932 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പ്രളയ ദുരിതാശ്വാസ ധനസഹായം ലഭിക്കാത്ത എത്ര പേരുണ്ടെന്നും കാലതാമസത്തിന് കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഇതിനായി ഇനി എത്ര തുക വിനിയോഗിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയോജക മണ്ഡലത്തിൽ പ്രളയത്തെ തുടർന്ന് വീട് പൂർണ്ണമായും ഭാഗികമായും തകർന്ന എത്ര പേർക്ക് നഷ്ടപരിഹാരം നൽകാനുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) നിയോജക മണ്ഡലത്തിൽ പ്രളയദുരിതം നേരിട്ട മുഴുവൻ പേർക്കും ധനസഹായം പൂർണ്ണമായും വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## റവന്യൂ ഓഫീസുകളുടെ നിർമ്മാണ പ്രവർത്തികൾ

933 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജക മണ്ഡലത്തിലെ ഏതെല്ലാം റവന്യൂ ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾക്കാണ് സ്വന്തമായി കെട്ടിടമോ ചുറ്റുമതിലോ മറ്റ് അടിസ്ഥാന സൗകര്യമോ ഇല്ലാത്തത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിയോജക മണ്ഡലത്തിലെ എല്ലാ വില്ലേജ് ഓഫീസുകളുടേയും അടിസ്ഥാന വികസനത്തിനും മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ചാലക്കുടി റവന്യൂ ടവർ നിർമ്മാണം

934 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-

ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) റവന്യൂ ടവർ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്തി ഭവന നിർമ്മാണ ബോർഡിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ?

## വില്ലേജ് ഓഫീസുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ പദ്ധതികൾ

935 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ**
**ശ്രീ. പി.വി.അൻവർ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ ഭൂരേഖകളുടെയും സൂക്ഷിപ്പും പരിപാലനവും അതത് വില്ലേജ് ഓഫീസുകളിലായതിനാൽ വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ദിവസവും ജനങ്ങൾ എത്തുന്ന ഓഫീസ് എന്ന നിലയിൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ;

(സി) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നത് ; അവയുടെ പുരോഗതി വ്യക്തമാക്കാമോ?

## ഷൊർണ്ണൂർ മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

936 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) സ്വന്തമായി 52 സെന്റ് സ്ഥലം ഉള്ള ചളവറ വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ?

## ഉടുമ്പൻചോല താലൂക്കിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

937 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്കിന്റെ കീഴിൽ എത്ര വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി

പ്രഖ്യാപിച്ചിട്ടുണ്ടെന്നും അവയിൽ പണി പൂർത്തീകരിച്ചവയുടെ എണ്ണം എത്രയെന്നും വിശദമാക്കാമോ;

(സി) പണി പൂർത്തീകരിക്കാത്ത സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

## സ്വന്തമായി കെട്ടിടം ഇല്ലാത്ത സർക്കാർ ഓഫീസുകൾ/സ്ഥാപനങ്ങൾ

938 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്തതു കാരണം എത്ര സർക്കാർ ഓഫീസുകൾ/സ്ഥാപനങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്ന് വിശദമാക്കാമോ?

## ഹൈടെക് വില്ലേജ് ഓഫീസുകൾ

939 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 - 22 വർഷത്തിൽ ഹൈടെക് വില്ലേജ്ഓഫീസുകളാക്കാൻ തീരുമാനിച്ച വില്ലേജുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഹൈടെക് വില്ലേജ്ഓഫീസുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

940 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ എത്ര വില്ലേജ് ഓഫീസുകളെ 'സ്മാർട്ട് വില്ലേജ് ഓഫീസ്' പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം പണിയാൻ അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവയുടെ പ്രവൃത്തി ഏത് ഘട്ടങ്ങളിലെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) അവശേഷിക്കുന്ന വില്ലേജ് ഓഫീസുകൾക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം പണിയാൻ അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

## കുന്നംകുളം സിവിൽ സ്റ്റേഷനുള്ള പുതിയ കെട്ടിടം

941 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്കാസ്ഥാനത്തെ സിവിൽ സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കാലതാമസം ഒഴിവാക്കി ഉടൻ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

## മലപ്പുറം സിവിൽ സ്റ്റേഷൻ നവീകരണം

942 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സിവിൽ സ്റ്റേഷനിൽ കലക്ടറേറ്റ് ഉൾപ്പെടെയുള്ള റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകൾ ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഓഫീസുകൾ നവീകരിച്ച് പുതിയ റവന്യൂ ടവർ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(സി) കാലഹരണപ്പെട്ടതും അപകടാവസ്ഥയിലുള്ളതുമായ ഓഫീസുകൾ നവീകരിച്ച് പുതിയ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

## <u>സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം</u>

943 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകാമോ; ഇവിടെ നിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന മെച്ചപ്പെട്ട സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കോട്ടക്കൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം</u>

944 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് 20% തുക നീക്കി വെച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇതു സംബന്ധിച്ച് റവന്യൂ വകുപ്പ് എന്തെങ്കിലും യോഗങ്ങൾ നടത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>വയനാട് ജില്ലയിൽ റവന്യൂ വകുപ്പിലെ സ്ഥലം മാറ്റം</u>

945 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ,റവന്യൂ വകുപ്പിൽ 5 വർഷത്തിൽ കൂടുതൽ ഒരേ ഓഫീസിൽ ജോലി ചെയ്തുവരുന്നവർ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓഫീസും തസ്തികയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ അഞ്ചു വർഷത്തിൽ കൂടുതൽ ഒരേ ഓഫീസിൽ ജോലി ചെയ്തുവരുന്നവരുണ്ടെങ്കിൽ പൊതുസ്ഥലംമാറ്റം നടത്താതിരുന്നതിന്റെ കാരണം

വ്യക്തമാക്കാമോ?

## സർവ്വേയർ തസ്തികയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾ

946 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് 13.02.2021 തീയതിയിൽ പുറപ്പെടുവിച്ച ജി.ഒ. (എം.എസ്) നം. 5/2021/പി & എ.ആർ.ഡി. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വേയും ഭൂരേഖയും വകുപ്പിലെ സർവ്വേയർ തസ്തികയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾ കമ്മീഷൻ മുൻപാകെ സമർപ്പിച്ച് കെ.പി.എസ്.സി. -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡി.പി.സി. നടപടികൾ പൂർത്തിയാകാത്തത് മൂലം സർവ്വേയർ II തസ്തികയിലേക്ക് ഡീകേഡർ ചെയ്ത എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത്;

(സി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡീകേഡർ ചെയ്ത് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സർവ്വേയും ഭൂരേഖയും വകുപ്പിൽ 2021 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സർവ്വേയർ തസ്തികയുടെ സൂപ്പർ വൈസറി കേഡറിൽ ഉൾപ്പെടെ 65 പേർ വിരമിക്കാനിരിക്കെ 59 ഒഴിവുകൾ മാത്രം ആന്റിസിപേറ്ററിയായി കെ.പി.എസ്.സി. -യ്ക്ക് റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബാക്കിയുള്ള 6 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## മഞ്ചേശ്വരം താലൂക്കിലെ റീസർവ്വേ പ്രവർത്തനങ്ങൾ

947 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിലെ റീസർവ്വേയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ നിരവധി അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഞ്ചേശ്വരം താലൂക്കിൽ സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണ്; ഇവരുടെ ഉദ്യോഗപ്പേര് വ്യക്തമാക്കുമോ; ഏത് അധികാരിയാണ് ഇവരെ നിയോഗിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത താലൂക്കിൽ ഏത് കാരണത്താലാണ് ജനങ്ങൾക്ക് യഥാസമയം മേൽ വിഷയത്തിൽ സേവനങ്ങൾ ലഭ്യമാകാത്തത് എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗത്തിൽ നിന്നും ഏതൊക്കെ സേവനങ്ങളാണ് പൊതുജനങ്ങൾക്ക് നൽകുന്നത് അഥവാ ആവശ്യമായി വരുന്നത് എന്ന് വ്യക്തമാക്കുമോ; അപേക്ഷ ലഭിച്ചാൽ എത്ര ദിവസംകൊണ്ട് ആളുകൾക്ക് സേവനം ലഭ്യമാക്കേണ്ടതായിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ഇ) 14-07-2021 തീയതി വരെ എത്ര അപേക്ഷകളാണ് ഇവിടെ പെന്റിംഗ് ആയി

ഉള്ളത് എന്ന് വിശദമാക്കുമോ;

(എഫ്) പെന്റിംഗ് ഫയലുകളിൽ തീരുമാനമെടുത്ത് ജനങ്ങൾക്ക് സേവനം ലഭ്യമാക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കുമോ; 2021 സെപ്റ്റംബർ 30 നകം മുഴുവൻ ഫയലുകളിലും തീർപ്പുകൽപ്പിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ; പെൻഡിംഗ് ഫയലുകൾ തീർപ്പാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഫയൽ അദാലത്ത് വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ ; ഈ വിഭാഗത്തിൽ ഒഴിവുകൾ ഉണ്ടോ ; ഉണ്ടെങ്കിൽ ആയത് നികത്തുവാൻ നടപടി സ്വീകരിക്കുമോ?

## റവന്യൂ പുറമ്പോക്ക് ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ

948 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മോയൻസ് ഹയർസെക്കണ്ടറി സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിനായി പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്ന ആവശ്യത്തിലേയ്ക്കായി സ്കൂളിനോട് ചേർന്ന് കിടക്കുന്ന റവന്യൂ പുറമ്പോക്ക് ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## സുനാമി കോളനികൾ

949 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ എത്ര സുനാമി കോളനികൾ ഉണ്ടെന്നറിയിക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ എത്ര വീടുകൾ ഉണ്ട്; ആയതിന്റെ വിശദാംശം വില്ലേജ് തിരിച്ച് നൽകാമോ?

## ആലപ്പുഴ ജില്ലയിലെ എൽ.ഡി. ക്ലർക്കിന്റെ ഒഴിവുകൾ

950 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ റവന്യൂ വകുപ്പിനു കീഴിൽ എൽ.ഡി. ക്ലർക്കിന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## നികുതി അടയ്ക്കാൻ സാധിക്കാത്തത്

951 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമ്പുഴ, കടമ്പഴിപ്പുറം വില്ലേജുകളിൽ പതിറ്റാണ്ടുകളായി ജീവിച്ച് വരികയും നികുതി അടച്ച് വരികയും ചെയ്തിരുന്ന കുടുംബങ്ങൾക്ക് കുറച്ച് വർഷങ്ങളായി മിച്ചഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നത്തിന്റെ പേരിൽ നികുതി അടയ്ക്കാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിച്ച് നികുതി അടയ്ക്കുവാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ?

## കരിപ്പൂർ വില്ലേജ് രൂപീകരിക്കുന്നതിനുള്ള നടപടികൾ

952 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ വില്ലേജ് വിഭജിച്ച് കരിപ്പൂർ വില്ലേജ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഭൂമിശാസ്ത്രപരമായി തന്നെ പള്ളിക്കൽ, കരിപ്പൂർ എന്നിവ രണ്ട് മേഖലകളാണെങ്കിലും പള്ളിക്കൽ വില്ലേജ് നിലവിലുള്ളതിനാൽ കരിപ്പൂർ വില്ലേജ് പുതിയതായി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തടസ്സമുണ്ടോ;

(സി) പൊതുജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായ പുതിയ വില്ലേജിന്റെ രൂപീകരണം അടിയന്തരമായി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## എരുമേലി തെക്ക് വില്ലേജ് വിഭജനം

953 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ തന്നെ ജനസംഖ്യ കൊണ്ടും വിസ്തൃതി കൊണ്ടും വലിയ വില്ലേജായ പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന എരുമേലി തെക്കു വില്ലേജിനെ വിഭജിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) വളരെയധികം വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന പ്രസ്തുത വില്ലേജിൽ ഫീൽഡ് പരിശോധനയ്ക്കും അന്വേഷണങ്ങൾക്കും വളക്കാൻ രെയധികം സമയം ആവശ്യമായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജീവനക്കാരുടെ അധിക ജോലിഭാരവും വില്ലേജിന്റെ വിസ്തൃതിയും കണക്കിലെടുത്ത് വില്ലേജിനെ എരുമേലി, മുക്കൂട്ടുതറ എന്നിങ്ങനെ രണ്ട് വില്ലേജുകളായി വിഭജിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമം

954 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ;

(ബി) ഗസറ്റ് നോട്ടിഫിക്കേഷൻ വരാൻ വൈകുന്നതു കാരണം യഥാസമയം അവകാശികൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസം വരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോവിഡ് - 19 മഹാമാരിക്കുശേഷം മരണസംഖ്യ കൂടുകയും ഈ സർട്ടിഫിക്കറ്റിന് ആളുകൾ കൂടി വരികയും ചെയ്ത സാഹചര്യത്തിൽ അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിലെ നടപടികൾ ലഘൂകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഗസറ്റ് നോട്ടിഫിക്കേഷന് പകരം അവകാശികളുടെ പേര് പത്ര പരസ്യം ചെയ്ത് അവകാശ സർട്ടിഫിക്കറ്റ് നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

**<u>പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച്</u>**

955 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും സ്വാഭാവികമായി കിളിർത്ത് വന്നതുമായ മരങ്ങൾ മുറിക്കുന്നതു സംബന്ധിച്ച് വ്യക്തത വരുത്താൻ റവന്യൂ വകുപ്പ് 11.03.2020-ന ഇറക്കിയ ഉത്തരവ്, വൺ എർത്ത് വൺ ലൈഫ് (one earth one life) സംഘടന നൽകിയ കേസിൽ കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നോ?

**<u>പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ വൻകിട എസ്റ്റേറ്റുകൾ</u>**

956 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വൻകിട എസ്റ്റേറ്റുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റേറ്റുകളുടെ ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് അറിയിക്കാമോ;

(സി) സർക്കാർ ഭൂമി ഏതെങ്കിലും വ്യവസ്ഥയിൽ കരാർ ചെയ്ത് നടത്തുന്ന എസ്റ്റേറ്റുകൾ ഇവിടെ നിലവിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്നും എന്ത് വ്യവസ്ഥയിന്മേലാണ് ഭൂമി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) അപ്രകാരമുള്ള ഓരോ എസ്റ്റേറ്റുകളുടെയും വിസ്തൃതി എത്രയെന്ന് അറിയിക്കാമോ?

**<u>കോഴിക്കോട് ജില്ലയിലെ റീസർവ്വേ നടപടികൾ</u>**

957 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ റീ സർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ സർക്കാർ ഭൂമി കയ്യേറ്റം ഉൾപ്പെടെ (വനഭൂമി പുറമ്പോക്ക്) റിപ്പോർട്ട് ചെയ്യുകയും ആയത് മൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്ന സാഹചര്യത്തിൽ റീ സർവ്വേ പൂർത്തീകരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>1963-ലെ കേരള ഭൂപരിഷ്കരണ നിയമം</u>**

958 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963-ലെ കേരള ഭൂപരിഷ്കരണ നിയമങ്ങളും അനുബന്ധ ചട്ടങ്ങളും പ്രകാരം സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയുടെ കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിലെ വ്യവസ്ഥപ്രകാരം വിതരണത്തിന് ലഭ്യമായ ഭൂമിയിൽ എത്ര

ഹെക്ടർ കർഷകർക്കും അർഹതപ്പെട്ടവർക്കും നൽകിയിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ബാക്കിയുള്ള ഭൂമി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുവാനുണ്ടാകുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വിശദാക്കുമോ; ഇതിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>**വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറാനുള്ള നടപടിക്രമങ്ങൾ**</u>

959 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ഫണ്ട്, മറ്റ് സർക്കാർ ഫണ്ടുകൾ എന്നിവ വിനിയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങൾക്കായി ഒരു വകുപ്പിന് കീഴിലുള്ള ഭൂമി മറ്റൊരു വകുപ്പിന് കൈമാറാൻ സാധിക്കുമോ; ഇതിനായി സർക്കാർ ഉത്തരവ് ആവശ്യമുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് ലഭിക്കുന്നതിലേക്കായി ഭൂമി ആവശ്യപ്പെടുന്ന വകുപ്പ് അല്ലെങ്കിൽ വകുപ്പിന് കീഴിലെ ഓഫീസ് മേലധികാരികൾ നൽകേണ്ടുന്ന അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകൾ ഹാജരാക്കണം; വിശദമാക്കാമോ;

(സി) മേൽ ഭൂമി കൈമാറ്റങ്ങൾക്ക് അതാത് വകുപ്പുകളുടെ സെക്രട്ടറിമാർ മുഖേനയാണോ അപേക്ഷ നൽകേണ്ടത്; വിശദമാക്കാമോ;

(ഡി) വികസന പ്രവർത്തനങ്ങൾക്കായി ഇത്തരം ഭൂമി കൈമാറ്റ നടപടികൾ ലഘൂകരിക്കാനും, വേഗത്തിൽ നടപ്പാക്കാനും സർക്കാർ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>**വനാതിർത്തിയിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം**</u>

960 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട്, പനങ്ങാട് പഞ്ചായത്തുകളിലെ വനാതിർത്തിയിൽ ഭൂമിയുള്ള കർഷകരുടെ ഉടമസ്ഥാവകാശം സംബന്ധിച്ച എല്ലാ പരാതികളിലും സർക്കാർ പരിശോധന നടത്തി തീർപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ കർഷകരുടെ പരാതിയിൽമേൽ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്താൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ എത്ര കർഷകരുടെ പരാതിയിന്മേൽ എന്നറിയിക്കുമോ;

(സി) ആയത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

<u>**റവന്യൂ വകുപ്പിൽ നിന്നും ഉന്നത വദ്യാഭ്യാസ വകുപ്പിന് ഭൂമി കൈമാറുന്ന നടപടിക്രമങ്ങൾ**</u>

961 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ തോലന്നൂർ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന് സ്വന്തമായി പതിനാല് ഏക്കർ ഭൂമി റവന്യൂ വകുപ്പിൽ നിന്നും ഉന്നത വദ്യാഭ്യാസ വകുപ്പിന് കൈമാറുന്ന നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ?

## എൻ.ജി.ഒ. ക്വാർട്ടേഴ്സ് ഫ്ലാറ്റ് നിർമ്മാണം

962 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിന് എൻ.ജി.ഒ. ക്വാർട്ടേഴ്സ് വക സർക്കാർ ഭൂമി വിട്ട് നൽകിയിട്ടുള്ള സാഹചര്യത്തിൽ എൻ.ജി.ഒ. ക്വോർട്ടേഴ്സിലെ താമസക്കാരായിരുന്ന ജീവനക്കാരുടെ പുനരധിവാസത്തിനായി ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തിക്ക് ഭരണാനുമതി നൽകുന്നതിനായി നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കടൽ ക്ഷോഭത്തെ തുടർന്ന് വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം

963 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ ക്ഷോഭത്തെ തുടർന്ന് വീട് നഷ്ടപ്പെട്ട അമ്പലപ്പുഴ മണ്ഡലത്തിലെ ആലപ്പുഴ നഗരസഭയിൽ ഉൾപ്പെട്ടവർക്ക് നഗരസഭ പുനരധിവാസത്തിനായി സ്ഥലം വാങ്ങി നൽകുകയും സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വീടുകൾ നൽകുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2000- ൽ സ്ഥലം ലഭിച്ചവർക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ലാത്തതിനാൽ ബഹു. റവന്യൂ മന്ത്രിക്ക് നൽകിയ അപേക്ഷയിന്മേൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നഗരസഭ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ ഈ സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി പട്ടയ വിതരണം നടത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ?

## ജലപാത പദ്ധതി

964 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലപാത പദ്ധതിയുടെ വികസന നടപടികളുടെ ഭാഗമായി പദ്ധതി പ്രദേശം നവീകരിക്കുമ്പോൾ പ്രസ്തുത പ്രദേശങ്ങളിൽ താമസിച്ചുവരുന്നവരെ പുനരധിവസിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ വർക്കല മണ്ഡലത്തിൽ ഉൾപ്പെടുന്ന എത്ര പേർക്ക് പുനരധിവാസ സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വർക്കല മണ്ഡലത്തിലെ പുനരധിവാസത്തിന് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ആയതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ?

## 2019 ലെ പ്രളയ നഷ്ടപരിഹാരം

965 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ലെ പ്രളയത്തിൽ വെള്ളം കയറിയതിനാൽ വീട് ഒഴിഞ്ഞുപോവേണ്ടി വന്ന

അർഹതപ്പെട്ട ഒട്ടേറെപേർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് താലൂക്കിൽ ഡാറ്റ എൻട്രി ചെയ്യതിൽ വിട്ടുപോയ എത്ര പേർക്കാണ് ഇനിയും ആനുകൂല്യം ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വില്ലേജ് ഓഫീസ് മുഖേന തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ആനുകൂല്യം ലഭ്യമാവാത്തവർക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യുമെന്ന് വിശദമാക്കാമോ?

## ഭവന സമുച്ചയ നിർമ്മാണം

966 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ടൗണിൽ ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ, നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

## ചങ്ങനാശ്ശേരി റവന്യൂ ടവർ

967 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി റവന്യൂ ടവറിന്റെ ശോചനീയവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ, വിശദവിവരം നൽകുമോ?

## ഉൾനാടൻ ജലവാഹനങ്ങൾ

968 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലവാഹനങ്ങളിൽ ഉൾനാടൻ യാന നിയമപ്രകാരമുള്ള പരിശോധനകൾ യഥാസമയം നടക്കുന്നുണ്ടോ; ഇത്തരം ജലവാഹനങ്ങളുടെ പ്രവർത്തന ക്ഷമതയും സുരക്ഷയും ഉറപ്പാക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾ

969 **ശ്രീ എം വിൻസെൻറ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നിർമ്മാണത്തിന്

ആവശ്യമായ പാറയുടെ അഭാവത്തിൽ നിർത്തിവച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പാറ ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള ആസൂത്രണത്തിൽ പാളിച്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുമോ;

(ഡി) 2019 ഡിസംബർ 3-ന് ഒന്നാം ഘട്ടം പൂർത്തികരിക്കേണ്ടതുണ്ടായിരുന്നോ; എങ്കിൽ പദ്ധതി നാളിതുവരെയായി പൂർത്തിയാകാത്ത സാഹചര്യത്തിൽ നിർമ്മാണത്തിന് ആവശ്യമായ പാറ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## സഞ്ചാരത്തിലും ചരക്ക് കടത്തിലും തുറമുഖങ്ങളുടെ സാധ്യത

970 **ശ്രീ എം മുകേഷ്**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻകിടേതര തുറമുഖങ്ങളുടെ സാധ്യത യാത്രക്കാരുടെ സഞ്ചാരത്തിനും ചരക്ക് കടത്തിനും വിനിയോഗിക്കാൻ മാരിടൈം ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) കൊച്ചി കഴിഞ്ഞാൽ ചരക്ക് നീക്കം കൈകാര്യം ചെയ്യുന്നതിലും യാത്രക്കാരുടെ എണ്ണത്തിലും മുന്നിലുള്ള ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) അന്താരാഷ്ട്ര കപ്പൽ ചാലിന്റെയും തലസ്ഥാന നഗരത്തിന്റെയും സാമീപ്യം നൽകുന്ന അവസരം പ്രയോജനപ്പെടുത്താനുതകും വിധം വിഴിഞ്ഞം കാർഗോ തുറമുഖം വികസിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; ക്രൂ ചെയിഞ്ച് അനുമതി ലഭിച്ച സാഹചര്യം തുറമുഖ വികസനത്തിന് പ്രയോജനപ്പെടുത്തുവാൻ സാധ്യമായിട്ടുണ്ടോ എന്നറിയിക്കുമോ?

## അദാനി പോർട്ട്സുമായുള്ള കരാർ

971 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഹാർബർ നിർമ്മാണത്തിനുള്ള പാറ ശേഖരിച്ച് കടൽമാർഗ്ഗം കൊണ്ടുപോകുന്നതിന് മുതലപ്പൊഴി തുറമുഖം ഉപയോഗപ്പെടുത്തുവാൻ അദാനി പോർട്ട്സുമായി കരാറിൽ ഏർപ്പെട്ടിരുന്നോ;

(ബി) എങ്കിൽ കരാറിന്റെ കാലാവധി എന്നുവരെയായിരുന്നുവെന്നും പ്രസ്തുത കരാർ പുതുക്കിയോ എന്നും അറിയിക്കുമോ; ഇല്ലെങ്കിൽ കരാർ പുതുക്കാതെ അദാനി

പോർട്ട്സിന് പ്രവർത്തനങ്ങൾ തുടരാൻ കഴിയുന്നത് എങ്ങനെയെന്ന് അറിയിക്കുമോ;

(സി) പാറകൊണ്ടുപോകാനുള്ള ബാർജുകളുടെ പ്രവേശനത്തിനായി പരിസ്ഥിതി ആഘാത പഠനം നടത്താതെ ബ്രേക്ക് വാട്ടറിന്റെ തെക്ക് ഭാഗത്തുള്ള പുലിമുട്ട് അദാനി കമ്പനി പൊളിച്ച നീക്കിയിട്ടുണ്ടോ; ഇതിന് പ്രസ്തുത കമ്പനിക്ക് അനുമതി നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(ഡി) കരാറിലെ വ്യവസ്ഥകൾ ലംഘിച്ച് നടത്തുന്ന പ്രവർത്തനങ്ങളിലൂടെ മുതലപ്പൊഴി തുറമുഖ പ്രദേശത്ത് ഉടലെടുത്തിരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>തീരദേശ ചരക്ക് കപ്പൽ ഗതാഗതം</u>

972 **ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ വി ജോയി**
**ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് തീരദേശ ചരക്ക് കപ്പൽ ഗതാഗതം ആരംഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന ചരക്ക് കപ്പൽ സർവ്വീസ് പുനരാരംഭിക്കാൻ കഴിഞ്ഞത് സംസ്ഥാനത്തിന്റെ വാണിജ്യ-വ്യവസായ മുന്നേറ്റത്തിന് കരുത്തുപകരാൻ ഇടയാക്കുമെന്ന് കരുതുന്നുണ്ടോ;

(സി) പ്രസ്തുത സർവ്വീസിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തീരദേശ ചരക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ആലപ്പുഴ തുറമുഖ വികസനം</u>

973 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തുറമുഖത്തിന്റെ വികസനത്തിനായി 2020-21 വർഷത്തെ ബഡ്ജറ്റിൽ എത്ര രൂപ അനുവദിച്ചിരുന്നുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ടി വിഷയത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

## <u>കടൽമാർഗ്ഗമുള്ള ചരക്ക് ഗതാഗതം</u>

974 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽമാർഗ്ഗമുള്ള ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യത്തിനായി കപ്പലുകളുടെ സേവനം ഏതെല്ലാം രീതിയിൽ ലഭ്യമാക്കുവാൻ കഴിയുമെന്നാണ് വിലയിരുത്തുന്നത്; വിശദമാക്കുമോ?

## ലക്ഷദ്വീപിലേക്ക് ബേപ്പൂർ തുറമുഖം വഴിയുള്ള ചരക്ക് ഗതാഗതം

975 **ശ്രീ . പി . ഉബൈദുള്ള**
**ശ്രീ എ കെ എം അഷ്‌റഫ്**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷദ്വീപുമായി പതിറ്റാണ്ടുകളുടെ ബന്ധമുള്ള ബേപ്പൂർ തുറമുഖത്തെ ഒഴിവാക്കി ദ്വീപിലേക്കുള്ള ചരക്ക് ഗതാഗതം മംഗളൂരിലേക്ക് മാറ്റാനുള്ള കേന്ദ്രസർക്കാർ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബേപ്പൂർ തുറമുഖത്തെ ചരക്ക് ഗതാഗതത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ കേന്ദ്രസർക്കാർ അറിയിച്ചിരുന്നോ;

(സി) ചരക്ക് നീക്കം ബേപ്പൂരിൽ നിലനിർത്തുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## വടകര മണ്ഡലത്തിലെ തുറമുഖ വകുപ്പിന് കീഴിലെ പ്രവൃത്തികൾ

976 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തുറമുഖവകുപ്പിന് കീഴിൽ വടകര നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുള്ള ആകെ തുക എത്രയെന്ന് അറിയിക്കുമോ;

(സി) വടകര മണ്ഡലത്തിൽ തുറമുഖ വകുപ്പിന് കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) വടകരയിലെ ചോമ്പാൽ ഹാർബറിൽ എന്തൊക്കെ പ്രവൃത്തികളാണ് ഇനി നടപ്പാക്കാനുദ്ദേശിക്കുന്നത്; ഹാർബർ നവീകരണത്തിനും വിപുലീകരണത്തിനും പദ്ധതികളെന്തെങ്കിലും നിലവിലുണ്ടോ;

(ഇ) ചോമ്പാൽ ഹാർബറിൽ നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി എന്തൊക്കെ ആധുനിക സജ്ജീകരണങ്ങളാണ് ഇനി സ്ഥാപിക്കാൻ കഴിയുക എന്ന് അറിയിക്കുമോ?

## അഴീക്കൽ തുറമുഖ നിർമ്മാണം

977 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. ടി.സിദ്ദിഖ്**

**ശ്രീ . സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ് ലിമിറ്റഡിന്റെ കീഴിൽ അഴീക്കലിൽ തുറമുഖം നിർമ്മിക്കുന്നതിനുള്ള ടെക്നോ ഇക്കണോമിക് സാധ്യതാ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ; കൺസൾട്ടൻസി ഫീസ് എത്രയെന്ന് അറിയിക്കുമോ;

(സി) സെസ്/വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനായി പഠനം നടത്തുവാൻ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി നിയോഗിച്ച ഏജൻസി ഏതെന്നും കൺസൾട്ടൻസി ഫീസ് ഇനത്തിൽ നല്കുന്ന തുക എത്രയെന്നും അറിയിക്കുമോ; ഈ പദ്ധതി സംബന്ധിച്ച് പാരിസ്ഥിതിക ആഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് അറിയിക്കുമോ;

(ഡി) മേൽപറഞ്ഞ ഏജൻസികൾക്ക് അതാത് മേഖലയിൽ പഠനം നടത്തുന്നതിനുള്ള അംഗീകാരമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതിയുടെ സമയബന്ധിതമായ പൂർത്തികരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

## <u>സാഗർമാലാ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന തുറമുഖങ്ങൾ</u>

978 **ശ്രീ എം വിൻസെൻറ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഗർമാലാ പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനായി ഏതൊക്കെ തുറമുഖങ്ങളാണ് കേന്ദ്രസർക്കാരിലേക്ക് നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## <u>ജലമാർഗ്ഗേന ചരക്കുഗതാഗതം</u>

979 **ശ്രീ. പി. ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് മുഖാന്തരമുള്ള ചരക്കുഗതാഗതത്തേക്കാൾ ലാഭകരമായ ജലമാർഗ്ഗേനയുള്ള ചരക്കുഗതാഗതത്തിന് വേണ്ടത്ര പ്രാധാന്യം നൽകാത്തതിന്റെ കാരണം അറിയിക്കുമോ; ജലമാർഗ്ഗത്തിലൂടെയുള്ള ചരക്ക് ഗതാഗതം കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## <u>പയ്യന്നൂരിലെ ഗാന്ധി സ്മൃതി മ്യൂസിയം</u>

980 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിലെ ഗാന്ധി സ്മൃതി മ്യൂസിയത്തിന്റെ രണ്ടാം ഘട്ട വികസനത്തിന്റെ

ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഡി.പി.ആർ തയ്യാറാക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

**<u>ആലപ്പുഴ മണ്ഡലത്തിൽ മ്യൂസിയം വകുപ്പ് പദ്ധതികൾ</u>**

981 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ മ്യൂസിയം വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ മ്യൂസിയം വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളെന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

**<u>മ്യൂസിയം വിപുലീകരണ പദ്ധതി</u>**

982 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഈസ്റ്റ് ഹില്ലിലെ കൃഷ്ണമേനോൻ മ്യൂസിയം, പഴശ്ശിരാജ മ്യൂസിയം എന്നിവ വിപുലീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>ചാലക്കുടി ട്രാംവേ റെയിൽ പൈതൃക മ്യൂസിയം</u>**

983 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) മ്യൂസിയം നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കുടിയേറ്റ മ്യൂസിയം</u>**

984 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ചെമ്പന്തൊട്ടിയിൽ പ്രവർത്തി ഉദ്ഘാടനം നിർവ്വഹിച്ച ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കുടിയേറ്റ മ്യൂസിയത്തിന്റെ ഒന്നാംഘട്ട പ്രവർത്തി പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്ന് പൂർത്തികരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്?

**<u>ചേറ്റുവ കോട്ടയുടെ സംരക്ഷണം</u>**

985 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം,

പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചേറ്റുവ കോട്ടയുടെ സംരക്ഷണത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ടൂറിസം വകുപ്പുമായി യോജിച്ച് വിനോദ സഞ്ചാരികൾക്ക് കോട്ടയുടെ സൗന്ദര്യം ആസ്വദിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം

എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].